# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/195/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/03/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസ്)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/195/24 തീയ്യതി: 06/03/2024

## മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2023 മുതൽ 26-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ. പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ആലസ്സൻ കുട്ടി. യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

ശ്രീ. മൊയ്തീൻ ഫാസിൽ. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. എ. ഉസ്മാൻ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. സാനന്ദ സിംഗ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിപിൻ. എൻ. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവൻ. കെ. വി. | പ്രോജക്ട് ഓഫീസർ (യു.പി.എ.സി) | 01-04-2022 | 31-03-2023 |
| ശ്രീ. ബൈജു. കെ. | ഹെൽത്ത് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റജീന. ഒ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ്. എം. ആർ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുമയ്യ പട്ടശ്ശേരി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മുരളി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. പി. എസ്. ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി. ഗ്രേസി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 31-12-2022 |
| ശ്രീമതി. ബിസ്ന. വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ഡോ. സുജാത. കെ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-05-2022 |
| ഡോ. വാസുദേവൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-06-2022 | 31-03-2023 |
| ഡോ. റസീന. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. റിയ മുഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-2 |
| 4 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-3 |
| 5 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | നിക്ഷേപങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ പൂർത്തിയാക്കിയില്ല. | 1-1-8 |
| 10 | ഡി.സി.ബി രജിസ്റ്ററുകൾക്ക് സംഗ്രഹം തയ്യാറാക്കിയില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 14 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനത് ഫണ്ട് വരുമാനം - അവലോകനം | 1-11 |
| 22 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 23 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. | 1-13 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-14 |
| 25 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു. | 1-15 |
| 26 | ഫിഷ് മാർക്കറ്റിൽ നിന്ന് ഭീമമായ തുക വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 27 | വാടക പിരിവിലെ അപാകത. | 1-17 |
| 28 | കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി. | 1-18 |
| 29 | ലേല തുക ഈടാക്കാൻ അവശേഷിക്കുന്നു | 1-19 |
| 30 | വസ്തുനികുതി പിരിവിൽ അപാകത. | 1-20 |
| 31 | നികുതി നികുതിയേതര ഇനങ്ങളിൽ ഭീമമായ തുകകൾ ഈടാക്കാൻ അവശേഷിക്കുന്നു. | 1-21 |
| 32 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിൽ അപാകത. | 1-22 |
| 33 | ആർട്ട്കോയിൽ നിന്ന് അനുമതിയില്ലാത്ത ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങി. | 1-23 |
| 34 | കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾക്ക് AMC – ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയില്ല | 1-24 |
| 35 | എൽ.ഇ.ഡി തെരുവു വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ | 1-25 |
| 36 | ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ | 1-26 |
| 37 | ജലനിധി പദ്ധതി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-27 |
| 38 | തണ്ടാണിപ്പുഴ, കൽപ്പുഴ, കുണ്ടംപാടംതോട് സംരക്ഷണം പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-28 |
| 39 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും - പൂർത്തീകരണ | 1-29 |

| | | |
|---|---|---|
| | വിവരം ലഭ്യമാക്കിയില്ല | |
| 40 | പൗരാവകാശ രേഖ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-30 |
| 41 | വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം - അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല | 1-31 |
| 42 | കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-32 |
| 43 | ആസ്തി രജിസ്റ്ററിൽ കാലികമാക്കുന്നില്ല. | 1-33 |
| 44 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി തുക നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-34 |
| 45 | വാർഡ് തല ശുചിത്വം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 46 | വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-36 |
| 47 | KMSCLൽ നിന്നും 1,86,044/- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-37 |
| 48 | 2,29,667/- രൂപയുള്ള ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-38 |
| 49 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - GeM പോർട്ടൽ ഉപയോഗപ്പെടുത്തിയില്ല. | 1-39 |
| 50 | പെറ്റ് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ - സ്റ്റോർ പർച്ചേയ്സ് നിയമം പാലിച്ചില്ല - ₹16,900/- അധികചെലവ്. | 1-40 |
| 51 | റിംഗ് കംമ്പോസ്റ്റ് വ്യക്തിഗതം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-41 |
| 52 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-42 |
| 53 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ | 1-43 |
| 54 | സ്ഥിരം കൃഷിക്ക് ആനുകൂല്യം (ജനറൽ) - കർഷകർ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. | 1-44 |
| 55 | സ്ഥിരം കൃഷിക്ക് ആനുകൂല്യം (എസ്.സി) - കർഷകർ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. | 1-45 |
| 56 | ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തില്ല - ₹92,165/- ലാപ്സായി. | 1-46 |
| 57 | ഞങ്ങളും കൃഷിയിലേക്ക് - അംഗനവാടികളിൽ പോഷക തോട്ടം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു. | 1-47 |
| 58 | സുഭിക്ഷ കേരളം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-48 |
| 59 | സുഭിക്ഷ കേരളം പച്ചക്കറി തൈ വിതരണം - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-49 |
| 60 | സുഭിക്ഷ കേരളം ബയോഫ്ലോക്ക് - തദ്ദേശഭരണ സ്ഥാപന വിഹിതം അധികം നൽകി. | 1-50 |
| 61 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. | 1-51 |
| 62 | PMAY - ലൈഫ് ഭവന പദ്ധതി നഗരസഭാ വിഹിതം (ജനറൽ) - നിർവ്വഹണത്തിലെ അപാകതകൾ. | 1-52 |
| 63 | വീട് വാസയോഗ്യമാക്കൽ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. | 1-53 |
| 64 | പാൽ സബ്സിഡി നൽകൽ (സ്പിൽ ഓവർ) - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-54 |
| 65 | ഫോം വർക്ക് (സെൻടിംഗ് & ഷട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു - കരാറുകാരന് അധികം നൽകിയത് 49,852/- രൂപ | 1-55 |
| 66 | ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം പ്രവൃത്തികളിൽ അധികചെലവ് 40,319/- രൂപ | 1-56 |
| 67 | വെള്ളക്കെട്ട് ഒഴിവാക്കൽ (Ward 36) - കരാറുകാരന് അധികം നൽകിയത് 11,892/- രൂപ. | 1-57 |
| 68 | ടൗൺ GLPS അറ്റകുറ്റപ്പണി - കരാറുകാരന് അധികം നൽകിയത് 9,545/- രൂപ. | 1-58 |
| 69 | ടൗൺ GLPS ടോയ്ലറ്റ് അറ്റകുറ്റണി - കരാറുകാരന് അധികം നൽകിയത് 3,497/- രൂപ. | 1-59 |
| 70 | ചിറമംഗലം അംഗൻവാടി മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി നൽകിയില്ല - നഷ്ടം 13,099/- രൂപ. | 1-60 |

| | | |
|---|---|---|
| 71 | ഫിഷറീസ് കോളനി കിഴക്കവശം ഡ്രൈനേജ് നിർമ്മാണം - GST ഇനത്തിൽ അധിക ചെലവ് 17,744/- രൂപ. | 1-61 |
| 72 | മരാമത്ത് പ്രവൃത്തി - ഫൈൻ ഈടാക്കിയതിൽ കുറവ് - നഷ്ടം 2,982/- രൂപ | 1-62 |
| 73 | റാൻഡം റബിൾ (RR) മേസൺറി - പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | 1-63 |
| 74 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-64 |
| 75 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല. | 1-65 |
| 76 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം - സർക്കാറിലേക്ക് തിരിച്ചടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-66 |
| 77 | വാഹന പരിപാലനം | 1-67 |
| 78 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല - ഡെപ്പോസിറ്റ് റീഫണ്ട് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. | 1-68 |
| 79 | സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല | 1-69 |
| 80 | പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല. | 1-70 |
| 81 | ഫെസ്റ്റിവൽ അഡ്വാൻസ് - ക്രമീകരിച്ചിട്ടില്ല. | 1-71 |
| 82 | മുനിസിപ്പൽ സെക്രട്ടറിക്ക വീട്ടു വാടക നൽകി, HRA ക്രമീകരിച്ചില്ല | 1-72 |
| 83 | വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ വിവരത്തിൽ കൃത്യതയില്ലാതെ. | 1-73 |
| 84 | സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ തുക അധികം നൽകി. | 1-74 |
| 85 | അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-75 |
| 86 | ക്വട്ടേഷൻ കൂടാതെ പർച്ചേയ്സ് ചെയ്തു. | 1-76 |
| 87 | GeM ൽ നിന്ന് ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്തില്ല | 1-77 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഫോം വർക്ക് (സെൻ്ററിംഗ് & ഷട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു - കരാറുകാരന് അധികം നൽകിയത് 49,852/- രൂപ | 3-1 |
| 2 | ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം പ്രവൃത്തികളിൽ അധികചെലവ് 40,319/- രൂപ | 3-2 |
| 3 | വെള്ളക്കെട്ട് ഒഴിവാക്കൽ (Ward 36) - കരാറുകാരന് അധികം നൽകിയത് 11,892/- രൂപ. | 3-3 |
| 4 | ടൗൺ GLPS അറ്റകുറ്റപ്പണി - കരാറുകാരന് അധികം നൽകിയത് 9,545/- രൂപ. | 3-4 |
| 5 | ചിറമംഗലം അംഗൻവാടി മെയിന്റനൻസ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി നൽകിയില്ല - നഷ്ടം 13,099/- രൂപ. | 3-5 |
| 6 | ഞങ്ങളും കൃഷിയിലേക്ക് - അംഗനവാടികളിൽ പോഷക തോട്ടം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു. | 3-6 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.07.2023 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**തീയതി : 06-03-2024** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. നഗരസഭയുടെ പേരിലുള്ള "PSCB Dhurithaswasanidhi 8214" എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണ്.

| ക്രമ നം | ചെക്ക് നം/തീയ്യതി | തുക (₹) |
|---|---|---|
| 1 | 438331/17.05.2022 | 2,000 |

| | | |
|---|---|---|
| 2 | 438309/17.05.2022 | 2,500 |
| 3 | 438315/17.05.2022 | 2,500 |
| 4 | 438322/17.05.2022 | 2,000 |
| 5 | 438340/17.05.2022 | 2,000 |
| 6 | 438316/17.05.2022 | 2,500 |
| 7 | 438323/17.05.2022 | 2,000 |
| 8 | 450023/17.05.2022 | 1,500 |
| 9 | 438325/17.05.2022 | 2,000 |
| 10 | 438327/17.05.2022 | 2,000 |
| 11 | 438320/17.05.2022 | 2,500 |
| | ആകെ | **23,500** |

### 1-1-3 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

നഗരസഭയുടെ പേരിലുള്ള "CANARA BANK AUEGS 3008" എന്ന ബാങ്ക് അക്കൗണ്ടിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകകളായി അവശേഷിക്കുന്നു.

| ക്രമ നം | ക്രെഡിറ്റ് ആയ തീയ്യതി | തുക (₹) |
|---|---|---|
| 1 | 18.04.2019 | 234 |
| 2 | 18.04.2019 | 26 |
| 3 | 18.04.2019 | 13 |
| 4 | 30.08.2019 | 276 |
| 5 | 04.04.2019 | 7,588 |
| 6 | 02.03.2020 | 7,588 |
| 7 | 18.04.2019 | 208 |
| 8 | 17.02.2022 | 592 |
| | ആകെ | **16,525** |

### 1-1-4 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

നഗരസഭയുടെ പേരിലുള്ള "SOUTH INDIAN BANK POS MACHINE 11988" എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്ക് നിക്ഷേപിച്ചെങ്കിലും സാധാരണ സമയപരിധിക്കകം ക്ലിയർ ആയിട്ടില്ല.

| രസീത് നം/തീയ്യതി | ചെക്ക് നം/തീയ്യതി | തുക (₹) |
|---|---|---|
| 120020400030/12.03.2021 | 187970/04.03.2021 | 6,250 |

### 1-1-5 നിക്ഷേപങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം "420400100 - Investments - Preference Shares" എന്ന ശീർഷകത്തിൽ 37,000/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ഈ വിവരം ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-6 തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) ക്യാഷ്ബുക്ക് പ്രകാരം തൻവർഷത്തെ ആകെ ചെലവ് തുക 1,31,10,813/- രൂപയാണ്. ഇത് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14 പ്രകാരമുള്ള ചെലവ് തുക 1,29,99,813/- രൂപയുമായി പൊരുത്തപ്പെടുന്നില്ല. 1,11,000/- രൂപയുടെ വ്യത്യാസം.

### 1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-8 രജിസ്റ്ററുകൾ പൂർത്തിയാക്കിയില്ല.

1. അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്ററിൽ, വർഷാരംഭത്തിൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുകയോ സംഗ്രഹം തയാറാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

2. ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-9 ഡി.സി.ബി രജിസ്റ്ററുകൾക്ക് സംഗ്രഹം തയ്യാറാക്കിയില്ല.

താഴെപ്പറയുന്ന ഡി.സി.ബി രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ പ്രസ്തുത ഇനങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

I. തൊഴിൽ നികുതി

Ii. വസ്തുനികുതി (സഞ്ചയ)

Iii. വാടക

Iv. FTEAOS ലൈസൻസ്

V. സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

Vi. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

Vii. കെട്ടിട നിർമ്മാണ പെർമിറ്റ്/റഗുലറൈസേഷൻ

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/26.03.2022 | 1(1)/21.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 5,32,38,622 |
| വരവ് | 27,69,66,431 |
| ആകെ | 33,02,05,053 |
| ചെലവ് | 28,86,08,838 |
| നീക്കിയിരിപ്പ് | 4,15,96,215 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 6,32,82,307 | 6,32,82,307 | 5,97,32,109 | 35,50,198 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1,66,59,643 | 1,66,59,643 | 91,98,376 | 74,61,267 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 37,56,700 | 37,56,700 | 12,00,508 | 25,56,192 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 58,31,000 | 58,31,000 | 86,74,861 | -28,43,861 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,24,62,541 | 1,24,62,541 | 1,79,45,745 | -54,83,204 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 1,88,58,703 | 1,88,58,703 | 1,86,44,807 | 2,13,896 |

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

താഴെപ്പറയുന്ന ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6 + B-3) |
| 1 | വികസന ഫണ്ട് - ജനറൽ | 6,76,62,616 | 5,97,32,109 | 6,77,26,276 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 90,30,376 | 91,98,376 | 90,30,376 |
| 3 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 11,45,000 | 12,00,508 | 10,70,000 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1,84,77,456 | 1,79,45,745 | 1,84,77,456 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 1,76,51,983 | 1,86,44,807 | 1,76,51,983 |

വ്യത്യാസങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/23.01.2024 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് തുകകളിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 446 | 29,60,76,232 | 248 | 15,44,94,301 | 61 | 198 | 41.9% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,17,722 | 1,30,15,075 | 1,31,32,797 | 7,12,243 | 21,984 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | 1,23,98,570 | |
| **ആകെ** | **1,17,722** | **1,30,15,075** | **1,31,32,797** | **1,31,10,813** | **21,984** |

കുറിപ്പ് :- തൊഴിലുറപ്പ് പദ്ധതി സെക്ഷനിലെ ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-6 കാണുക).

## 1-7 ക്ഷേമപദ്ധതികൾ

2022-23 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 23,40,300 | 212 |
| വിധവാപെൻഷൻ | 2,80,06,800 | 2706 |
| വാർദ്ധക്യകാലപെൻഷൻ | 4,73,38,700 | 4556 |
| വികലാംഗപെൻഷൻ | 96,86,900 | 884 |
| വിവാഹ ധനസഹായം | 5,40,000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,45,800 | 157 |
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2024 ന് 11:30 AM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,695/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മിക്ക ഖണ്ഡികകളിലും രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുന്നതിലുണ്ടായ വീഴ്ച പരാമർശിച്ചിട്ടുണ്ട്.
2. 26.12.2023 തീയ്യതിയ്ക്ക് ശേഷം കാഷ്ബുക്ക് പ്രതിദിനം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. വെറ്ററിനറി സർജ്ജൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. PMAY ഭവന പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ ഇത്തരം കാര്യങ്ങൾ വ്യക്തിഗത ഫയലിലാണ് സൂക്ഷിച്ചിരിക്കുന്നത്. വ്യക്തിഗത ഫയലുകൾ തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതിലും അധികം ആനുകൂല്യം നൽകിയിട്ടുണ്ടാവാൻ സാധ്യത ഉണ്ട്.
5. ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
6. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ നഗരസഭക്ക് അറിവില്ല. (പ്രത്യേക ഖണ്ഡികകൾ പരാമർശിച്ചത് കാണുക)
7. സാമൂഹ്യ സുരക്ഷാ പെൻഷണർമാർ മരണപ്പെട്ടതിന് ശേഷം സമയബന്ധിതമായി പെൻഷൻ സസ്പെൻറ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ പെൻഷൻ അധികം തുക നൽകിയിട്ടുണ്ട്.
8. വെള്ളക്കരമിനത്തിൽ നഗരസഭക്ക് ഭീമമായ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. നഗരസഭാ പരിധിയിൽ നിലവിൽ ഉപയോഗയോഗ്യമായിട്ടുള്ള പൊതുടാപ്പുകളുടെ വിവരം സംയുക്ത പരിശോധന വഴി ഉറപ്പു വരുത്തിയിട്ടില്ല.
9. ജി.ഒ.(പി) നം.7/2019/എസ്.പി.ഡി. തീയതി 26.04.2019 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങൾ "ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ" (GeM) പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.
10. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ഇനത്തിലെ വാർഷിക വരവിനം ചെലവിനം കൃത്യമായ രേഖകൾ ഇല്ല.
11. വസ്തു നികുതി കുടിശ്ശിക ഇനത്തിലും തൻവർഷത്തെ ഡിമാന്റ് ഇനത്തിലും ഭീമമായ തുകകൾ ഈടാക്കാൻ ബാക്കിയുണ്ട്. കുടിശ്ശിക വരവുകൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
12. നഗരസഭയിലെ തണ്ടാണിപ്പുഴ, കൽപ്പുഴ, കുണ്ടംപാടംതോട് എന്നിവ അതിർത്തികെട്ടി സംരക്ഷിക്കുന്നതിനായി 50,59,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2019 മുതൽ 26.10.2019 വരെ | 2018-19, 2019-20 ഫസ്റ്റ് ഹാഫ് | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2018 മുതൽ 20.12.2018 വരെ | 2016-17 മുതൽ 2017-18 വരെ | 02.02.2019 |

## 1-11 തനത് ഫണ്ട് വരുമാനം - അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരവും ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് പരപ്പനങ്ങാടി നഗരസഭയിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ.(കൈ)നം.117/2022/എൽ.എസ്.ജി.ഡി, തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാരും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി

വിലയിരുത്തിയതായോ മീറ്റിംഗ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും നഗരസഭയ്ക്ക് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**വസ്തു നികുതി**

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി, തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരപ്പനങ്ങാടി നഗരസഭ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 14.11.2023 ലെ 1(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും R1/16771/2022 തിയ്യതി 15.11.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 16.11.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യം, ടർഫുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. നഗരസഭ പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 14.11.2023 ലെ 1(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

4. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി 05.12.2023ന് ഇന്റർവ്യൂ നടത്താൻ പത്ര പരസ്യം കൊടുത്തെങ്കിലും ആരും പങ്കെടുത്തില്ല.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 1227 ഓളം ഫോം-9B അപേക്ഷകൾ നഗരസഭയിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും, ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ ഫോം-9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭയിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**തൊഴിൽ നികുതി**

നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനി/വ്യക്തി ഒരു റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി

തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. മുനിസിപ്പാലിറ്റി പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് മുനിസിപ്പാലിറ്റിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി.എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 / ത.സ്വ.ഭ.വ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും നഗരസഭയിൽ മുഴുവൻ റേഷൻകടക്കാരിൽ നിന്നും ആയത് ഈടാക്കുന്നില്ല.

3. നഗരസഭയുടെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ കുറെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. (വിശദ വിവരം ഖണ്ഡിക 1-13, 1-14 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

**പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ**

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 311 മുതൽ 314 എ വരെ നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പരപ്പനങ്ങാടി നഗരസഭ പരിധിയിൽ നിരവധി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നുണ്ട്. (വിശദ വിവരം ഖണ്ഡിക 1-15 ൽ ൽ പ്രതിപാദിച്ചിട്ടുണ്ട്).

**വാടക**

പരപ്പനങ്ങാടി നഗരസഭയുടെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ 5,20,723/- രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 6,19,238/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. (വിശദ വിവരം ഖണ്ഡിക 1-17 ൽ പ്രതിപാദിച്ചിട്ടുണ്ട്).

**ഫിഷ് മാർക്കറ്റ്**

പരപ്പനങ്ങാടി നഗരസഭയുടെ ഫിഷ് മാർക്കറ്റുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ 8,65,997/- രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. (വിശദ വിവരം ഖണ്ഡിക 1-16 ൽ പ്രതിപാദിച്ചിട്ടുണ്ട്).

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഡെപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുകകളിൽ (മേൽ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ/സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ (1) | സാമ്പത്തിക വർഷം (2) | പ്രോജക്റ്റ് നമ്പർ (3) | പ്രോജക്റ്റ് (4) | ഏജൻസി (5) | മുൻകൂർ നൽകിയ തുക (6) | ഫണ്ട് ഇനം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 01 | 2013-14 | 170/14 | വിവിധ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,50,000 | Development Fund (General) - 150000 | 1,50,000 |
| 02 | | 241/14 | പഞ്ചായത്ത് ഓഫീസ് വയറിംഗ് | കേരളാ | 94,543 | Own Fund - | 94,543 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പ്രവർത്തി | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | | 94543 | |
| 03 | | 302/14 | ഇലക്ട്രിക്കൽ പോസ്റ്റ് ആൻഡ് ലൈൻ ഷിഫ്റ്റിംഗ് | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 93,630 | Development Fund (General) - 93630 | 93,630 |
| 04 | | 304/14 | സമ്പൂർണ വൈദ്യുതീകരണം | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2,61,717 | Development Fund (General) - 56000 , Own Fund - 205717 | 2,61,717 |
| 05 | | 305/14 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2,33,426 | Development Fund (CFC Basic Grant) - 233426 | 2,33,426 |
| 06 | | 308/14 | അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 29,000 | Maintenance Fund - Non-Road Assets - 29000 | 29,000 |
| 07 | | 317/14 | മാപ്പൂട്ടിൽ ഈർച്ച മൈതാനം ഏരിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ്സ് | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,10,000 | Development Fund (General) - 110000 | 1,10,000 |
| 08 | 2014-15 | 38/15 | കെഡബ്ള്യൂഎ ലൈൻ എക്സ്റ്റൻഷനും ടാപ്പ് സ്ഥാപിക്കലും | കേരളാ വാട്ടർ അതോറിറ്റി | 2,00,000 | Development Fund (General) - 200000 | 2,00,000 |
| 09 | | 42/15 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,67,550 | Development Fund (CFC Basic Grant) - 267550 , Development Fund (General) - 200000 | 4,67,550 |
| 10 | | 297/15 | നഗരയിൽ കറി കോളനി പൈപ്പ് ലൈൻ | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | Development Fund (S.C.P) - 150000 | 1,50,000 |
| 11 | 2015-16 | 30/16 | കെ.ഡബ്ല്യൂ.എ ലൈൻ എക്സ്റ്റൻഷനും കുടിവെള്ള പദ്ധതികളുടെ നവീകരണവും | കേരളാ വാട്ടർ അതോറിറ്റി | 5,34,000 | Development Fund (General) - 500000 , Own Fund - 34000 | 5,34,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | | 31/16 | കീഴ്ചിറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരളാ വാട്ടർ അതോറിറ്റി | 3,00,000 | Development Fund (General) - 300000 | 3,00,000 |
| 13 | | 33/16 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,91,133 | Development Fund (General) - 491133 | 4,91,133 |
| 14 | | 226/16 | സമ്പൂർണ്ണ വൈദ്യുതീകരണം | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 46,721 | Development Fund (General) - 46721 | 46,721 |
| 15 | 2016-17 | 230/17 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,86,736 | Development Fund (CFC Basic Grant) - 86736 , Development Fund (General) - 600000 | 6,86,736 |
| 16 | | 304/17 | കൊടപ്പാളി ഭാഗത്തെ വാട്ടർ പൈപ്പ് ലൈൻ നീട്ടൽ | കേരളാ വാട്ടർ അതോറിറ്റി | 1,75,000 | Development Fund (CFC Basic Grant ) - 175000 | 1,75,000 |
| 17 | | 103/18 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,11,802 | Development Fund (CFC Basic Grant) - 111802 | 1,11,802 |
| 18 | 2017-18 | 223/18 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 3,78,940 | Development Fund (CFC Basic Grant) - 378940 | 3,78,940 |
| 19 | | 224/18 | കുടിവെള്ള പൈപ്പ് നീട്ടി സ്ഥാപിക്കലും കണക്ഷൻ നൽകലും പദ്ധതി നവീകരണവും | കേരളാ വാട്ടർ അതോറിറ്റി | 1,14,000 | Development Fund (CFC Basic Grant) - 114000 | 1,14,000 |
| 20 | | 73/19 | കൊടപ്പാളി കുടിവെള്ള പൈപ്പ് ലൈൻ വാർഡ് 4 | കേരളാ വാട്ടർ അതോറിറ്റി | 1,00,000 | Development Fund (CFC Basic Grant) - 100000 | 1,00,000 |
| 21 | 2018-19 | 285/19 | നഗരസഭയിൽ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ വലിക്കലും പോസ്റ്റ് മാറ്റലും- സെക്കൻഡ് ഫേസ് | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,44,651 | Development Fund (CFC Basic Grant) - 144651 | 1,44,651 |
| 22 | | 310/19 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,19,914 | Development Fund (CFC Basic Grant) - 119914 | 1,19,914 |
| 23 | | 469/19 | കുടിവെള്ള പൈപ്പ് നീട്ടി | കേരളാ | 86,000 | Development | 86,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്ഥാപിക്കലും കണക്ഷൻ നൽകലും പദ്ധതി നവീകരണവും | വാട്ടർ അതോറിറ്റി | | Fund (CFC Basic Grant) - 86000 | |
| 24 | 2020-21 | 182/21 | കൈനാട്ടിൽ റോഡ് പൈപ്പ്ലൈൻ വലിക്കൽ ( കെഡബ്ല്യൂഎ) | കേരളാ വാട്ടർ അതോറിറ്റി | 50,000 | Development Fund (CFC Tied Grant) - 50000 | 50,000 |
| 25 | | 187/21 | ആലൻ ഡ്രായി റോഡിൽ പൈപ്പ്ലൈൻ വലിക്കൽ (കെഡബ്ല്യൂഎ) | കേരളാ വാട്ടർ അതോറിറ്റി | 50,000 | Development Fund (CFC Tied Grant) - 50000 | 50,000 |
| 26 | | 217/21 | നഗരസഭയിലെ വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,54,286 | Own Fund - 154286 | 1,54,286 |
| 27 | | 253/21 | വാർഡ് 37 - എസ്എൻഎംഎച്ച്എസ്എസ് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (കെഡബ്ല്യൂഎ) - അധിക തുക വകയിരുത്തൽ | കേരളാ വാട്ടർ അതോറിറ്റി | 1,80,000 | Own Fund - 180000 | 1,80,000 |
| 28 | | 295/21 | എസ്.എൻ.എം.എച്ച്.എസ്.എസ് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (കെ.ഡബ്ല്യൂ.എ) | കേരളാ വാട്ടർ അതോറിറ്റി | 20,000 | Own Fund - 20000 | 20,000 |
| 29 | | 296/21 | ജിം റോഡ് കുടിവെള്ള കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (കെ.ഡബ്ല്യൂ.എ) | കേരളാ വാട്ടർ അതോറിറ്റി | 3,20,000 | Own Fund - 320000 | 3,20,000 |
| 30 | | 313/21 | സലഫി നഗർ പള്ളിത്താഴം പൈപ്പ്ലൈൻ വലിക്കൽ | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | Development Fund (CFC Tied Grant) - 150000 | 1,50,000 |
| 31 | | 315/21 | റഹ്മത്ത് നഗർ ബാഫഖി നഗർ കുടിവെള്ള പൈപ്പ്ലൈൻ കണക്ഷൻ ദീർഘിപ്പിക്കൽ | കേരളാ വാട്ടർ അതോറിറ്റി | 3,30,000 | Own Fund - 330000 | 3,30,000 |
| 32 | | 510/21 | വാർഡ് 29 - കെ ടി നഗർ വെസ്റ്റ് റോഡ് പൈപ്പ് ലൈൻ (കെഡബ്ല്യൂഎ) | കേരളാ വാട്ടർ അതോറിറ്റി | 1,00,000 | Development Fund (CFC Tied Grant) - 100000 | 1,00,000 |
| 33 | | 538/21 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും | കേരളാ വാട്ടർ അതോറിറ്റി | 3,45,530 | Development Fund (CFC Tied Grant) - 345530 | 3,45,530 |
| 34 | 2021-22 | 56/22 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | Development Fund (CFC Basic Grant) - 150000 | 1,50,000 |
| 35 | | 233/22 | നഗരസഭയിലെ വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും ത്രീഫേസ് | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,95,116 | Development Fund (CFC Basic Grant) - 695116 | 6,95,116 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ലൈൻ വലിക്കലും | | | | |
| 36 | | 234/22 | സ്ട്രീറ്റ് ലൈറ്റുകൾക്ക് ലൈൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,18,475 | Development Fund (CFC Basic Grant) - 118475 | 1,18,475 |
| 37 | | 267/22 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും | കേരളാ വാട്ടർ അതോറിറ്റി | 3,54,470 | Own Fund - 354470 | 3,54,470 |
| 38 | | 511/22 | വിവിധ തോടുകളും കുളങ്ങളും അരിക് കെട്ടി സംരക്ഷിക്കൽ | ജലസേചന വകുപ്പ് | 80,00,000 | Development Fund (CFC Tied Grant) - 8000000 | 80,00,000 |
| 39 | | 518/22 | വിവിധ എസ്സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2,35,621 | Development Fund (S.C.P) - 235621 | 2,35,621 |
| | **ആകെ** | | | | **1,63,32,261** | | **1,63,32,261** |

(ക്രമ നമ്പർ 30 മുതൽ 39 വരെയുള്ളത് ഗ്രാമപഞ്ചായത്ത് ആയ സമയത്തെ ഡെപ്പോസിറ്റ് വർക്കുകളാണ്)

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1/2022-23 തീയതി. 15.01.2024) മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് നഗരസഭയുടെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടുകൾ അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

നഗരസഭയുടെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| വാർഡ് | രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപന ഉടമ | സ്ഥാപനം |
|---|---|---|---|
| 2 | 9 | ബാബു | ഹോട്ടൽ |
| 2 | 10 | പ്രസാദ് | ആർട്സ് വർക്സ് |
| 2 | 22 | അശ്വന്തൻ | ഫർണിച്ചർ |
| 3 | 1 | ഡോ.വിജയൻ | സ്കാൻ സെന്റർ |
| 3 | 4 | നാസർ | മുബാറക് ഏജൻസീസ് |
| 3 | 9 | സുരേഷ് ബാബു | ഹോട്ടൽ |
| 4 | 7 | ശിവദാസൻ | ഷിജി ടെക്സ്റ്റൈൽസ് |
| 4 | 17 | വി.മുഹമ്മദ് | വി.എം സ്റ്റേഷനറി |
| 4 | 30 | ഷാലിനി | സ്പാ |
| 5 | 6 | സാബിത് | കൂൾബാർ |
| 5 | 7 | മുർഷിദ് | സൂപ്പർ മാർക്കറ്റ് |
| 5 | 19 | യാസർ ഹുസൈൻ | 5 C മാർട്ട് |
| 6 | 1 | ശുഹൈബ് | ഇൻഡസ്ട്രി |
| 6 | 3 | ജിഷാദ് | ടീ പോയിന്റ് |
| 6 | 11 | അജ്മൽ | ചിക്കൻ സ്റ്റാൾ |
| 7 | 1 | അജയ് കുമാർ.എൻ.പി | വിജയ് പാക്കേജ് |
| 7 | 3 | കെ.കെ.സുധാകരൻ | ഫ്ലോർ മിൽ |
| 7 | 7 | കോയ | പന്തൽ വർക്സ് |

| | | | |
|---|---|---|---|
| 9 | 7 | ഇബ്രാഹീം | പി.എസ്.സ്റ്റോർ |
| 9 | 11 | നാസർ | സലൂൺ |
| 9 | 14 | അഹമ്മദ് മാളിയേക്കൽ | വുഡ് ഇൻഡസ്ട്രി |
| 10 | 2 | മുഹമ്മദ് മുസ്തഫ | റിഫ്ന സ്റ്റോർ |
| 10 | 4 | ആദിൽ | ഫാബ്രിക്കേഷൻ |
| 10 | 6 | ഹുസൈൻ | പല ചരക്ക് കട |
| 11 | 2 | അബ്ദു സലാം | ട്രേഡേഴ്സ് |
| 11 | 6 | സനീഫ് | ക്ലിനിക് |
| 11 | 7 | അബ്ദുള്ള കോയ തങ്ങൾ | പെയ്ന്റിംഗ് ഷോപ്പ് |
| 12 | 6 | അമാനുള്ള | ടയർ ഷോപ്പ് |
| 12 | 8 | മൊയ്തീൻ | ചിക്കൻ സ്റ്റാൾ |
| 12 | 10 | പി.സുമതി | റേഷൻ കട |
| 13 | 6 | രമേശൻ | അൽ മദീന |
| 13 | 8 | സിദ്ധാനന്ദൻ | സേവന കേന്ദ്ര |
| 13 | 10 | അബ്ദുൽ നാസർ | മെറ്റൽസ് |
| 14 | 6 | ഹംസ | സലൂൺ |
| 14 | 7 | ഇബ്രാഹീം | കാലിക്കറ്റ് ബ്രിക്സ് |
| 14 | 18 | സി.കെ.രാജാസ് | ഫാൻസി |
| 15 | 2 | മുഹമ്മദ് കുട്ടി | പെറ്റി ഫുഡ് |
| 15 | 4 | സൈജർ | സ്റ്റോർ |
| 15 | 11 | മുഹമ്മദ് റഫീക്ക് | ഫ്രൂട്ട്സ് |
| 16 | 1 | നൗഫൽ | മെറ്റൽ ഇൻഡസ്ട്രി |
| 16 | 3 | റഫീക്ക് | ഹേയർ സലൂൺ |
| 16 | 7 | ഷഫീക്ക് | പെയിന്റ് ഗാലറി |
| 17 | 6 | മുസ്തഫ പി.വി | കൂൾബാർ |
| 17 | 9 | അബ്ബാസ് | ബർഗർ കോർണർ |
| 17 | 11 | പുരുഷോത്തമൻ | ഫുഡ് വർക്സ് |
| 18 | 1 | ഷൈജു | മാസ് മോട്ടോഴ്സ് |
| 18 | 4 | ഉമ്മർകോയ | കൂൾബാർ |
| 18 | 6 | മജീദ് | സലൂൺ |
| 19 | 6 | പി.വി ഗരീബ് നവാസ് | ഫാർമസി |
| 19 | 12 | ബാബു | ഓർഗ ഇലക്ട്രിക്കൽസ് |
| 19 | 16 | ഉമ്മർ | റൈഡേഴ്സ് ക്ലബ് |
| 20 | 1 | മുഹമ്മദ് ജാസിം | സലൂൺ |
| 20 | 4 | ബുഷൈർ | മെഡിക്കൽസ് |
| 20 | 9 | ഉനൈസ്.വി.പി | ഫ്രൂട്ട്സ് |
| 21 | 8 | ഫൈസൽ | സലൂൺ |
| 21 | 12 | ഹക്കീം | കെ.എസ്.കാലിത്തീറ്റ |
| 21 | 14 | ഫഹദ് | കെ.ടി.ടൈലറിംഗ് |
| 23 | 7 | അൻവർ | റെന്റൽ സ്റ്റോർ |
| 23 | 9 | ഉണ്ണികൃഷ്ണൻ | ടെക്സ്റ്റൈൽസ് |
| 23 | 14 | മുഹമ്മദ് റാഫി | മൊബൈൽ ഷോപ്പ് |
| 24 | 3 | ഉമേഷ് | വുഡ് വർക്സ് |
| 24 | 5 | അഹമ്മദ് കോയ | മലബാർ ഹോട്ടൽ |
| 24 | 11 | സൈമൺ | ടെക്സ്റ്റൈൽസ് |
| 25 | 3 | താജി | മാര്യാജ് സ്റ്റോർ |
| 25 | 4 | സന്തോഷ് | മൊബൈൽ ഷോപ്പ് |
| 25 | 6 | രഞ്ജിത്ത് | ഹോട്ടൽ |
| 26 | 2 | ജുറൈജ് | അലുമിനിയം ഫാബ്രിക്കേഷൻ |
| 26 | 3 | ബിന്ദു | ഹാർഡ് വെയർ |
| 26 | 8 | ബിന്ദു | ബോട്ട് ബിൽഡേഴ്സ് |
| 27 | 5 | കുഞ്ഞാലിക്കുട്ടി | സ്റ്റേഷനറി |
| 27 | 9 | ഷിഹാബുദ്ധീൻ | ചിക്കൻസ്റ്റാൾ |
| 27 | 10 | ഹംസ | വെജിറ്റബിൾ ഷോപ്പ് |
| 28 | 8 | പ്രഭാകരൻ | എസ്.ആർ ടീസ്റ്റാൾ |
| 28 | 15 | സൽമാൻ ഫാരിസ് | ട്രേഡേഴ്സ് |
| 28 | 20 | മുഹമ്മദ് കോയ | റേഷൻ കട |

| | | | |
|---|---|---|---|
| 30 | 1 | ജംഷീർ | ഫാബ്രിക്കേഷൻ |
| 30 | 2 | സേക്രട്ടറി | തീരമൈത്രി സൂപ്പർ മാർക്കറ്റ് |
| 30 | 3 | മുഹമ്മദ് സ്വാലിഹ് | എച്ച്.ആർ.എസ്. മിനിസ്റ്റോർ |
| 31 | 1 | ഇസ്ഹാഖ് | ദയ മെഡിക്കൽസ് |
| 31 | 2 | ജയേഷ് | ഗാർമെന്റ്സ് |
| 31 | 4 | സിദ്ധീക്ക് | ടെന്റി കിഡ്സ് |
| 32 | 16 | അഹമ്മദ് റാഫി | പവർഗ്രൂപ്പ് |
| 32 | 5 | രഘുറാം | റൂബി ഫാൻസി |
| 32 | 24 | ഷീജ | ഡ്രൈവിംഗ് സ്കൂൾ |
| 37 | 1 | നാസിഫലി | ഹോട്ടൽ&കൂൾബാർ |
| 37 | 2 | അൻവർ | സ്റ്റേഷനറി |
| 37 | 5 | ഫൈസൽ | ഫാൻസി |
| 38 | 1 | മോഹനൻ | ജ്വല്ലറി വർക്സ് |
| 38 | 2 | ഫൈസൽ | വെജിറ്റബിൾ ഷോപ്പ് |
| 38 | 3 | ജിനീഷ് | ഡ്രസ്സസ് |
| 39 | 5 | ചാണ്ടി ഫിലിപ്പ് | വെൽനസ് സെന്റർ |
| 39 | 6 | സൈഫദ്ധീൻ | എം.എസ് ആക്സസ്സറീസ് |
| 39 | 7 | ഷഫീക്ക് | സ്റ്റിക്കർ വർക്സ് |
| 43 | 1 | ഫഹദ് | ലേഡീസ് കിഡ്സ് വെയർ |
| 43 | 2 | മുഹമ്മദ് | ഓയിൽ ഡീലർ |
| 43 | 3 | മുസ്തഫ | സ്വീറ്റ്സ് |

മേൽ സ്ഥാപനങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ പ്രകാരവും 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ 3(11) പ്രകാരവും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നും നഗരസഭയിൽ ഫാക്ടിയോസ് ലൈസൻസ് നൽകുന്നത് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമായതിനാൽ മേൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെങ്കിൽ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കൂടി വ്യക്തമാണ് എന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/22.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭയുടെ 2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ഈ ഇനത്തിൽ പിരിച്ചെടുക്കാൻ തുക അവശേഷിക്കുന്നുണ്ടോയെന്നും കുടിശ്ശിക തുക എത്രയാണെന്നും കണക്കാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ക്രമ നം. | സ്ഥാപനം | അടവാക്കേണ്ട അർദ്ധ വർഷം |
|---|---|---|---|
| 1 | 1 | ഗ്രീൻ മാർട്ട് | II |
| 2 | 11 | ഇന്ത്യാ ട്രേഡ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | II |
| 3 | 14 | പ്രസന്ന് ഹോസ്പിറ്റൽ | II |
| 4 | 16 | പോസ്റ്റ് ഓഫീസ്, അഞ്ചപ്പാറ | II |
| 5 | 21 | സപ്ലൈകോ ഡിപ്പോ | II |

| | | | |
|---|---|---|---|
| 6 | 27 | ജിയോ പോയിന്റ് സ്റ്റോർ | II |
| 7 | 36 | കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് | I |
| 8 | 38 | വിക്ടറി ട്യൂഷൻ സെന്റർ | I&II |
| 9 | 40 | സമീക്ഷ ആയുർവ്വേദ നഴ്സിംഗ് ഹോം | I |
| 10 | 41 | മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ | I |
| 11 | 48 | സൂപ്രണ്ട് ഓഫ് സർവ്വെ & ലാന്റ് റെക്കോർഡ് സർവ്വെ, തിരൂർ | I |
| 12 | 50 | സ്പെഷ്യൽ താഹസിൽദാർ എൽ.എ യൂണിറ്റ് | I |
| 13 | 56 | ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷൻ, പരപ്പനങ്ങാടി | I |
| 14 | 70 | ക്ഷീരോൽപാദക സഹകരണ സംഘം | I |
| 15 | 74 | പി.ഇ.എം.എസ് സി.ബി.എസ്.ഇ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I |
| 16 | 79 | പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് കോളേജ് | I |
| 17 | 88 | കോയാസ് ഹാർഡ്‌വെയർ ഗാലറി | I |
| 18 | 105 | ജയ കേരള തീയേറ്റർ | I |
| 19 | 107 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I |
| 20 | 108 | ബിംബിൽ ലോഡ്ജ് | I |
| 21 | 109 | നെക്സ്ജെൻ മോട്ടോഴ്സ് | I |
| 22 | 123 | പൈനാട്ട് ടെക്സ്റ്റോറിയം | I |
| 23 | 142 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | II |
| 24 | 144 | ആർ.ടി.എസ് മാർട്ട്, ചെട്ടിപ്പടി | II |
| 25 | 145 | ക്ലാസിക് മോട്ടോഴ്സ്, പിയാഗിയോ | II |
| 26 | 146 | സുസുകി മോട്ടോർ സൈക്കിൾ | II |
| 27 | 147 | സ്മാർട്ട്-ഇ-മോട്ടോഴ്സ് | II |
| 28 | 148 | സപ്ലൈകോ, തിരൂരങ്ങാടി | II |
| 29 | 149 | ഹസ്ന വെഡ്ഡിംഗ് മാൾ | II |

മുകളിൽ ചേർത്ത 2022-23 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം ഉൾപ്പെടുന്ന റിട്ടേൺ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നുവെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം.22/22.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു.

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 മുതൽ 314 എ വരെ, 1997 കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 300/- രൂപ പ്രവർത്തനമാരംഭിക്കുന്നതിനായി രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 100/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ സ്വകാര്യ ആശുപത്രികളുടേയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ നഗരസഭ പരിധിയിൽ രജിസ്ട്രേഷൻ എടുക്കാതെയോ, പുതുക്കാതെയോ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് | ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ.നം | സ്ഥാപനം |
|---|---|---|
| 38 | 135 | ശിഫ മെഡിക്കൽ ലബോറട്ടറി |
| 38 | 136 | ഡോ. മഖ്ബൂൽ ഡെന്റൽ ക്ലിനിക് |
| 9 | 4 (പുതിയത്) | ഡോ. ഹരീസ് ഡെന്റൽ ക്ലിനിക് |
| 1 | 11 (പുതിയത്) | ഡോ. വിപിൻ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 1 | 19 (പുതിയത്) | പാലത്തിങ്ങൽ ലബോറട്ടറി |
| 11 | 24 (പുതിയത്) | ഡെന്റൽ ക്ലിനിക് |

| | | |
|---|---|---|
| 3 | 33 (പുതിയത്) | അയോ വിജയ ട്രീറ്റ്മെന്റ് സെന്റർ |
| 32 | 16 (പാരാ മെഡിക്കൽ രജിസ്റ്റർ പ്രകാരം) | ബൃഹതി ആയുർവ്വേദ ക്ലിനിക് |

സർക്കുലർ നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി, തീയതി 09.12.2012 പ്രകാരം ടി സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതും രജിസ്ട്രേഷന് പുറമേ ലൈസൻസ് എടുക്കേണ്ടതും കെട്ടിടത്തിന്റെ സുരക്ഷിതത്വം, ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതുമാണ്. മേൽ സ്ഥാപനങ്ങളും നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന മറ്റ് സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളും മേൽ ചട്ടം, സർക്കുലർ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ നഗരസഭ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/22.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫിഷ് മാർക്കറ്റിൽ നിന്ന് ഭീമമായ തുക വാടക ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭയുടെ ഫിഷ് മാർക്കറ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ നഗരസഭ കൗൺസിലിന്റെ 28.04.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി വാടക കുടിശ്ശിക അടവാക്കി ഫിഷ് മാർക്കറ്റ് ഒഴിഞ്ഞ് തരാൻ വാടകക്കാർക്ക് നോട്ടീസ് (R39496/12.05.2023) അയച്ചതായി കണ്ടു. എന്നാൽ മേൽ വാടകക്കാരിൽ നിന്നും നിലവിലും വലിയ തുക വാടക ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്റ്റാൾ നം. | വാടകക്കാരന്റെ പേര് | ഈടാക്കാൻ അവശേഷിക്കുന്ന തുക (₹) (പിഴപ്പലിശ അടക്കം) | കാലയളവ് |
|---|---|---|---|---|
| 1 | 5 | അബ്ദുള്ളക്കുട്ടി | 46,700 | 2019 April - 2023 March |
| 2 | 30 | നബീൽ കെ.പി | 25,859 | 2021 Feb - 2023 March |
| 3 | 9 | സൈതലവി | 9,340 | 2022 July - 2023 March |
| 4 | 7 | സവാദ് | 42,201 | 2019 Sep - 2023 March |
| 5 | 1 | യൂനസ് | 71,910 | 2022 April - 2023 March |
| 6 | 2 | മുജീബ് റഹിമാൻ | 35,314 | 2020 April - 2023 March |
| 7 | 8 | സിദ്ധീക്ക് | 34,369 | 2020 May - 2023 March |
| 8 | 33 | നബീൽ | 3,87,081 | 2015 Sep - 2023 March |
| 9 | 4 | ഷുഹൈബ് | 16,923 | 2021 Nov - 2023 March |
| 10 | 6 | ഗസ്സാലി | 44,001 | 2019 July - 2023 March |
| 11 | 3 | അഷ്റഫ് | 79,505 | 2016 April - 2023 March |
| 12 | 31 | കുഞ്ഞാറമുട്ടി | 25,859 | 2021 Feb - 2023 March |
| 13 | 32 | വേലായുധൻ.കെ | 44,900 | 2019 Jun - 2023 March |
| 14 | 11 | അബ്ദുറഹിമാൻ | 2,035 | 2023 Feb - 2023 March |
| | ആകെ | | **8,65,997** | |

വാടകക്കാർ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/23.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വാടകക്കാരിൽ നിന്നും വാടക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 വാടക പിരിവിലെ അപാകത.

നഗരസഭയുടെ 2022-2023 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1.** 15 കടമുറികളിൽ നിന്ന് വാടക ഈടാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | കെട്ടിട | വാടകക്കാരന്റെ | പ്രതിമാസ | അടവാക്കാൻ | തുക |
|---|---|---|---|---|---|

| നം | നം | പേര് | വാടക (₹) (ജി.എസ്.ടി ഉൾപ്പെടെ) | അവശേഷിക്കുന്ന കാലയളവ് | (₹) |
|---|---|---|---|---|---|
| 1 | 33/464 | ചന്ദ്രൻ | 1,533 | 2022 April - 2023 March | 18,396 |
| 2 | 33/465 | അബൂബക്കർ | 1,164 | 2022 Jun - 2023 March | 11,640 |
| 3 | 33/467 | ബഷീർ. സി. കെ. | 2,922 | 2022 April - 2023 March | 35,064 |
| 4 | 33/483 | അഭിലാഷ് | 2,068 | 2023 Feb - 2023 March | 4,136 |
| 5 | 33/484 | അബ്ദുസമദ് | 1,198 | 2023 March | 1,198 |
| 6 | 33/486 | അസൈനാർ | 1,941 | 2022 April - 2023 March | 23,292 |
| 7 | 33/487 | സുദേവൻ | 1,827 | 2022 April - 2023 March | 21,294 |
| 8 | 33/489 | ഷാജിത | 4,916 | 2022 April - 2023 March | 58,992 |
| 9 | 33/490 | മൻസൂർ | 9,108 | 2022 April - 2023 March | 1,09,296 |
| 10 | 33/494 | കുഞ്ഞി മുഹമ്മദ് | 5,388 | 2022 Nov - 2023 March | 26,940 |
| 11 | 33/495 | അബ്ദുൽ ജബ്ബാർ | 5,391 | 2023 March | 5,391 |
| 12 | 33/500, 33/501 | യൂനസ്. പി. പി. | 8,983 | 2022 April - 2023 March | 1,07,796 |
| 13 | 33/508 | അൻവർ. പി. പി. | 3,328 | 2022 April - 2023 March | 39,936 |
| 14 | 33/509 | അൻവർ. പി. പി. | 2,509 | 2022 April - 2023 March | 30,108 |
| 15 | 33/510 | വി. വിജയൻ | 3,892 | 2022 Sep - 2023 March | 27,244 |
| | ആകെ | | | | **5,20,723** |

വാടക രജിസ്റ്റർ പ്രകാരം മേൽ ചേർത്ത പ്രകാരം 5,20,723/- രൂപ 2022-2023 വർഷത്തിൽ തൻവർഷത്തേക്ക് മാത്രമായി ഈടാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും വാർഷിക കണക്ക് പ്രകാരം 3,60,309/- രൂപ മാത്രമാണ് ഈടാക്കാൻ അവശേഷിക്കുന്നത്.

വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 6,19,238/- രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ കുടിശ്ശിക വിവരം വാടക രജിസ്റ്ററിൽ ചേർക്കാത്തതിനാൽ ഏത് കടമുറികളിൽ നിന്ന് ഏത് കാലയളവിലേക്കാണ് വാടക അടവാക്കാനുള്ളത് എന്ന് പരിശോധിക്കാനായില്ല
വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**2.** നഗരസഭയുടെ അധീനതയിലുള്ള 33/470, 33/488 നമ്പറിട്ട കടമുറികൾ 2022 ഏപ്രിൽ മുതൽ ഒഴിഞ്ഞ് കിടക്കുന്നതായി കണ്ടു. ആയത് ലേലം ചെയ്യാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് മറുപടി/വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/23.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ മുഴുവൻ തുകയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി.

ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത കടമുറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ഇതിലെ ചില കെട്ടിടങ്ങൾ ലൈസൻസ് അനുവദിക്കാവുന്ന ഉപയോഗ ക്രമത്തിലുള്ളതല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് നം | കെട്ടിട നമ്പർ | സ്ഥാപനം | ഉപയോഗക്രമം |
|---|---|---|---|---|
| 1 | PGDIH/2/1559/22-23 | 2/287 | ജയറാണി ഇൻഡസ്ട്രീസ് | പാർപ്പിടം |
| 2 | PGDIH/2/1733/22-23 | 2/298 | അപ്പോളോ ഹെയർഡ്രസ്സസ് | പാർപ്പിടം |
| 3 | PGDIH/8/766/22-23 | 8/298 | സ്റ്റേഷനറി | നികുതി ഒഴിവാക്കിയ കെട്ടിടം |
| 4 | PGDIH/19/1122/22-23 | 19/493 | കയർഷോപ്പ് | പാർപ്പിടം |
| 5 | PGDIH/13/1678/22-23 | 13/606 | ശിൽപി വുഡ് വർക്സ് | സഞ്ചയയിൽ നിലവിലില്ല |
| 6 | PGDIH/12/691/22-23 | 12/480 | ബിസ്മില്ല റൈസ് ഓയിൽ മിൽ | സഞ്ചയയിൽ നിലവിലില്ല |

| | | | | |
|---|---|---|---|---|
| 7 | PGDIH/2/1430/22-23 | 2/965 | വി.കെ സ്റ്റോർ | സഞ്ചയയിൽ നിലവിലില്ല |

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/23.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ ആവശ്യമായ മാറ്റം വരുത്തി നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ലേല തുക ഈടാക്കാൻ അവശേഷിക്കുന്നു

ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ 2022-2023 സാമ്പത്തിക വർഷത്തേക്ക് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് (73,000/- രൂപക്ക്) ശ്രീ. മുസ്തഫ എന്നവരെയും, ബസ് സ്റ്റാന്റ് ഫീസ് പിരിവ് ശ്രീ. അബ്ദുൽ സലീം (80,100/- രൂപ പ്രകാരം) എന്നവരെയും ഏൽപ്പിച്ച് 30.03.2022 തീയ്യതിയിൽ R4/2463/22 പ്രകാരം നോട്ടീസ് നൽകിയതായും ആയത് അവർ അംഗീകരിച്ചതായും കണ്ടു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ 63,400/- രൂപയുടെ വരവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം വരവ് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. മേൽ ഇനങ്ങൾ പ്രകാരമുള്ള തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.59/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്ന് മുഴുവൻ ലേല തുകയും ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തുനികുതി പിരിവിൽ അപാകത.

നഗരസഭയുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ 100 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ ഉപയോഗത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള പല കെട്ടിടങ്ങളും 100 ചതുരശ്ര മീറ്റർ വരെയുള്ള എന്ന ഉപയോഗക്രമത്തിൽ വിഭജിച്ച് ഉൾപ്പെടുത്തിയത് കാരണം നഗരസഭക്ക് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 21-06-2016 തീയതിയിലെ 1(2) തീരുമന പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന് 90/-രൂപ യായി നിശ്ചയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

**1. കെട്ടിട ഉടമസ്ഥൻ : കെ.പത്മാവതി മുതൽപേർ**

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | ഈടാക്കേണ്ടിയിരുന്ന നിരക്ക് (₹/ച.മീ) | ഈടാക്കിയ നിരക്ക് (₹/ച.മീ) |
|---|---|---|---|
| 4/310 | 216 | 90 | 70 |
| 4/311 | 15 | 90 | 70 |
| 4/312 | 15 | 90 | 70 |
| 4/313 | 15 | 90 | 70 |
| 4/314 | 15 | 90 | 70 |
| 4/315 | 15 | 90 | 70 |
| 4/316 | 15 | 90 | 70 |
| 4/317 | 30 | 90 | 70 |
| 4/318 | 12 | 90 | 70 |
| **ആകെ** | **348** | | |

**2. കെട്ടിട ഉടമസ്ഥൻ : ഹുസൈൻ കുട്ടി**

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | ഈടാക്കേണ്ടിയിരുന്ന നിരക്ക് (₹/ച.മീ) | ഈടാക്കിയ നിരക്ക് (₹/ച.മീ) |
|---|---|---|---|
| 4/301 | 17 | 90 | 70 |
| 4/302 | 17 | 90 | 70 |
| 4/303 | 17 | 90 | 70 |
| 4/304 | 17 | 90 | 70 |
| 4/305 | 17 | 90 | 70 |

| | | | |
|---|---|---|---|
| 4/306 | 17 | 90 | 70 |
| 4/307 | 17 | 90 | 70 |
| 4/308 | 17 | 90 | 70 |
| **ആകെ** | **136** | | |

**3. കെട്ടിട ഉടമസ്ഥൻ : അഹമ്മദ് കോയ**

| **കെട്ടിട നം.** | **വിസ്തീർണ്ണം (ച.മീറ്ററിൽ)** | **ഈടാക്കേണ്ടിയിരുന്ന നിരക്ക് (₹/ച.മി)** | **ഈടാക്കിയ നിരക്ക് (₹/ച.മി)** |
|---|---|---|---|
| 6/204 | 56.35 | 90 | 70 |
| 6/205 | 52.64 | 90 | 70 |
| 6/206 | 11.82 | 90 | 70 |
| **ആകെ** | **120.81** | | |

നികുതി നിരക്ക് കുറവായി കണക്കാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി മേൽ കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 നികുതി നികുതിയേതര ഇനങ്ങളിൽ ഭീമമായ തുകകൾ ഈടാക്കാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം വലിയ അളവിൽ വരവിനങ്ങൾ ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| **ക്രമ നം** | **ഇനം** | **ഈടാക്കാൻ അവശേഷിക്കുന്ന തുക (₹)** |
|---|---|---|
| 1 | വസ്തു നികുതി (കറന്റ്) | 1,04,83,190 |
| 2 | വസ്തു നികുതി (അരിയർ) | 1,44,04,753 |
| 3 | തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ / ട്രേഡേഴ്സ് (കറന്റ്) | 29,46,057 |
| 4 | ലൈസൻസ് ഫീസ് (കറന്റ്) | 1,58,084 |
| 5 | ലൈസൻസ് ഫീസ് (അരിയർ) | 2,06,020 |
| 6 | റെന്റ് റിസീവബ്ൾ (കറന്റ്) | 3,60,309 |
| 7 | റെന്റ് റിസീവബ്ൾ (അരിയർ) | 6,19,238 |

മേൽ തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.60/24.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ പിരിച്ചെടുക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിൽ അപാകത.

1. പ്രൊജക്ട്: 440/23,ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ (S.O)
അടങ്കൽ: ₹1,59,686/- (പൊതുവിഭാഗം സാധാരണ വിഹിതം)

₹3,40,314/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: ബിൽ നമ്പർ: 89/16.09.2022 തുക ₹1,59,686/-

ബിൽ നമ്പർ: 90/16.09.2022 തുക ₹3,40,307/-

2.പ്രൊജക്ട്: 289/23,ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ
അടങ്കൽ: ₹11,50,000/- (പൊതുവിഭാഗം സാധാരണ വിഹിതം)
ചെലവ്: ബിൽ നമ്പർ: 362/28.03.2023 തുക ₹7,71,902/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിലേക്കായി മെഡിക്കൽ ക്യാമ്പ് നടത്തുകയും മെഡിക്കൽ ഓഫീസർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 440/23 പദ്ധതിയിലേക്കായി ഇൻവോയ്സ് നമ്പർ 050/21-22, തിയ്യതി 07.01.2022 പ്രകാരവും, 289/23 പദ്ധതിയിലേക്കായി ഇൻവോയ്സ് നമ്പർ 090/22-23 തിയ്യതി 25.01.2023 പ്രകാരവും ദി കേരള സ്റ്റേറ്റ് ഹാന്റിക്യാപ്പ്ഡ് പേഴ്സൻസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്തിട്ടുണ്ട്. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഡോക്ടർ നിർദേശിച്ചതിനേക്കാൾ കൂടുതൽ എണ്ണം ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്തു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് | കൊമോഡിറ്റി | ഡോക്ടർ നിർദേശിച്ച എണ്ണം | പർച്ചേയ്സ് ചെയ്ത എണ്ണം | ഒന്നിന്റെ വില (₹) | അധികമായി ചെലവഴിച്ച തുക (₹) (ടാക്സ് അടക്കം) |
|---|---|---|---|---|---|
| 289/23 | AE Hand Excercise Kit | 3 | 4 | 6,190 | 6,932 (12% ടാക്സ്) |
| | A.F.O | 3 | 8 | 907 | 4,762 (5% ടാക്സ്) |
| | Auxilary Crutches Deluxe | 2 | 4 | 774 | 1,625 (5% ടാക്സ്) |
| | Arm Gaitor | 4 | 7 | 1,045 | 3,292 (5% ടാക്സ്) |
| | Caliper Knee Cap | 3 | 4 | 202 | 212 (5% ടാക്സ്) |
| | Dynamic Cock-Up Splint | 2 | 5 | 1,155 | 3,638 (5% ടാക്സ്) |
| | KAFO With Lock | 2 | 4 | 4,620 | 9,702 (5% ടാക്സ്) |
| | Leg Gaitor | 2 | 4 | 1,509 | 3,169 (5% ടാക്സ്) |
| | Standing Frame | 3 | 6 | 10,835 | 34,128 (5% ടാക്സ്) |
| 440/23 | A.F.O | 8 | 16 | 907 | 1,270 (5% ടാക്സ്) |
| | Commode Chair With Wheel | 4 | 5 | 5,374 | 5,643 (5% ടാക്സ്) |
| | Leg Gaitor | 8 | 16 | 1,509 | 2,113 (5% ടാക്സ്) |

2. ചുവടെ കൊടുത്ത ഗുണഭോക്താക്കൾക്ക് ഡോക്ടർ നിർദേശിക്കാത്ത ഉപകരണങ്ങൾ വിതരണം ചെയ്തു.

| പ്രൊജക്ട് | ഗുണഭോക്താവിന്റെ പേര് | വിതരണം ചെയ്ത ഉപകരണം |
|---|---|---|
| 440/23 | റഫ ഫാത്തിമ | അക്കൊമൊഡേറ്റീവ് ഫൂട്ട് വെയർ |
| | സഹ്റ | അക്കൊമൊഡേറ്റീവ് ഫൂട്ട് വെയർ |
| 289/23 | മുഹമ്മദ് ബാസിത് | ആം ഗെയ്റ്റർ |
| | സഹദ ഫാത്തിമ | മൗൾഡഡ് ഷൂ |
| | മുഹമ്മദ് റിഷാൽ.പി | മൗൾഡഡ് ഷൂ |
| | ബൈജു | കാലിപ്പർ ക്നീ ക്യാപ്പ് |
| | സഹ്റ ഫാത്തിമ | അക്കൊമൊഡേറ്റീവ് ഫൂട്ട് വെയർ |

3. മുഹമ്മദ് ബാസിത് എന്ന ഗുണഭോക്താവിന് രണ്ട് പദ്ധതികളിലും ARM GAITOR വിതരണം ചെയ്തു.

4. മുഹമ്മദ് യു. വി. എന്ന വ്യക്തിക്ക് 289/23 പദ്ധതി പ്രകാരം വാട്ടർ ബെഡും 440/23 പദ്ധതി പ്രകാരം എയർ ബെഡും വിതരണം ചെയ്തു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/22.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നത് വരെ പ്രൊജക്ട്: 440 പ്രകാരമുള്ള ചെലവ് തുക 499,993/- രൂപയും പ്രൊജക്ട്: 289 പ്രകാരമുള്ള ചെലവ് തുക 7,71,902/- രൂപയും തടസ്സം ചെയ്യുന്നു.

## 1-23 ആർട്ട്കോയിൽ നിന്ന് അനുമതിയില്ലാത്ത ഫർണിച്ചർ ടെണ്ടർ കൂടാതെ വാങ്ങി.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ആർട്കോ- യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണിച്ചർ, അവയുടെ വില എന്നിവ ജി.ഒ(ആർ.റ്റി) 6/22/എസ്.പി.ഡി, തിയ്യതി 02.02.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതിയിൽ മേൽ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

പ്രോജക്ട് നം. 281/23 -അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ
അടങ്കൽ : ₹3,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് : ബിൽ നം.-264/14.03.2023, ₹3,00,000/-

മേൽ പദ്ധതി പ്രകാരം ആർട്കോയിൽ നിന്നും (ഇൻവോയിസ് നം. എം.പി.എം 248/22-2 3തീ. 03.03.23) താഴെ പറയുന്ന ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാങ്ങിയ എണ്ണം/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില (₹) |
|---|---|---|---|
| 1 | PM 149-Steel Almirah With 5 Fixed Shelves 78"x36"x19" 22gauge | 23 @₹10,676 | 2,89,746.64 |
| 2 | PM 152-Steel Table With A Cupboard And Inner Shelves 36"x24"x30 20 Gauge | 3 @₹3,538 | 12,524.52 |
| | **ആകെ** | | **3,02,271.16** |
| | | | **Rounded To ₹3,00,000** |

മേൽ ഫർണിച്ചറുകൾക്ക് ടെണ്ടർ കൂടാതെ ആർട്കോ-യിൽ നിന്ന് വാങ്ങുന്നതിന് അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/22.01.2024 ന് നൽകിയ മറുപടിയിൽ അങ്കണവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾക്ക് സർക്കാർ വില നിശ്ചയിച്ച റേറ്റ് നൽകിയിട്ടില്ലാത്തതിനാൽ ആണ് മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് ബിഡ് സ്വീകരിച്ച് കുറഞ്ഞ വില രേഖപ്പെടുത്തിയ ആർട്കോയിൽ നിന്ന് വാങ്ങൽ നടത്തിയത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബിഡുകളുടെ വിവരം ബിഡുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-24 കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾക്ക് AMC – ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയില്ല

പ്രോജക്ട് : 243/23 - നഗരസഭാ ഓഫീസിലെ കമ്പ്യൂട്ടർ മറ്റ് അനുബന്ധ സാധനങ്ങൾക്ക് എ.എം.സി

അടങ്കൽ : ₹1,30,000/- (Own Fund)

ചെലവ് : ₹1,23,841/- ( വൗച്ചർ നം. 22200836/14.11.2022)

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതിപ്രകാരം നഗരസഭയിൽ ദൈനംദിനാവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്ന കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ കെൽട്രോണുമായുള്ള Annual Maintanance Contract കാലാവധി (14.11.2022 മുതൽ 13.11.2023 വരെ) പുതുക്കുന്നതിനായി 1,23,841/- രൂപ കെൽട്രോൺ കോഴിക്കോടിന് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1). എ.എം.സി നൽകുന്നതുമായി ബന്ധപ്പെട്ട് നഗരസഭ കെൽട്രോണിന് സമർപ്പിച്ച പ്രപ്പോസൽ (സാധനങ്ങളുടെ പട്ടിക )

2). മുൻ എ.എം.സിയുടെ കാലയളവിന്റെ വിവരം

3). എ.എം.സി തുക നൽകിയതിൽ ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 08/18.01.2024) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ കെൽട്രോൺ നൽകിയ പ്രൊപ്പോസൽ അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. മാത്രവുമല്ല നഗരസഭയിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് ഇഷ്യൂ വിവരവും കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എ.എം.സി തുക നൽകിയതിൽ ഇൻകം ടാക്സ് ആക്ട് 1961 സെക്ഷൻ 194 സി പ്രകാരമുള്ള ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ എ.എം.സി തുക നൽകുമ്പോൾ ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കേണ്ടതും നഗരസഭയിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് ഇഷ്യൂ വിവരവും കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-25 എൽ.ഇ.ഡി തെരുവു വിളക്കുകളുടെ മെയിന്റനൻസ് – അപാകതകൾ

പ്രോജക്ട് : 145/23 എൽ.ഇ.ഡി തെരുവു വിളക്കുകളുടെ മെയിന്റനൻസ്
അടങ്കൽ : ₹4,90,000/- (തനത് ഫണ്ട്)
ചെലവ് : ₹3,43,000/-

സെക്രട്ടറി നിർവ്വഹിച്ച മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം നഗരസഭയിലെ എൽ.ഇ.ഡി തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി തുക ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പ്രകാരം കുറഞ്ഞ തുക ക്വാട്ട് (₹1,350/ലൈറ്റ് എന്ന നിരക്കിൽ) ചെയ്ത ആൽഫ ഇലക്ട്രിക്കൽസ്, താനൂർ എന്ന സ്ഥാപനത്തെ 17.01.2022 ലെ 2(4) ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 24.01.2022 തിയ്യതിയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി ചമച്ച കരാറിൽ തിയ്യതി രേഖപ്പെടുത്തുകയോ കരാർ നമ്പർ ചേർക്കുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ 45 ഡിവിഷനുകളിലുമായുള്ള തെരുവു വിളക്കുകൾ 3 ഘട്ടങ്ങളിലായാണ് അറ്റകുറ്റപ്പണി ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ചെലവു വിവരം താഴെ ചേർക്കുന്നു.

| ഘട്ടം | ആൽഫ ഇലക്ട്രിക്കൽസിന്റെ | | നൽകിയ തുക (₹) | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| | ബിൽ നമ്പർ/ തിയ്യതി/തുക | ബിൽ പ്രകാരം റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം | | |
| ഒന്നാം ഘട്ടം | 018/18.07.2022/₹2,09,237 | 155 | 1,96,000 | 22200500/11.08.2022 |
| രണ്ടാം ഘട്ടം | 024/17.09.2022/₹2,15,726 | 150 | 1,47,000 | 22200940/12.12.2022 |
| മൂന്നാം ഘട്ടം | 045/28.03.2023/₹2,17,217 | 110 | - | നൽകിയിട്ടില്ല |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/ത.സ്വ.ഭ.വ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. നഗരസഭ മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2. 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവര ശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. വിവരശേഖരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്ട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല. എത്ര ബൾബുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്ന വ്യക്തമാക്കുന്ന ഒരു എസ്റ്റിമേറ്റ് നഗരസഭ തയ്യാറാക്കിയിട്ടില്ല.

3. ഗവ. ഉത്തരവ് നം. ജി2-44274/2015 തി. 17.08.15 പ്രകാരം റിപ്പയറിനായി വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരൻ നേരിട്ടാണ് വാങ്ങുന്നതെങ്കിൽ ബിൽ/ഇൻവോയ്സ് പ്രോജക്റ്റ് ഫയലിനൊപ്പം വക്കേണ്ടതുണ്ട്. എന്നാൽ പ്രോജക്റ്റ് ഫയലിൽ റിപ്പയറിനായി വാങ്ങിയ ഉപകരണങ്ങളുടെ ബിൽ/ ഇൻവോയ്സ് ചേർത്തിട്ടില്ല. കൂടാതെ കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4. കരാർ നിബന്ധന 9 പ്രകാരം മാറ്റി വെച്ച തെരുവു വിളക്കുകൾക്ക് കരാർ തിയതി മുതൽ മൂന്നു വർഷത്തെ മാറ്റിസ്ഥാപിക്കൽ ഗ്യാരണ്ടി ഉറപ്പ് വരുത്തുന്നുണ്ട്. ആയതിനായി ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം ബൾബുകൾ മാറ്റിവെച്ചിട്ടുണ്ടെന്ന ഉറപ്പു വരുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നഗരസഭയിൽ സൂക്ഷിച്ച, പരിശോധനക്കായി ലഭ്യമാക്കിയ രജിസ്റ്ററിലെ വിവരങ്ങളും മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 854 തെരുവു വിളക്കുകൾ മാറ്റി സ്ഥാപിച്ചതായാണ് കാണുന്നത്. മാത്രവുമല്ല, എല്ലാ വാർഡിലെ വിവരവും രേഖപ്പെടുത്തിയിട്ടുമില്ല. കരാറുകാരൻ നൽകിയ ബിൽ പ്രകാരം 415 ബൾബുകളാണ് മാറ്റി സ്ഥാപിച്ചതായി കാണുന്നത്. മിക്ക ഡിവിഷനിലെ മെമ്പർമാരും രണ്ട് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. തിയ്യതി, പ്രോജക്ട് നമ്പർ എന്നിവ ചേർക്കാത്ത മേൽ സാക്ഷ്യപത്രങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽ പ്രോജക്ടിന് തുക അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 09/18.01.2024) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 3,43,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ

പ്രോജക്ട് : 146/23 ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകളുടെ മെയിന്റനൻസ്
അടങ്കൽ : ₹4,90,000/- (തനത് ഫണ്ട്)
ചെലവ് : ₹3,43,000/-

സെക്രട്ടറി നിർവ്വഹിച്ച മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം നഗരസഭയിലെ ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകളുടെ മെയിന്റനൻസിനായി തുക ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പ്രകാരം കുറഞ്ഞ തുക (₹10,250/ലൈറ്റ് എന്ന നിരക്കിൽ) ക്വാട്ട് ചെയ്ത ആൽഫ ഇലക്ട്രിക്കൽസ് താനൂർ എന്ന സ്ഥാപനത്തെ 17.01.2022 ലെ 2(5) ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും 24.01.2022 തിയ്യതിയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി 20.01.2022 ൽ ചമച്ച കരാറിൽ കരാർ നമ്പർ ചേർത്തിട്ടില്ല. നഗരസഭയിലെ 45 ഡിവിഷനുകളിലുമായുള്ള ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകൾ 3 ഘട്ടങ്ങളിലായാണ് അറ്റകുറ്റപ്പണി ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ചെലവു വിവരം താഴെ ചേർക്കുന്നു.

| ഘട്ടം | ആൽഫ ഇലക്ട്രിക്കൽസിന്റെ | | നൽകിയ തുക (₹) | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| | ബിൽ നമ്പർ/ തിയ്യതി/തുക | ബിൽ പ്രകാരം റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം | | |
| ഒന്നാം ഘട്ടം | 019/18.07.2022/₹2,04,990 | 20 | 1,96,000 | 22200506/12.08.2022 |
| രണ്ടാം ഘട്ടം | 023/17.09.2022/₹1,62,732 | 15 | 1,47,000 | 22200933/12.12.2022 |
| മൂന്നാം ഘട്ടം | 044/28.03.2023/₹1,69,474 | 15 | 1,47,000 | 2230007/28.04.2023 (2023-24) Spill Over |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/ത.സ്വ.ഭ.വ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. നഗരസഭ മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.
2. 3055/ഡി.എ.3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവര ശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. വിവരശേഖരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്ട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല. എത്ര ബൾബുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്നു വ്യക്തമാക്കുന്ന ഒരു എസ്റ്റിമേറ്റ് നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല.

3. ഗവ.ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം റിപ്പയറിനായി ത.സ്വ.ഭ.സ്ഥാപനം നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ് എന്നാൽ കരാറുകാരൻ നേരിട്ട് വാങ്ങുകയാണെങ്കിൽ വാങ്ങുന്ന ഉപകരണങ്ങളുടെ ബിൽ/ഇൻവോയ്സ് ഫയലിനോടൊപ്പം വക്കേണ്ടതുണ്ട്. കൂടാതെ കേടായ സാധനങ്ങൾ ആതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4. കരാർ നിബന്ധന 9 പ്രകാരം മാറ്റി വെച്ച തെരുവു വിളക്കുകൾക്ക് കരാർ തിയതി മുതൽ മൂന്നു വർഷത്തെ മാറ്റിസ്ഥാപിക്കൽ ഗ്യാരണ്ടി ഉറപ്പ് വരുത്തുന്നുണ്ട്. ആയതിനായി ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം ബൾബുകൾ മാറ്റിവെച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നഗരസഭയിൽ സൂക്ഷിച്ച , പരിശോധനക്കായി ലഭ്യമാക്കിയ രജിസ്റ്ററിലെ വിവരങ്ങളും മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 59ബൾബുകൾ മാറ്റി സ്ഥാപിച്ചതായാണ് കാണുന്നത് . കരാറുകാരൻ നൽകിയ ബിൽ പ്രകാരം 50 ബൾബുകളാണ് മാറ്റി സ്ഥാപിച്ചതായി കാണുന്നത്.

മിക്ക ഡിവിഷനിലെ മെമ്പർമാരും ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര ലൈറ്റുകൾ മാറ്റിയിട്ടുണ്ടെന്നു വ്യക്തമാക്കിയിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നു മാത്രമാണ് വ്യക്തമാക്കിയിട്ടുള്ളത്. തിയ്യതി, പ്രോജക്ട് നമ്പർ എന്നിവ ചേർക്കാത്ത മേൽ സാക്ഷ്യപത്രങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽ പ്രോജക്ടിന് തുക അനുവദിച്ചിട്ടുള്ളത്.
അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 16/19.01.2024) നിലവിൽ തെരുവ

വിളക്ക് റിപ്പയർ പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബിയുടെ അംഗീകാരത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ആയതിനാൽ തന്നെ മേൽ പദ്ധതി നടപ്പിലാക്കിയപ്പോൾ കെ.എസ്.ഇ.ബിയുടെ അനുമതി വാങ്ങിയിട്ടില്ലെന്ന് വ്യക്തമാണ്. മാത്രവുമല്ല തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാമെന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. കരാറുകാരൻ വാങ്ങിയ സാധനങ്ങളുടെ ഇൻവോയ്സിനു പകരം വാങ്ങിയ സാധനങ്ങളുടെ ലിസ്റ്റാണ് ലഭ്യമാക്കിയത്. ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. എൻക്വയറിയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിച്ചതിന്റെ വിവരം ലഭ്യമല്ല. അപാകതകൾ പരിഹരിച്ച് അനുബന്ധരേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 3,43,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 ജലനിധി പദ്ധതി - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

നഗരസഭയിൽ വിവിധ ജലനിധി പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/ തീയ്യതി / തുക | വിനിയോഗിച്ച തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 2220010/06.05.2022/ ₹19,33,475/- | 19,33,475 | GoK വിഹിതമിനത്തിൽ വന്ന തുക GPLAC അക്കൗണ്ടിലേക്ക് മാറ്റിയത് |
| 2 | ₹22200290/01.06.2022/ ₹4,75,950/- പ്രൊജക്ട് നം.142/23 അടങ്കൽ: 500000/- ചെലവ്: 475950/- ഫണ്ട്: തനത് ഫണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി | 59,175 | ചെനക്കൽ WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകിയ തുക |
| | | 46,200 | ജലധാര WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകി യ തുക |
| | | 63,750 | കാരുണ്യ തീർത്ഥ WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകിയ തുക |
| | | 1,12,425 | ആലുക്കൽ WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകിയ തുക |
| | | 1,04,400 | കോണിപ്പാടം WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകിയ തുക |
| | | 90,000 | ചെരിച്ചിമ്മൽ WSS നായി GPLAC അക്കൗണ്ടിലേക്ക് നൽകിയ തുക |

നഗരസഭ വിഹിതം കൂടി ഉൾപ്പെട്ടുള്ളതാണ് പദ്ധതി. ജലനിധി റീജിയനൽ ഡയറക്ടർ, മലപ്പുറത്തിന്റെ ഇതുസംബന്ധിച്ച കത്തിൽ (ഫയൽ നം.H1/5613/2020) നഗരസഭയുടെ ജോയിന്റ് ആസ്തിയായി പ്രസ്തുത പദ്ധതികളെ നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാനും നിയമാനുസൃത റിക്കവറികൾ (ഐ.ടി, ജി.എസ്.ടി-ടി.ഡി.എസ്, കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ് എന്നിവ) നടത്തുവാനും നിർദ്ദേശിച്ചിരുന്നു.

എന്നാൽ മേൽ ബിൽ തുക നൽകിയപ്പോൾ നിയമാനുസൃത റിക്കവറികൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും, നഗരസഭയിലെ വിവിധ ജലനിധി പദ്ധതികളെ സംബന്ധിച്ച വിവരം, ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച ആകെ തുകയുടെ വിവരം, ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദമായ വിവരം പരിശോധനക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/18.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ ഫണ്ട് ഉൾപ്പെട്ട, നഗരസഭയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി ആയതിനാൽ പദ്ധതിയെപ്പറ്റി വ്യക്തമായ വിവരങ്ങൾ നഗരസഭക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 24,09,425/-രൂപ തടസ്സം ചെയ്യുന്നു.

## 1-28 തണ്ടാണിപ്പുഴ, കൽപ്പുഴ, കുണ്ടംപാടംതോട് സംരക്ഷണം പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് : 492/23 തണ്ടാണിപ്പുഴ , കൽപ്പുഴ, കുണ്ടംപാടംതോട് സംരക്ഷണം പദ്ധതി
അടങ്കൽ : ₹50,59,025/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് : ₹50,59,000/- ( ചെക്ക് നമ്പർ 00500165257/31.03.2023)

നഗരസഭയിലെ തണ്ടാണിപ്പുഴ, കൽപ്പുഴ, കുണ്ടംപാടംതോട് എന്നിവ അതിർത്തികെട്ടി സംരക്ഷിക്കുന്നതിനായി, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പദ്ധതി തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറത്തിന്റെ 8443-00-108-00-00-00-NU-PW Deposit എന്ന ഹെഡ്ഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 11.01.2023ന് ഒപ്പുവെച്ച

ഉടമ്പടി പ്രകാരം നിക്ഷേപം സ്വീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ച് ആയത് പൂർത്തീകരിച്ച് കരാറുകാരനുമായി ഉടമ്പടിവെച്ച് കരാർ തിയ്യതി മുതൽ ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബിൽ പകർപ്പും നഗരസഭക്ക് ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിന്റെ തുടർനടപടി വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ, പദ്ധതിയിൽ ഉൾപ്പെട്ട വിവിധ തോടുകളും കുളങ്ങളും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 12/18.01.2024) പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 50,59,000/- രൂപ തടസ്സംചെയ്യുന്നു.

## 1-29 വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് : 359/23 വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും
അടങ്കൽ : ₹2,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് : ₹1,00,000/- (ബിൽ നമ്പർ 213/24.01.2023 )

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം നഗരസഭയിലെ കൊട്ടുന്തല കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിയിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (എസ്റ്റിമേറ്റ് നമ്പർ 2022/13030, കരാർ നമ്പർ 12/22-23 തിയ്യതി 28.12.2022)

പദ്ധതിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/18.01.2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവു തുക ₹1,00,000 തടസ്സം ചെയ്യുന്നു.

## 1-30 പൗരാവകാശ രേഖ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് : 148/23 പൗരാവകാശ രേഖ പ്രസിദ്ധീകരണം
അടങ്കൽ : ₹6,00,000/- (തനത് ഫണ്ട്)
ചെലവ് : ₹6,00,000/-

- വൗച്ചർ നമ്പർ 22200944/12.12.22 (₹5,76,000)
- വൗച്ചർ നമ്പർ 22200945/12.12.2022 (₹6,000)
- വൗച്ചർ നമ്പർ 22200946/12.12.2022 (₹6,000)
- വൗച്ചർ നമ്പർ 22200947/12.12.2022 (₹12,000)

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ 6,00,000/- രൂപക്ക് ഏറ്റവും കൂടുതൽ ബുക്കുകൾ പ്രിന്റ് ചെയ്തുതരാമെന്ന് അറിയിച്ച ബിന്ദു പ്രിന്റേഴ്സ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും 7000 എണ്ണം പൗരാവകാശ രേഖകൾ പ്രിന്റ് ചെയ്ത് നഗരസഭയിൽ എത്തിക്കുകയും ചെയ്തു.

വിതരണം ചെയ്ത വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.01.2024) ആയത് വാർഡു മെമ്പർമാർ കൈപ്പറ്റിയ രേഖകൾ ലഭ്യമാക്കി. പ്രോജക്ട് രൂപീകരണ സമയത്ത് നഗരസഭയിൽ എത്ര പൗരാവകാശ രേഖ പ്രിന്റ് ചെയ്യണം എന്നത് തീരുമാനിച്ചതായി കാണുന്നില്ല. ടെണ്ടർ ക്ഷണിച്ചപ്പോൾ അടങ്കൽ തുകക്ക് ഏറ്റവും കൂടുതൽ പൗരാവകാശ രേഖ പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയാണ് ചെയ്തത്. ഇത് ശരിയായ നടപടി ക്രമമല്ല. മേലിൽ പ്രോജക്ട് രൂപീകരിക്കുമ്പോൾ ആവശ്യമായ എണ്ണം തിട്ടപ്പെടുത്തിയതിനു ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം - അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല

പ്രോജക്ട് : 245/23 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം
അടങ്കൽ : ₹10,00,000/- (വികസന ഫണ്ട്- പൊതു വിഭാഗം)
ചെലവ് : ₹10,00,000/- ( ബിൽ നമ്പർ 22150647002000756694/09.11.2022)

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം വയോമിത്രം പദ്ധതിക്ക് നഗരസഭയുടെ വിഹിതമായി 10,00,000/- രൂപ

സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനഫണ്ട് സമാഹരിക്കുന്നതിനായി 10,00,000/- രൂപ നൽകാൻ നഗരസഭക്ക് അനുമതി ഉണ്ട്. (സ.ഉ.(സാധാ)നം.1209/ 2013/ ത.സ്വ.ഭ.വ തിയ്യതി 06.05.2013). സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി തുക ചെലവഴിച്ചു എന്നാണ് സോഷ്യൽ സെക്യൂരിറ്റി മിഷൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത്. വയോമിത്രം പദ്ധതിക്കായി തുക നൽകുന്നതിന് സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/18.01.2023) 2023-24 വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും നഗരസഭാ പ്രദേശത്തുള്ള വയോമിത്രം പദ്ധതി ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരമുള്ള തുക ജില്ലാ ട്രഷറിയിൽ വയോമിത്രം പദ്ധതിക്കായി പുതിയതായി ആരംഭിച്ച ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറണമെന്ന് അറിയിച്ചു കൊണ്ടുള്ള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അർദ്ധ ഔദ്യോഗിക കത്ത് ലഭ്യമാക്കി. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനഫണ്ട് സമാഹരിക്കുന്നതിനായാണ് അനുമതിയുള്ളത്. വയോമിത്രം പദ്ധതിക്കായി തുക നൽകുന്നത് വയോജനക്ഷേമം മേഖലയിലേക്ക് വകയിരുത്തിയ തുക ആണെന്ന് പദ്ധതി ഫോം പരിശോധിച്ചതിൽ വ്യക്തമായി ആയതിനാൽ തന്നെ ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്ന് കാണിക്കുന്ന വിശദമായ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-32 കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി തുക കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവ് തുക/ വൗച്ചർ നമ്പർ / തിയ്യതി | എസ്റ്റിമേറ്റ് നമ്പർ/തിയ്യതി/ ഡെപ്പോസിറ്റ് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|
| 410/23 സ്ട്രീറ്റ് ലൈറ്റുകൾക്ക് ലൈൻ വലിക്കൽ | ₹5,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹1,91,575/- 22201047/17.01.23 | DB/PPS/2022-23/248/ 18.10.2022 (₹1,73,610/-) | ഡിവിഷൻ 10ലെ നെച്ചിക്കാട് റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/139/ 29.06.2022 (₹17,965/-) | ഡിവിഷൻ 12 ലെ കുണ്ടൻകടവ് ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | ₹2,94,773/- 22201513/31.03.23 | DB/PPS/2022-23/412/ 28.03.2023 (₹59,200/-) | ഡിവിഷൻ 10 ലെ പൊറായപുരം പാത്ത് വേ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/20/VKU/ Street Light/ 2022-23/454/09.03.2023 (₹1,26,732/-) | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് വള്ളിക്കുന്ന് ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/405/ 25.03.2023 (₹1,08,841/-) | ഡിവിഷൻ 21 ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |

| | | | | |
|---|---|---|---|---|
| 358/23 നഗരസഭയിലെ വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും ത്രീ ഫേസ് ലൈൻ വലിക്കലും | ₹10,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹1,85,562/- 22201514/31.03.23 | DB/PPS/2022-23/340/ 09.02.2023 (₹47,285/-) | കല്ലിങ്ങൽ പാത്ത് വേ ലിങ്ക് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/363/ 09.03.2023 (₹,107,764/-) | ഡിവിഷൻ 20 ലെ കൈതവളപ്പ് പ്രദേശത്ത് പുതിയ ഇലക്ട്രിക് ലൈൻ വലിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/368/ 09.03.2023 (₹24,276/-) | ഡിവിഷൻ 18 ലെ മൈതാനം റോഡിൽ ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് ( JC 73) മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/353/ 23.02.2023 (₹6,237/-) | ഡിവിഷൻ 32 ലെ ടെലിഫോൺ എക്സ്ചേഞ്ച് റോഡിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്( PP 20/18) മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | ₹1,46,344/- 22201046/17.01.23 | DB/PPS/2022-23/140/ 29.06.2022 (₹12,366/-) | കരിമ്പന ഫുട്പാത്ത് കോനതീരി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/247/ 18.10.2022 (₹40,018/-) | ഡിവിഷൻ 10 ലെ കുറ്റിയിൽ ഊപ്പാട്ടുതാഴം റോഡിൽ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/473/ 30.03.2023 (₹35,936/-) | മണ്ട്യാലക്കടവിൽ പോസ്റ്റ് സ്ഥാപിക്കൽ, പാലത്തിങ്ങൽ ലൈൻ ദീർഘിപ്പിക്കൽ എന്നിവക്കായി പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | | DB/PPS/2022-23/250/ 19.10.2022 (₹31,999/-) | ഡിവിഷൻ 1 ലെ വാരിയത്ത് പാടം ഡ്രൈനേജ് നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ( CB 74/2 To 74/6) മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് |

| | | |
|---|---|---|
| | | നൽകിയ തുക |
| | DB/PPS/2022-23/258/ 31.10.2022 (₹13,320/-) | ഇലക്ട്രിക് പോസ്റ്റ്( MP 8/13) മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | DB/PPS/2022-23/190/ 19.08.2022 (₹12,705/-) | ഡിവിഷൻ 11 ലെ കണ്ടനാട്ട് താഴം റോഡിൽ വാഹനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് (JU 86/7) മാറ്റി സ്ഥാപിക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |

മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19.01.2024) കെ.എസ്.ഇ.ബി-യിലേയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ആയത് ലഭ്യമാവുന്നതു വരെ ചെലവ് തുക ₹8,18,254/- തടസ്സം ചെയ്യുന്നു.

## 1-33 ആസ്തി രജിസ്റ്ററിൽ കാലികമാക്കുന്നില്ല.

വൗച്ചർ നമ്പർ : 22200102/06.05.2022

തുക : ₹1,910

ഫയൽ നമ്പർ : R3/PW1/4784/22

മേൽ തനത് ഫണ്ട് വൗച്ചർ പ്രകാരം വാർഡ് 38 ലെ 15ാം നമ്പർ അംഗൻവാടിയ്ക്കായി ലഭിച്ച ഭൂമിയുടെ രജിസ്ട്രേഷൻ നടത്തിയതിന് ശ്രീ. അനീഷ് ഇടത്തോടി എന്നവർക്ക് തുക നൽകിയിട്ടുണ്ട്. അംഗൻവാടിക്കായി ലഭ്യമായ ഭൂമി ആസ്തി രജിസ്റ്ററിൽ അപ്‌ഡേറ്റ് ചെയ്തതിന്റെ വിവരം, ടി സ്ഥലത്ത് അംഗൻവാടി നിർമ്മാണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/24.01.2024) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥലം ഉൾപ്പെട്ടിട്ടില്ല എന്ന വ്യക്തമായി. നഗരസഭക്ക് ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടക്കുമ്പോൾ മാത്രമാണ്, വാങ്ങിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. പർച്ചേസ് ചെയ്യുന്ന/ലഭ്യമാവുന്ന സ്ഥലങ്ങൾ അതാത് സമയം ആസ്തിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി തുക നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി സെക്രട്ടറി തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക (₹) | ഫയൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 22200187/ 25.05.2022 | 12,773 | PW1/5930/21 | വാർഡ് 13 ലെ KT-27/12B നമ്പർ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| 2 | 22200188/ 25.05.2022 | 3,589 | PW1/2071/22 | വാർഡ് 43 ലെ CB11/2X നമ്പർ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| 3 | 22200189/ 25.05.2022 | 6,684 | PW1/1462/21 | വാർഡ് 13 ലെ KT-27/12D നമ്പർ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |

| | | | | |
|---|---|---|---|---|
| 4 | 22200262/ 25.05.2022 | 16,600 | PW1/3628/21 | വാർഡ് 11 ലെ TC-9/15D നമ്പർ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| 5 | 22200263/ 10.06.2022 | 8,102 | PW1/69082/22 | വാർഡ് 44 ലെ അംഗൻ വാടി അറ്റകുറ്റപ്പണിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| 6 | 22200264/ 10.06.2022 | 5,961 | PW1/3062/22 | വാർഡ് 29 ലെ പഴശ്ശിനഗർ കുറിയിൽ പാടം റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| 7 | 22200265/ 10.06.2022 | 18,392 | PW1/4324/22 | വാർഡ് 44 ലെ കോട്ടുങ്ങൽ റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കുന്നതിന് പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക |
| | | 72,101 | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം വിനിയോഗ സാക്ഷ്യപത്രം സഹിതം ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 43/24.01.2024) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതു വരെ ചെലവു തുക 72,101/- തടസ്സം ചെയ്യുന്നു

## 1-35 വാർഡ് തല ശുചിത്വം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വാർഡ് തല സാനിറ്റേഷനായി താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക സെക്രട്ടറി വാർഡ്തല കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 22200402/08.07.2022 | 2,50,000 | 25 വാർഡുകൾക്ക് 10,000/- രൂപ വീതം നൽകി. (ഫയൽ നമ്പർ H1/12672/21) |
| 2 | 22200543/26.08.2022 | 1,50,000 | 15 വാർഡുകൾക്ക് 10,000/- രൂപ വീതം നൽകി. (ഫയൽ നമ്പർ H1/12672/21) |
| 3 | 22200689/01.10.2022 | 50,000 | 5 വാർഡുകൾക്ക് 10,000/- രൂപ വീതം നൽകി. (ഫയൽ നമ്പർ H1/12672/21) |

മേൽ തുക വാർഡ് തല ശുചിത്വ കമ്മറ്റി ചെലവഴിച്ചതിന്റെ വൗച്ചറുകൾ, ക്യാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/24.01.2024) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധരേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,50,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-36 വാഹനങ്ങളുടെ ഇൻഷ്വറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

18.04.2000തിയ്യതിയിലെ സ.ഉ(പി) 89/2000/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടെയും തേഡ് പാർട്ടി ഇൻഷ്വറൻസ് പോളിസി, കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ, നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് 07.08.2021 ലെ ഗതാഗതവകുപ്പിന്റെ സർക്കുലർ നമ്പർ ബി2/278/2019 പ്രകാരവും ഉത്തരവായിട്ടുണ്ട്.

2022-23 വർഷത്തിൽ നഗരസഭയുടെ വാഹനങ്ങളുടെ പോളിസി എടുത്തപ്പോഴും മറ്റു സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നാണെന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ | വൗച്ചർ നമ്പർ/ | തുക | ഫയൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|

| നമ്പർ | തിയ്യതി (തുക) | (₹) | | |
|---|---|---|---|---|
| 1 | 22200085/04.05.2022 (₹9,369) | 9,369 | PW1-15733/17 | KL-65-7969 ടവേരയുടെ ഇൻഷ്വറൻസ് തുക അടവാക്കുന്നതിന് ശ്രീ. സന്ദീപ്. കെ. സി, ക്ലെർക്കിന് നൽകിയത്. |
| 2 | 22200039/12.04.2022 (₹8,709) | 8,709 | PW2-1028/18 | KL-65-4-7740 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് തുക ന്യൂ ഇൻഡ്യ അഷ്വറൻസിലേക്ക് അടവാക്കിയത്. |
| 3 | 22201083/25.01.2023 (₹15,764) | 15,764 | PW1-20665/22 | KL-65-R9561 Ertigaയുടെ ഇൻഷ്വറൻസ് തുക മാരുതി ഇൻഷ്വറൻസിലേക്ക് അടവാക്കിയത്. |
| 4 | 22200067/23.04.2022 (₹75,000) | 25,596 | H1/674/22 | മാലിന്യ സംസ്കരണ പദ്ധതിക്കായി വാങ്ങിയ പുതിയ വാഹനത്തിന്റെ ഇൻഷ്വറൻസ് തുക ന്യൂ ഇൻഡ്യ അഷ്വറൻസിലേക്ക് അടവാക്കിയത്. |

സർക്കാർ ഉത്തരവിനു വിരുദ്ധമായി സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 46/23.01.2024) മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 KMSCLൽ നിന്നും 1,86,044/- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCLന്) തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ബിൽ/വൗച്ചർ നം, ഫണ്ട് | തുക (₹) | പ്രൊഫോർമ ഇൻവോയ്സ് നം. | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|---|---|
| | | | | | ഇൻവോയ്സ് നം. | മരുന്ന് വില (₹) | |
| 1 | 1/23 - ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ | BRN 221506470059003442227/ 23.07.22, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) അടങ്കൽ:70000 [ 300000 തനത് ഫണ്ട് + 40000 എം.ജി (നോൺ റോഡ്)] ആകെ ചെലവ്: 699984 [(299984 തനത്ഫണ്ട് +400000 എംജി (നോൺ റോഡ്)] | 1,50,000 | PRF401/ 18.06.22 | 9548/27.08.22 | 11,088 | 24,703 |
| | | | | | 12657/30.09.22 | 1,651 | |
| | | | | | 16745/10.11.22 | 6,487 | |
| | | | | | 17169/15.11.22 | 12,413 | |
| | | | | | 18756/25.11.22 | 29,411 | |
| | | | | | 22678/11.01.23 | 3,450 | |
| | | | | | 360/04.04.23 | 4,928 | |
| | | | | | 1356/27.04.23 | 34,451 | |
| | | | | | 10013/20.06.23 | 7,819 | |
| | | | | | 14497/28.07.23 | 13,599 | |
| | | | | | **ആകെ** | **1,25,297** | |
| 2 | " | BRN 221506470059003442228/ 23.07.22, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2,00,000 | PRF402/ 18.06.22 | 16749/10.11.22 | 14,759 | 23,656 |
| | | | | | 17170/15.11.22 | 26,264 | |
| | | | | | 18772/25.11.22 | 30,554 | |
| | | | | | 19660/09.12.22 | 74,424 | |
| | | | | | 22676/11.01.23 | 17,637 | |
| | | | | | 345/04.04.23 | 6,451 | |
| | | | | | 1599/04.05.23 | 767 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 14302/28.07.23 | 5,488 | |
| | | | | | **ആകെ** | **1,76,344** | |
| 3 | ,, | Vr 22201433/29.03.23, തനത് ഫണ്ട് | 2,99,984 | PRF3822/ 21.01.23 | 1579/04.05.23 | 32,652 | 58,860 |
| | | | | | 8182/08.06.23 | 8,114 | |
| | | | | | 10930/29.06.23 | 1,33,796 | |
| | | | | | 12933/15.07.23 | 51,657 | |
| | | | | | 21808/27.11.23 | 3,293 | |
| | | | | | 22595/04.12.23 | 11,612 | |
| | | | | | **ആകെ** | **2,41,124** | |
| 4 | 2/23 - പരിരക്ഷ പദ്ധതി അടങ്കൽ:979120 [ 540560 വികസന ഫണ്ട് + 438560 തനത്] ആകെ ചെലവ്: 940851 [(540560 വികസനഫണ്ട് ( ജനറൽ)+40091 (തനത്)] | Vr 22200462/04.08.22, തനത് ഫണ്ട് | 49,999 | PRF403/ 18.06.22 | 21135/20.11.23 | 493 | 47,225 |
| | | | | | 22387/01.12.23 | 758 | |
| | | | | | 23658/14.12.23 | 1,523 | |
| | | | | | **ആകെ** | **2,774** | |
| 5 | ,, | Vr 22200463/04.08.22, തനത് ഫണ്ട് | 9,942 | PRF405/ 18.06.22 | 22384/01.12.23 | 1,407 | 8,535 |
| | | | | | **ആകെ** | **1,407** | |
| 6 | ,, | BRN 22150647005900344224/ 23.07.22, വികസന ഫണ്ട് - ജനറൽ | 90,340 | PRF407/ 18.06.22 | 9544/27.08.22 | 1,626 | 23,065 |
| | | | | | 11951/23.09.22 | 7,475 | |
| | | | | | 11952/23.09.22 | 3,297 | |
| | | | | | 14276/19.10.22 | 502 | |
| | | | | | 15150/28.10.22 | 114 | |
| | | | | | 15624/02.11.22 | 288 | |
| | | | | | 17162/15.11.22 | 3,297 | |
| | | | | | 17166/15.11.22 | 7,442 | |
| | | | | | 17157/15.11.22 | 2,847 | |
| | | | | | 17216/15.11.22 | 696 | |
| | | | | | 20485/19.12.22 | 4,515 | |
| | | | | | 20842/21.12.22 | 1,751 | |
| | | | | | 23079/13.01.23 | 516 | |
| | | | | | 23152/16.01.23 | 333 | |
| | | | | | 1563/03.05.23 | 3,787 | |
| | | | | | 2691/09.05.23 | 753 | |
| | | | | | 5619/24.05.23 | 13,986 | |
| | | | | | 7457/03.06.23 | 2,135 | |
| | | | | | 10015/20.06.23 | 3,102 | |
| | | | | | 12891/14.07.23 | 3,975 | |
| | | | | | 15380/08.08.23 | 4,838 | |
| | | | | | **ആകെ** | **67,275** | |
| | | **ആകെ** | **8,00,265** | | | **6,14,221** | **1,86,044** |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/19.01.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന ആകെ 1,86,044/- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സ്/സ്റ്റോക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-38 2,29,667/- രൂപയുള്ള ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു.

പ്രൊ. നം. : 534/23 - ചാപ്പപ്പടി ഡിസ്പെൻസറി ലാബ് സൗകര്യം ഒരുക്കൽ
നിർവ്വഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
അടങ്കൽ : ₹3,69,499/- (തനത് ഫണ്ട്)
ചെലവ് : ₹2,29,667/- (വൗച്ചർ നം. 22201449/30.03.23)

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCLന്) റേറ്റ് കോൺട്രാക്ട് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും താഴെപ്പറയുന്ന ലബോറട്ടറി ഉപകരണങ്ങൾ ഓരോന്ന് വീതം ലഭ്യമാക്കുന്നതിനായി മേൽ പ്രോജക്ട് മുഖേന KMSCLന് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | സപ്ലയർ | വില (₹) (KMSCLസർവ്വീസ് ചാർജ്, ജി.എസ്.റ്റി എന്നിവ ഉൾപ്പെടെ) | KMSCL പ്രൊഫോർമ ഇൻവോയ്സ് നം/ തീയ്യതി/തുക |
|---|---|---|---|---|
| 1 | Hematology Analyser (3 Part) | M/S Agappe Diagnostics Ltd. | 1,64,138 | 267/2022-23, 15.03.23, ₹1,64,138 |
| 2 | Binocular Microscope – Type 1 | M/S Scientific Medical Equipments (Kerala) Pvt Ltd. | 24,621 | 268/2022-23, 15.03.23, ₹65,529 |
| 3 | Centrifuge – Brushless Type – 8*15 Ml | M/S Universal Agencies | 40,908 | |
| | ആകെ | | 2,29,667 | |

മേൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്ന് കാണിച്ച് 30.05.23, 10.07.23, 17.08.23 തീയതികളിൽ KMSCLന് അയച്ച സി. 1/360/2023 നമ്പർ കത്ത് ഫയലിൽ ലഭ്യമാണ്. ഈ ഉപകരണങ്ങൾ ലഭ്യമാക്കുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/19.01.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കുന്നതുവരെ 2,29,667/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-39 ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - GeM പോർട്ടൽ ഉപയോഗപ്പെടുത്തിയില്ല.

പ്രൊ. നം. : 441 /23 - ആരോഗ്യസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മറ്റു ഉപകരണങ്ങൾ വാങ്ങൽ
നിർവ്വഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
അടങ്കൽ : ₹2,48,000/- (2,38,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), ₹10,000/- തനത് ഫണ്ട്)
ചെലവ് : ₹2,30,023/- (2,20,023/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), ₹10,000/- തനത് ഫണ്ട്)

2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് മുഖേന താഴെ പറയുന്ന ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്.

**1)**

| |
|---|
| സ്ഥാപനം : "ബ്രാന്റ് ഹൗസ് ഏജൻസീസ്", കോഴിക്കോട് |
| ഇൻവോയ്സ് നം/തീയ്യതി, തുക : 1685/13.10.22, ₹66,000 |
| ബിൽ നം/തീയ്യതി, ആകെ ബിൽ തുക, ഫണ്ട് : BRN 22150647005900752772/09.11.22, ₹1,42,368/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| **വാങ്ങിയ ഉപകരണങ്ങൾ** |

| ക്രമ നം | ഇനം | എണ്ണം | യൂണിറ്റ് വില (₹) (ജി.എസ്.റ്റി | ആകെ വില ₹) |
|---|---|---|---|---|

| | | | ഉൾപ്പെടെ) | |
|---|---|---|---|---|
| 1 | എയർ കണ്ടീഷണർ - ഒനിഡ 1 ടൺ ഇൻവെർട്ടർ എ.സി | 1 | 28,500 | 28,500 |
| 2 | റഫ്രിജറേറ്റർ - വേൾപൂൾ 215L | 2 | 18,000 | 36,000 |
| 3 | എ.സി വാൾ ബ്രാക്കറ്റ് | 1 | 500 | 500 |
| 4 | എ.സി ഇൻസ്റ്റലേഷൻ ചാർജ് | | | 1,000 |
| | **ആകെ** | | | **66,000** |

**2)**

| |
|---|
| സ്ഥാപനം : "എക്സ്പെർട്ട് സിസ്റ്റംസ്", പരപ്പനങ്ങാടി |
| ഇൻവോയ്സ് നം/തീയ്യതി, തുക : 654/04.03.23, ₹32,800 |
| ബിൽ നം/തീയ്യതി, ആകെ ബിൽ തുക, ഫണ്ട് : BRN 22150647005901382277/17.03.23, ₹32,800/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| **വാങ്ങിയ ഉപകരണങ്ങൾ** |

| ക്രമ നം | ഇനം | എണ്ണം | യൂണിറ്റ് വില (₹) (ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ വില (₹) |
|---|---|---|---|---|
| 1 | പ്രിന്റർ - എപ്സൺ M200 | 2 | 16,400 | 32,800 |
| | **ആകെ** | | | **32,800** |

ജി.ഒ.(പി) നം.7/2019/എസ്.പി.ഡി. തീയതി 26.04.2019 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങൾ "ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ്" (GeM) പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിന ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. മേൽ ഉപകരണങ്ങൾ GeM പോർട്ടൽ മുഖേനയല്ലാതെ, പ്രാദേശികമായി ക്വട്ടേഷൻ വിളിച്ചാണ് വാങ്ങിയിട്ടുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് രേഖകൾ/വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/19.01.2024ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-40 പെറ്റ് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ - സ്റ്റോർ പർച്ചേയ്സ് നിയമം പാലിച്ചില്ല - ₹16,900/- അധികചെലവ്.

2022-23 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ പെറ്റ് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന റെയ്ഡ്കോ തിരൂരിന് 100 പെറ്റ് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | അടങ്കൽ/ചെലവ് തുക (₹) | ബിൽ നമ്പർ |
|---|---|---|
| 161/23 - പെറ്റ് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ | 400000/3,84,900/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 60/27.07.22 |

ഈ പദ്ധതിക്കായി ഇ ടെണ്ടർ ക്ഷണിച്ചതിൽ ചുവടെ ചേർത്ത പ്രകാരം ടെണ്ടറുകൾ ലഭിക്കുകയുണ്ടായി.

| സ്ഥാപനം | 1 യൂണിറ്റിന് ക്വാട്ട് ചെയ്ത നിരക്ക് (₹) |
|---|---|
| ഫെതർലൈൻ കോഴിക്കോട് | 3,680 |
| റെയ്ഡ്കോ തിരൂർ | 3,849 |
| സിൽക്ക് | 4,000 |
| അസിം ഡെവലപ്പേഴ്സ് | 3,972 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് (₹3,680) ക്വാട്ട് ചെയ്ത "ഫെതർലൈൻ കോഴിക്കോട്" എന്ന സ്ഥാപനത്തെ തഴഞ്ഞ് നഗരസഭ പർച്ചേയ്സിംഗ് കമ്മിറ്റിയുടെ 28.01.22 ലെ 3-ാം നമ്പർ തീരുമാനപ്രകാരം വിശ്വാസ്യത, സർക്കാർ

അംഗീകൃത സ്ഥാപനം എന്നിവ പരിഗണിച്ച് റെയ്ഡ്കോയെ പദ്ധതി നടത്തിപ്പ് ഏൽപ്പിക്കുക വഴി നഗരസഭക്ക് 16,900 രൂപ അധിക ചെലവുണ്ടായി. [(3,849 – 3,680) X 100 = 16,900] ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/2022-23/16.01.24 ക്ക് മറുപടി നൽകിയിട്ടില്ല. ഗുണമേന്മ ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്താതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ക്രമപ്രകാരമല്ല. SPO നിയമത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ട തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തെറ്റായ തീരുമാനം കൈകൊണ്ട പർച്ചേസ്സിംഗ് കമ്മറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-41 റിംഗ് കംമ്പോസ്റ്റ് വ്യക്തിഗതം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ റിംഗ് കംമ്പോസ്റ്റ് വ്യക്തിഗതം എന്ന പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹3,44,048, കേന്ദ്രാവിഷ്കൃത ഫണ്ട് ₹3,79,864, സംസ്ഥാനാവിഷ്കൃതം ₹2,52,881, മറ്റുള്ളവ ₹1,08,532, ആകെ ₹10,85,325/- രൂപ ചെലവഴിച്ച് (37,50,000/- അടങ്കൽ) നഗരസഭയിലെ അടുക്കള മാലിന്യം വീട്ടുവളപ്പിൽ സംസ്കരിക്കുന്നതിനായി റെയ്ഡ്കോ മുഖേന നഗരസഭയിലെ ഓരോ വാർഡിലും ₹2,175/- നിരക്കിൽ 1000 റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് 28.11.2022ലെ നമ്പർ 1359/ഡി.എസ്.എം./2022 ഉത്തരവ് പ്രകാരം ജില്ലാ ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും റെയ്ഡ്കോയുമായി 04.03.2022 ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുള്ളതുമാണ്. പദ്ധതി സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | H-14678/2022 |
| പ്രോജക്ട് | റിംഗ് കംമ്പോസ്റ്റ് വ്യക്തിഗതം (342/23) |
| അടങ്കൽ | 37,50,000/- രൂപ (1188750-കേന്ദ്ര ധനകാര്യ കമ്മീഷൻ, 1312500- കേന്ദ്ര ഫണ്ട്, 873750 -സംസ്ഥാനാവിഷ്കൃത ഫണ്ട്, 375000- മറ്റുള്ളവ) |

ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം റെയ്ഡ്കോ-യ്ക്ക് തുക നൽകിയിട്ടുണ്ട്.

| ബിൽ/ചെക്ക് നമ്പർ/തീയ്യതി | ചെലവഴിച്ച തുക(₹) |
|---|---:|
| 415/30.03.23 | 3,44,048 |
| 6322745/31.03.23 | 6,32,745 |
| 165263/31.03.23 | 1,08,532 |
| **ആകെ.** | **10,85,325** |

| ഇൻവോയ്സ് നമ്പർ | ഇനം |
|---|---|
| RAIDCO-J2/486/228/499/25.09.22 | 499 റിംഗ് കംമ്പോസ്റ്റ് |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തീയ്യതി. 24.07.2019 സ്റ്റാമ്പ് ഷെഡ്യൂൾ (5 F) പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1,000/- രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത പദ്ധതിക്കായി 100 രൂപയുടെ കരാർ പത്രികയാണ് തയ്യാറാക്കിയിട്ടുള്ളത്. (ഈ പദ്ധതിയുടെ അടങ്കൽ തുകയുടെ മൂല്യം = ₹3,750/-).

2. സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തീയ്യതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്. എന്നാൽ അടങ്കൽ 37,50,000/- രൂപയുള്ള ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത് ജില്ലാ ശുചിത്വ മിഷനാണ്.സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്

3. RAIDCO യും നഗരസഭയും 04.11.2022ന് ഒപ്പ് വെച്ച കരാർ നമ്പർ1/22-23/JHI/PGI വ്യവസ്ഥ 5 പ്രകാരം റിംഗ് കംമ്പോസ്റ്റ് പൂർണ്ണമായും വിതരണം ചെയ്ത് ലിസ്റ്റ് ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് പ്രവർത്തനസജ്ജമാണ് എന്ന് ഉറപ്പ് വരുത്തിയശേഷമാണ് മുഴുവൻ തുകയും നൽകേണ്ടത്. എന്നാൽ നഗരസഭ കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ഇൻവോയ്സ് പ്രകാരമുള്ള തുക മുഴുവനായും അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

4. ഓഡിറ്റ് വർഷത്തിൽ ലഭ്യമായ 499 റിംഗ് കംമ്പോസ്റ്റ് സ്ഥാപിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം, സ്ഥാപനം നൽകിയിട്ടില്ല. കൂടാതെ 499 ബയോ കംമ്പോസ്റ്റ് ബിൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം സഹിതം ഹാജരാക്കിയിട്ടില്ല.
5. ആകെ 499 റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങിയതിൽ 482 റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. മാത്രമല്ല 17 റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് ഇനിയും ലഭ്യമായിട്ടില്ല.
6. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമല്ല. (499 X ₹220 = ₹1,09,780)
അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42/23.01.24 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 10,85,325/- രൂപ തടസ്സം ചെയ്യുന്നു.

## 1-42 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് മുഖേന താഴെ പറയും പ്രകാരം ₹37,33,225/- State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.
അടങ്കൽ:37,33,225

| പ്രോജക്ട് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|
| 409/23 - എസ്.എസ്.കെ പദ്ധതി നഗരസഭാ വിഹിതം | 30,00,000 | 22150647006500752344 /09.11.22 (വികസന ഫണ്ട് ജനറൽ) |
| | 7,33,225 | 22150647006501578277 /31.03.23 (വികസന ഫണ്ട് ജനറൽ) |
| **ആകെ** | **37,33,225** | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 പ്രകാരം

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 (ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 (ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നൽകണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭക്ക് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചതായി കാണുന്നില്ല.
- വികസന പദ്ധതികളിൽ നഗരസഭ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/17.01.24ന് നൽകിയ മറുപടിയിൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് എസ്.എസ്.കെ. യ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 37,33,225/- രൂപ തടസ്സം ചെയ്യുന്നു.

## 1-43 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/LSGD തിയതി. 28.05.2022 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെയും, പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകളുടെയും അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ അനുബന്ധം 4ൽ പരാമർശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ലാപ്ടോപ്പുകൾ വാങ്ങി നൽകാവുന്നതാണ്.

ഈ പദ്ധതി പ്രകാരം വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന, നഗരസഭയിലെ 10 പട്ടികജാതി വിദ്യാർത്ഥികൾക്ക് 37,240/- രൂപ വിലയുള്ള ലാപ്ടോപ്പുകൾ കെൽട്രോണിൽനിന്നും ഇൻവോയ്സ് നം. KSEDC/CLT/22-23/300/15.03.23 പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| നിർവ്വഹണം | പദ്ധതി | അടങ്കൽ/ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| ഹെഡ്മാസ്റ്റർ | 364/23 – പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | ₹6,45,000/₹3,72,740 വികസന ഫണ്ട് SCP | 392/29.3.23 |

ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു

1. സർക്കാർ ഉത്തരവിനു വിരുദ്ധമായി സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം +1 ക്ളാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വാങ്ങിക്കുകയും അനുവദിക്കുന്നതിനായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും വാങ്ങി ആയത് വിതരണം ചെയ്യാതെ സ്കൂളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

2. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ മോഡൽ നം, പ്രൊഡക്ട് ഐ.ഡി/സീരിയൽ നമ്പർ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച ലാപ്ടോപ്പുകൾ കേടാവുന്ന മുറക്ക് ഗുണഭോക്താക്കൾ നഗരസഭയുമായി ബന്ധപ്പെടുമ്പോൾ സർവീസ് കൃത്യമായി കൊടുക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/22.01.24 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിക്കാതെയും ആവശ്യകത പരിഗണിക്കാതെയും ലാപ്ടോപ്പുകൾ വാങ്ങിയത് ക്രമ പ്രകാരമല്ല. സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന ലാപ്ടോപ്പ് അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-44 സ്ഥിരം കൃഷിക്ക് ആനുകൂല്യം (ജനറൽ) - കർഷകർ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ സ്ഥിരം കൃഷിക്ക് ആനുകൂല്യം പദ്ധതികൾക്കായി (ജനറൽ) താഴെ പറയും പ്രകാരം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്ട് | അടങ്കൽ/ചെലവഴിച്ച തുക (₹) | ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| സ്ഥിരം കൃഷിക്ക് ആനുകൂല്യം നെൽ കൃഷി കൂലിചെലവ് സബ്സിഡിയും വിത്ത് വിതരണവും (390/23) | 2960000/16,32,000 (വികസന ഫണ്ട് ജനറൽ) | 25/29.3.23 | സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 57 ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. |
| സ്ഥിരം കൃഷിക്ക് ആനുകൂല്യം പച്ചക്കറി കൃഷി കൂലിചെലവ് | 300000/ 57200, (വികസന ഫണ്ട് ജനറൽ) | 18/22.3.23 | സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ |

| | | | |
|---|---|---|---|
| സബ്സിഡി (396/23) | | | 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 7 ഗുണഭോക്താക്കൾക്ക് പച്ചക്കറി കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമല്ല. |
| നിറപറ നെൽകൃഷി വികസനം (135/23) | 10,84,840/ 10,84,840 | 5/28.5.22 | സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 60 ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. |
| **ആകെ ചലവ്** | **27,74,040** | | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/22.1.24 ന് മറുപടി നൽകിയിട്ടില്ല.ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 27,74,040/- രൂപ തടസ്സം ചെയ്യുന്നു.

## 1-45 സ്ഥിരം കൃഷിക്ക് ആനുകൂല്യം (എസ്.സി) - കർഷകർ വിള ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ സ്ഥിരം കൃഷിക്ക് ആനുകൂല്യം പദ്ധതികൾക്കായി (എസ്.സി) താഴെ പറയും പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ/ ചെലവഴിച്ച തുക (₹) | ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| സ്ഥിരം കൃഷിക്ക് ആനുകൂല്യം നെൽ കൃഷി കൂലിചെലവ് സബ്സിഡിയും വിത്ത് വിതരണവും (398/23) | 5,02,240 (വികസന ഫണ്ട് SCP) | 22/29.3.23 | സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 23ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. |
| സ്ഥിരം കൃഷിക്ക് ആനുകൂല്യം പച്ചക്കറി കൃഷി കൂലിചെലവ് സബ്സിഡി (400/23) | 49,120 (വികസന ഫണ്ട് SCP) | 13/22.3.23 | സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 7 ഗുണഭോക്താക്കൾക്ക് പച്ചക്കറി കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ |

| | | | |
|---|---|---|---|
| | | | അപേക്ഷയോടൊപ്പം ലഭ്യമല്ല. |
| ആകെ | 551360 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.01.24) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾ വിള ഇൻഷ്യുറൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 5,51,360/- രൂപ തടസ്സം ചെയ്യുന്നു

## 1-46 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ക്രെഡിറ്റ് ചെയ്തില്ല - ₹92,165/- ലാപ്സായി.

കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികളിലായി ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സബ്സിഡി തുക ഡാറ്റാ എൻട്രിയിൽ തെറ്റായ വിവരങ്ങൾ നൽകിയത് മൂലം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഗുണഭോക്താവ് | അക്കൗണ്ട് നമ്പർ | തുക (₹) | ബിൽ നമ്പർ |
|---|---|---|---|---|
| കേര സമൃദ്ധി - നാളികേര വികസനം (133/23) | ശ്രീ.ഫിദൗസ് തേറാനത്ത് | 0477051000000190-SIB | 1,470 | 2/25.05.22 |
| കേര സമൃദ്ധി - നാളികേര വികസനം (377/23) | ശ്രീ.മൊയ്തീൻ ചെട്ടിയാംതൊടി | 57049456931-SBI | 3,375 | 17/22.03.23 |
| വാഴ കൃഷി വികസനം (378/23) | ശ്രീ. ദാസൻ ചട്ടിക്കൽ | 37610917066 | 3,000 | 31/28.03.23 |
| സ്ഥിരം കൃഷിക്ക് ആനുകൂല്യം നെൽ കൃഷി കൂലിചെലവ് സബ്സിഡിയും വിത്ത് വിതരണവും (390/23) | ശ്രീ. അലവി നല്ലേടത്ത് | 10420416462-SBI | 34,720 | 25/28.03.23 |
| സ്ഥിരം കൃഷിക്ക് ആനുകൂല്യം നെൽ കൃഷി കൂലിചെലവ് സബ്സിഡിയും വിത്ത് വിതരണവും (390/23) | ശ്രീമതി. ഫസ്ലീലത്ത് വടക്കേചോലക്കകത്ത് | 40220101046878-KLGB | 18,560 | 25/28.03.23 |
| സ്ഥിരം കൃഷിക്ക് ആനുകൂല്യം നെൽ കൃഷി കൂലിചെലവ് സബ്സിഡിയും വിത്ത് വിതരണവും (390/23) | ശ്രീമതി. ലക്ഷ്മി ചട്ടിക്കൽ | 30997010657-SBI | 31,040 | 25/28.03.23 |
| | | ആകെ | 92,165 | |

ട്രഷറി ഓഫീസർക്ക് കൃഷി ഓഫീസർ 16.11.23 നൽകിയ കത്ത് പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ തെറ്റിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/22.01.24 ന് മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സബ്സിഡി തുകകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-47 ഞങ്ങളും കൃഷിയിലേക്ക് - അംഗനവാടികളിൽ പോഷക തോട്ടം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ "ഞങ്ങളും കൃഷിയിലേക്ക് - അംഗനവാടികളിൽ പോഷക തോട്ടം" എന്ന പദ്ധതി പ്രകാരം 3,53,500/- രൂപ ചെലവഴിച്ച് 35 അംഗനവാടികളിൽ കാവേരി ഫെർട്ടിലൈസേഴ്സ്, കൈതാരം, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും HDPE ചട്ടികൾ, പോട്ടിംഗ് മിശ്രിതം, തിരി നന (*Wick Irrigation*) എന്നിവ വാങ്ങി വിതരണം ചെയ്യുകയും 8,660/- രൂപ ചെലവഴിച്ച് ട്രെയിനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| ഞങ്ങളും കൃഷിയിലേക്ക് - അംഗനവാടികളിൽ | 3,53,500 (വികസന ഫണ്ട് ജനറൽ) | 28/29.03.23 | EK918/22-23/16.3.23 (875എണ്ണം) |

| | | | |
|---|---|---|---|
| പോഷക തോട്ടം (404/23) | 8,660 (വികസന ഫണ്ട് ജനറൽ) | 29/29.03.23 | ട്രൈനിങ്ങ് ചെലവ് |
| **ആകെ** | **3,62,160** | | |

**അപാകതകൾ**

1. ഈ പദ്ധതിക്കായി കാവേരി ഫെർട്ടിലൈസേഴ്സ്, കൈതാരം, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്.

2. സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ/28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.36 പ്രകാരം തിരി നന 10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന് പരമാവധി സബ്സിഡി ജനറൽ വിഭാഗത്തിന് 1,000/- രൂപയാണ് (ഒരു ചട്ടിക്ക് ₹100).

3. മലപ്പുറം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റിന്റെ 03.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ 2022-23 വർഷത്തെ യൂണിറ്റ് കോസ്റ്റ് നിരക്ക് ക്രമ നമ്പർ 40 പ്രകാരം പോട്ടിംഗ് മിശ്രിതം 1 യൂണിറ്റിന് നിശ്ചയിച്ച വില 62.5 രൂപയാണ്.

4. മലപ്പുറം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റിന്റെ 3.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ 2022-23 വർഷത്തെ യൂണിറ്റ് കോസ്റ്റ് നിരക്ക് ക്രമ നമ്പർ 45 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച ഒരു മൺചട്ടി പച്ചക്കറി തൈ ഉൾപ്പെടെയുള്ള യൂണിറ്റിന് നിശ്ചയിച്ച വില 200 രൂപയാണ്.

നഗരസഭ കാവേരി ഫെർട്ടിലൈസേഴ്സ് എന്ന സ്ഥാപനത്തിന് മേൽ നിർദ്ദേശങ്ങൾ ക്രമ നമ്പർ 2,3,4 എന്നിവ പ്രകാരം അനുവദിക്കാവുന്നതും അധികം അനുവദിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയ എണ്ണം | നൽകിയ തുക (₹) | നൽകേണ്ട തുക (₹) | അധികം (₹) |
|---|---|---|---|---|
| പോട്ടിംഗ് മിശ്രിതം നിറച്ച തൈകളോട് കൂടിയ HDPE ചട്ടി | 875 | 1,78,500 (875 X 204) | 1,75,000 (875 X200) | 3,500 |
| തിരി നന | 875 | 1,75,000 (875 X 200) | 87500 (875 X100) | 87,500 |
| | **ആകെ** | **3,53500** | **2,62,500** | **91,000** |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/22.01.24 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 91,000/- രൂപ കാവേരി ഫെർട്ടിലൈസേഴ്സിൽ നിന്നോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-48 സുഭിക്ഷ കേരളം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

കൃഷി ഓഫീസർ നിർവഹണം നടത്തിയ "സുഭിക്ഷ കേരളം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി" എന്ന പദ്ധതി പ്രകാരം 3,56,800/- രൂപ ചെലവഴിച്ച് (ഒരു യൂണിറ്റ് 800 രൂപ നിരക്കിൽ) കാർഷിക കർമ്മസേന, പരപ്പനങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും 446 ഗ്രോ ബാഗിൽ പച്ചക്കറി തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.
അടങ്കൽ: 400000/-

| പ്രോജക്ട് | ചെലവഴിച്ച തുക (₹) | ബിൽ/വൗച്ചർ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| സുഭിക്ഷ കേരളം പച്ചക്കറി കൃഷി ഗ്രോ ബാഗ് ( SO 136/23) | 2,70,000 (വികസന ഫണ്ട് ജനറൽ) | 1/28.05.22 | 24/05.03.23 |
| | 63,600 (വികസന ഫണ്ട് ജനറൽ) | 27/28.3.23 | 45/22.03.23 |
| | 23,200 (തനത് ഫണ്ട്) | 2201483/31.3.23 | |
| **ആകെ** | **3,56,800** | | |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കാർഷിക കർമ്മസേന പരപ്പനങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28.05.2022 പ്രകാരമുള്ള

സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് പച്ചക്കറിതൈ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

2. 446 ഗ്രോ ബാഗിൽ പച്ചക്കറി തൈകൾ വാങ്ങിയതായി പറയുന്നുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഫയലിനോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം 237 ഗുണഭോക്താക്കൾക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയ കൈപ്പറ്റ് വിവരവും ലഭ്യമാക്കിയിട്ടില്ല.

3. ഗുണഭോക്താക്കളിൽ നിന്നും 25% ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ലഭ്യമല്ല. (446x₹200=₹89,200).

4. ഏതല്ലാം പച്ചക്കറിതൈകളാണ് ഒരു യൂണിറ്റിൽ വിതരണം ചെയ്തത് എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/22.01.24 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-49 സുഭിക്ഷ കേരളം പച്ചക്കറി തൈ വിതരണം - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ "സുഭിക്ഷ കേരളം പച്ചക്കറി തൈ വിതരണം" എന്ന പദ്ധതി പ്രകാരം ആകെ 36,500/- രൂപ ചെലവഴിച്ച് (ഒരു പച്ചക്കറി തൈക്ക് 2.50 രൂപ നിരക്കിൽ) കാർഷിക കർമ്മസേന പരപ്പനങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും 14,600/- പച്ചക്കറി തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ/ചെലവഴിച്ച തുക (₹) | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| സുഭിക്ഷ കേരളം പച്ചക്കറി തൈ വിതരണം (137/23) | 36,500<br>36,500<br>(വികസന ഫണ്ട് ജനറൽ) | 3/28.05.22 | 25/5.3.23 |
| ആകെ | 36,500 | | |

പദ്ധതിക്കായി കാർഷിക കർമ്മസേന പരപ്പനങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ/ 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് പച്ചക്കറിതൈ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/22.01.24ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ എല്ലാ വാങ്ങലുകൾക്കും വാങ്ങൽ നടപടി ക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങലുകൾക്ക് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-50 സുഭിക്ഷ കേരളം ബയോഫ്ലോക്ക് - തദ്ദേശഭരണ സ്ഥാപന വിഹിതം അധികം നൽകി.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ സുഭിക്ഷ കേരളം ബയോഫ്ലോക്ക് എന്ന പദ്ധതി പ്രകാരം 68,760/- രൂപ ചെലവഴിച്ച് 2 ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ/ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|
| സുഭിക്ഷ കേരളം ബയോഫ്ളോക്ക് (SO 164/23) | 2,76,000<br>68,760<br>(വികസന ഫണ്ട് ജനറൽ) | 51/22.07.22 |
| ആകെ | 68,760 | |

സുഭിക്ഷ കേരളം പദ്ധതി ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ സ.ഉ.(സാധാ) നം. 1009/2020/തസ്വഭവ/29-5-2020 ഖണ്ഡിക 4.9 പ്രകാരമുള്ള ബയോഫ്ലോക്ക് മത്സ്യകൃഷി പൊതു വിഭാഗത്തിനുള്ള സബ്സിഡി യൂണിറ്റ് ചെലവിന്റെ 40% ആണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം = ₹36,800) ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് തദ്ദേശഭരണ സ്ഥാപന വിഹിതം അധികം നൽകിയതായി കാണുന്നു.

| ഗുണഭോക്താവ് | യൂണിറ്റ് ചെലവ് (₹) | നൽകിയ തുക (₹) | നൽകേണ്ട തുക (₹) | അധികം (₹) |
|---|---|---|---|---|
| ശ്രീമതി. രാധാമണി | 1,05,022 | 36,000 | 28,040<br>(1,05,022 X26.7%) | 7,960 |

| | | | | |
|---|---|---|---|---|
| ശ്രീ. മൂസക്കുട്ടി | 96,405 | 32,760 | 25,740 (96,405 X26.7%) | 7,020 |
| | | | **ആകെ** | **14,980** |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/22.01.24 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തദ്ദേശഭരണ സ്ഥാപന വിഹിതം 14,980/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-51 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി – അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല.

ഫയൽ നമ്പർ-H1-6323/23

പ്രോജക്റ്റ് ഓഫീസർ നിർവഹണം നടത്തിയ "എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രൊജക്റ്റ് മുഖേന ഓഡിറ്റ് വർഷം 3,00,000/- രൂപ (വികസനഫണ്ട് SCP) ചെലവഴിച്ച് 6 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്റ്റ് | അടങ്കൽ/ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|
| എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി (428/23) | 22,00,000<br>3,00,000<br>വികസന ഫണ്ട് (എസ്.സി.പി) | 399/29.3.23 |
| **ആകെ** | **3,00,000** | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല.

| ഗുണഭോക്താവ് | കരാർ വെച്ച തീയ്യതി | കൈപ്പറ്റിയ ധനസഹായം (₹) |
|---|---|---|
| ഗിതിക കൃഷ്ണൻ, വാർഡ്-14 | 29.03.23 | 50,000 |
| സൂര്യ ബൈജു, വാർഡ്-39 | 29.03.23 | 50,000 |
| സൂര്യ വാസു, വാർഡ്-35 | 29.03.23 | 50,000 |
| അക്ഷയ് ദാസ്, വാർഡ്-14 | 29.03.23 | 50,000 |
| | **ആകെ** | **2,00,000** |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 64/25.01.24 ന് മറുപടി നൽകിയിട്ടില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-52 PMAY – ലൈഫ് ഭവന പദ്ധതി നഗരസഭാ വിഹിതം (ജനറൽ) – നിർവ്വഹണത്തിലെ അപാകതകൾ.

ഫയൽ നമ്പർ-R3-8620/17 A

പ്രോജക്റ്റ് ഓഫീസർ നിർവഹണം നടത്തിയ "PMAY പദ്ധതി നഗരസഭാ വിഹിതം (ജനറൽ)" എന്ന പ്രൊജക്റ്റ് മുഖേന ഓഡിറ്റ് വർഷം 2,00,00,000/- രൂപ വികസനഫണ്ടും 4,97,10,000/- രൂപ കേന്ദ്ര വിഹിതവും/PMAY തനത് ഫണ്ടും ചെലവഴിച്ച് 1323 ഗുണഭോക്താക്കൾക്ക് വീടുനിർമ്മാണത്തിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

| ഫേസ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 1 | 52 |
| 2 | 204 |
| 3 | 228 |
| 4 | 168 |
| 5 | 96 |
| 6 | 1 |
| 7 | 278 |

| | |
|---|---|
| 8 | 278 |
| 9 | 18 |
| **ആകെ** | **1323** |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1. PMAY- രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

PMAY ഭവന പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ ഇത്തരം കാര്യങ്ങൾ വ്യക്തിഗത ഫയലിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഓഡിറ്റ് വർഷം സെക്ഷൻ നൽകിയ വിവരമനുസരിച്ച് വിവിധ ഘട്ടങ്ങളിലായി 1323 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെങ്കിലും 20 വ്യക്തിഗത ഫയൽ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ ഓരോ ഗുണഭോക്താക്കൾക്കും എത്ര ഗഡുക്കൾ കൈമാറി, ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട മുഴുവൻ തുകയും ലഭ്യമാക്കിയോ, അധികം തുക നൽകിയോ എന്നിവ പരിശോധിക്കാനായിട്ടില്ല.

**2. പ്രോജക്ട് ഓഫീസർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.**

പ്രോജക്ട് ഓഫീസർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ PMAY ലൈഫ് ഭവന പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമല്ല. 2022-23 സുലേഖ ചെലവ് പത്രിക പ്രകാരം വികസന ഫണ്ടിൽ നിന്നും 2 കോടി രൂപയും, ഫയൽ നമ്പർ- R3-8620/17 A പ്രകാരം ICICI ബാങ്ക് 323801000175 (PMAY Own Fund), ICICI ബാങ്ക് 32310101000882 (PMAY PFMS Plan Share) എന്നീ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും 4,97,10,000/- രൂപയും വീടുനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിൽ കൂടുതൽ തുക ഈ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

**3. അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ വീടുനിർമ്മാണം ആരംഭിച്ചില്ല.**

ഫയൽ നമ്പർ 8620/17എ പരിശോധിച്ചതിൽ വിവിധ വർഷങ്ങളിലായി അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീടുനിർമ്മാണം ആരംഭിക്കുകയോ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.

| ഗുണഭോക്താവ് | കോഡ് | വാർഡ് | കരാർ വെച്ച തീയ്യതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|
| ശ്രീമതി. പ്രേമ | 6185903 | 36 | 26.11.22 | 40,000 |
| ശ്രീമതി. ഫാത്തിമ | 6171071 | 10 | 18.01.22 | 40,000 |
| ശ്രീ. ശ്രീലേഷ് | 6171048 | 7 | 02.07.22 | 40,000 |
| ശ്രീ. സുനി. എ. കെ. | 6171299 | 26 | 02.12.22 | 40,000 |
| ശ്രീമതി. വള്ളി | 6171033 | 7 | 10.02.22 | 40,000 |
| ശ്രീമതി. ലക്ഷ്മി | 6170941 | 12 | 26.04.22 | 40,000 |
| ശ്രീമതി. നജ്മത്ത് | 6170944 | 34 | 08.03.23 | 40,000 |
| | | | **ആകെ** | **2,80,000** |

**4. വീടുനിർമ്മാണം പൂർത്തീകരിച്ചില്ല.**

ബന്ധപ്പെട്ട ഫയൽ (R3-8620/17A) പരിശോധിച്ചതിൽ കരാർ പ്രകാരം കരാർ ചമച്ച് 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീക-രിക്കണമെന്നിരിക്കെ വിവിധ ഗഡുക്കൾ കൈപ്പറ്റിയ 55 ഗുണഭോക്താക്കൾ വീടു നിർമ്മാണം പൂത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫേസ് | ആദ്യ ഗഡു കൈപ്പറ്റി വീടു നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റി വീടു നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റി വീടു നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 0 | 0 | 1 |
| 2 | 0 | 5 | 8 |
| 3 | 0 | 14 | 3 |
| 4 | 0 | 8 | 3 |
| 5 | 0 | 1 | 1 |
| 6 | 0 | 0 | 0 |
| 7 | 7 | 4 | 0 |

| | | | |
|---|---|---|---|
| 8 | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 9 | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |

ക്രമ നമ്പർ 1, 2, 3, 4ലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 65/25.01.24ന് മറുപടി നൽകിയിട്ടില്ല. നഗരസഭ ഈ പദ്ധതിക്കായി ചെലവഴിച്ച തുക, ഗുണഭോക്താക്കൾക്കനുവദിച്ച ധനസഹായം എന്നിവ സംബന്ധിച്ച് നഗരസഭയിൽ നിന്നും വ്യക്തമായ രേഖകളും വിവരവും ലഭ്യമല്ലാത്തതിനാൽ ചെലവ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ആയതിനാൽ ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 1-53 വീട് വാസയോഗ്യമാക്കൽ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല.

**ഫയൽ നമ്പർ- H1-566/22**

പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രൊജക്ട് മുഖേന ഓഡിറ്റ് വർഷം 12,50,000/- രൂപ ചെലവഴിച്ച് 26 ഗുണഭോക്താക്കൾക്ക് വീട്ടുനിർമ്മാണത്തിന് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

അടങ്കൽ: 59,00,000(SCP)

| പ്രോജക്ട് | ചെലവഴിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|
| വീട് വാസയോഗ്യമാക്കൽ (എസ്.സി) – 422/23 | 7,00,000 | 114/19.10.22 |
| | 4,00,000 | 148/02.12.22 |
| | 1,50,000 | 338/25.03.23 |
| **ആകെ** | **12,50,000** | |

സർക്കാർ ഉത്തരവ് (എം.എസ്) 22/2018/തസ്വ.ഭ.വ, തീയ്യതി 14.02.2018 ഖണ്ഡിക 6.7 പ്രകാരം കരാർ ചമച്ച് 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനിയർ വാല്യുവേഷൻ നടത്തിയ ശേഷമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല.

| ഗുണഭോക്താവ് | കരാർ വെച്ച തീയ്യതി | കൈപ്പറ്റിയ ധനസഹായം (₹) |
|---|---|---|
| ശ്രീ. അയ്യപ്പൻ, വാർഡ്-7 | 26.03.22 | 50,000 |
| ശ്രീമതി. ലീല അച്ചംമ്പാട്ട്, വാർഡ്-20 | 26.03.22 | 50,000 |
| | **ആകെ** | **1,00,000** |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 63/25.1.23 ന് മറുപടി നൽകിയിട്ടില്ല. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-54 പാൽ സബ്സിഡി നൽകൽ (സ്പിൽ ഓവർ) - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രൊ. നം. : 152/23 - ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ (സ്പിൽ ഓവർ)

നിർവ്വഹണം : വെറ്ററിനറി സർജ്ജൻ

അടങ്കൽ : ₹3,00,000/- (വികസന ഫണ്ട് - ജനറൽ)

ചെലവ് : ₹2,28,195/- (BRN: 22150647004200256597/30.06.22)

2022-23 വർഷത്തിൽ മേൽ പ്രോജക്ട് പ്രകാരം 228195/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ (ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകൾ, പാലളവ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ) ഫയലിൽ ലഭ്യമല്ല. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 58/24.01.2024 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹2,28,195 തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-55 ഫോം വർക്ക് (സെൻട്ടിംഗ് & ഷട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു - കരാറുകാരന് അധികം നൽകിയത് 49,852/- രൂപ

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ ചേർത്തിരിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് MORD-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻട്ടിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 24.01.2024-ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ

പ്രവൃത്തികളുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻടിംഗ് & ഷട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ എക്സ്പാൻഷൻ ജോയിന്റിന് വേണ്ടിയും സൈഡ് ഷട്ടറിംഗിന് വേണ്ടിയും ഫോം വർക്ക് ചെയ്തിട്ടില്ലെന്ന് വ്യക്തമായി. ആയതിനാൽ പ്രവൃത്തികൾക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിന്റെ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. അപാകത മൂലം 49,852/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1). **കോവിലകം മാവുകണ്ടം റോഡ് കോൺക്രീറ്റ്**

| | | |
|---|---|---|
| പ്രോജക്റ്റ് | SO176/23 (SO) | |
| അടങ്കൽ/ചെലവ് | ₹2,68,000/₹2,65,397 - CFC | |
| ടി എസ് | 52062/22.09.22 (Cost Index 36.44% DsoR 2018) | |
| Est. No | 52062/2022 | |
| കരാർ | 24/AE/17.11.22 (E Tender) | |
| എം ബുക്ക് | E Mbook | |
| വൗച്ചർ | XY2047670/21.02.23 | |
| കരാറുകാരൻ | ഫൈസൽ. പി. കെ. | |
| അധിക ചെലവിന്റെ വിവരം | | |
| **നൽകിയ തുക** | **നൽകാവുന്ന തുക** | **അധികം** |
| ₹2,09,208.23<br>(32.719 $M^3$*₹6,394.09/$M^3$)<br>(₹8,358.30/M3 - 23.500%(Tender Below) = ₹6,185.40/$M^3$) | ₹2,01,161.97<br>(32.719 $M^3$*₹6,148.17/M3)<br>(₹8,036.83/M3 -23.500% (Tender Below) = ₹6,148.17/M3) | ₹9,495<br>[₹8046.26+ 18% GST] |

2). **ഹവിൽദാർ ഷൈജൽ റോഡ് കോൺക്രീറ്റ്**

| | | |
|---|---|---|
| പ്രോജക്റ്റ് | SO444/23 | |
| അടങ്കൽ/ചെലവ് | ₹5,00,000/₹4,99,551 - CFC & MG (R) | |
| ടി എസ് | 74221/20.02.23 (Cost Index 36.44% DsoR 2018) | |
| Est. No | 74221/2022 | |
| കരാർ | 135/AE/14.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN/Voucher | 22450647005501531714/28.03.23 – ₹3,50,000<br>XY6935110/31.03.23 - ₹1,49,551 | |
| കരാറുകാരൻ | ഫൈസൽ. പി. കെ. | |
| അധിക ചെലവിന്റെ വിവരം | | |
| **നൽകിയ തുക** | **നൽകാവുന്ന തുക** | **അധികം** |
| ₹4,23,347.90<br>(50.650 $M^3$*₹8,358.30/$M^3$) | ₹4,07,065.43<br>(50.650 $M^3$*₹8,036.83/$M^3$) | ₹19,213<br>[₹16,282.47 + 18% GST] |

3). **മുങ്ങാത്തുതറ PHC റോഡ് കോൺക്രീറ്റ്**

| | |
|---|---|
| പ്രോജക്റ്റ് | SO72/23 |
| അടങ്കൽ/ ചെലവ് | ₹3,50,000/₹3,42,865 - Plan (G) |
| ടി എസ് | 62199/02.12.21 (Cost Index 36.44% DsoR 2018) |
| Est. No | 62199/2022 |
| കരാർ | 55/AE/3.1.22 (E Tender) |
| എം ബുക്ക് | 38/21-22 |
| BRN | 22150647005500056213/28.04.22 |

| | | |
|---|---|---|
| കരാറുകാരൻ | കുഞ്ഞമ്മദ്. പി. | |
| അധിക ചെലവിന്റെ വിവരം | | |
| **നൽകിയ തുക** | **നൽകാവുന്ന തുക** | **അധികം** |
| ₹2,59,976.56 (31.104 $M^3$*₹8,358.30/$M^3$) | ₹2,49,977 (31.104 $M^3$*₹8,036.83/$M^3$) | ₹11,199 [₹9,999 + 12% GST] |

4). **വലിയപാടം റോഡ് കോൺക്രീറ്റ്**

| | | |
|---|---|---|
| പ്രോജക്റ്റ് | SO61/23 (SO) | |
| അടങ്കൽ/ ചെലവ് | ₹3,50,000/₹2,59,700 - Own Fund | |
| ടി എസ് | 27260/8.9.2021 (Cost Index 31.06% DsoR 2016), ₹3,50,000 | |
| Est. No | 6004/2021 | |
| കരാർ | 24/AE/17.12.21 (25.8%ടെണ്ടർ കുറവ്) | |
| എം ബുക്ക് | 18/21-22 | |
| വൗച്ചർ/ചെക്ക് നമ്പർ | XY6935123/13.6.22 | |
| കരാറുകാരൻ | ഉമ്മർ കോയ | |
| അധിക ചെലവിന്റെ വിവരം | | |
| **അംഗീകരിച്ച മൂല്യ നിർണ്ണയ തുക** | **അംഗീകരിക്കാവുന്ന മൂല്യ നിർണ്ണയ തുക** | **അധികം** |
| ₹31,1149.55 (41.033 $M^3$*₹7,582.91 /$M^3$) | ₹2,99,182.27 (41.033 $M^3$*₹7,291.26/$M^3$) | ₹9,945 [₹11,967.28 – 25.8% Tender Below+ 12% GST] |

പ്രവൃത്തികളിൽ അധികമായി കരാറുകാർക്ക് അനുവദിച്ച തുക 49,852/- രൂപ

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (67/25.01.24) മറുപടിയായി പ്രവൃത്തികളിൽ എക്സ്പാൻഷൻ ജോയിന്റിന് വേണ്ടിയും സൈഡ് ഷട്ടറിംഗിന് വേണ്ടിയും മുൻകൂട്ടി കാണാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഫോം വർക്ക് ചെയ്യുന്നതിനും വേണ്ടിയാണ് ഈ നിരക്ക് അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ സൈഡ് ഫോം വർക്ക് ചെയ്തിട്ടില്ല എന്നത് ഓഡിറ്റ് തടസ്സമായി കാണരുത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പ്രവൃത്തികളിൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തികളിൽ എക്സ്പാൻഷൻ ജോയിന്റിന് വേണ്ടിയും സൈഡ് ഷട്ടറിംഗിന് വേണ്ടിയും ഫോം വർക്ക് ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-56 ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം പ്രവൃത്തികളിൽ അധികചെലവ് 40,319/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. ബെഡ് കോൺക്രീറ്റ് ചെയ്തതിന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനം ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. പ്രവൃത്തികളിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. അതിനാൽ കോൺക്രീറ്റിന് ഫോം വർക്ക് ആവശ്യമായി വരുന്നില്ല. മാത്രമല്ല പ്രവൃത്തിയിൽ ഡ്രൈനേജിന്റെ കുഴിയെടുക്കുന്നതിന് മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (Ie, 4%) കിഴിച്ചുള്ള നിരക്കാണ് (Observed Data) നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

**1. ചെരിച്ചെമ്മൽ ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO105/23
ഫണ്ട് - തനത് ഫണ്ട്
Vr.No-XY2047664 /14.10.22

എം. ബുക്ക് - 64/21-22
കരാർ - 49/31.12.21 (E Tender )
മൂല്യനിർണ്ണയം - ₹3,50,000/- (GST ഉൾപ്പെടെ)
കരാറുകാരൻ - വി. കെ. അബ്ദുറഹിമാൻ
Cost Index -36.44% (DSoR 2018)
Esti. No.- 2021/76484
TS- 59735/22.11.22 – ₹3,50,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1.20 മീറ്റർ വീതിയിലും 60 മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>

6.936m3 X ₹7,841.68/$M^3$ = ₹54,389.82

<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>

6.936 M3 X ₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) = ₹52,297.92

അധികം അനുവദിച്ചത് = ₹54,389.82 – ₹52,297.92 = ₹2,091.90+12% GST = ₹2,343

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – 2,343/– രൂപ**

**<u>2. ആശാരിക്കണ്ടി എടക്കണ്ടം പറമ്പ് ഡ്രൈനേജ് പ്രവൃത്തി</u>**

പ്രോജക്റ്റ് - SO66/23
ഫണ്ട് - തനത് ഫണ്ട്
Vr.No-XY2047654 /19.8.22
എം. ബുക്ക് - 16/21-22
കരാർ - 62/11.1.23 (E Tender )
മൂല്യനിർണ്ണയം - ₹2,50,000/- (GST ഉൾപ്പെടെ)
കരാറുകാരൻ - വി. കെ. അബ്ദുൾ നാസർ
Cost Index -36.44% (DSoR 2018)
Esti. No.- 2021/104033
TS- 65633/20.12.21 – ₹2,50,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1 മീറ്റർ വീതിയിലും 68 മീറ്റർ നീളത്തിലും 10 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

<u>ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക</u>

7.07 $M^3$ X ₹7,841.67/$M^3$ = ₹55,440.61

<u>ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക</u>

7.07 $M^3$ X 7540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) - 0.0013% Tender Below) = 53308.29

അധികം അനുവദിച്ചത് = ₹55,440.61 – ₹5,3308.29 = ₹2,132.32 + 12% GST = ₹2,388

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – 2,388/– രൂപ**

**<u>3. പുതുക്കുളം ചെങ്ങോട്ട് പാടം ഡ്രൈനേജ് പ്രവൃത്തി</u>**

പ്രോജക്റ്റ് - SO30/23
ഫണ്ട് - CFC
BRN – 22150647005500876340/25.3.23
എം. ബുക്ക് - 80/21-22
കരാർ - 132/24.3.22
മൂല്യനിർണ്ണയം - ₹2,00,000/- (GST ഉൾപ്പെടെ)
കരാറുകാരൻ - ഫൈസൽ. പി.

Cost Index – 36.44% (DSoR 2018)
Esti. No.- 2022/ 8553
TS - 85645/18.02.22 – ₹2,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1 മീറ്റർ വീതിയിലും 41.2 മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

8.240 $M^3$ X ₹7,841.67/$M^3$ = ₹64,615.36

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

8.240 $M^3$ X ₹7,540.07/$M^3$ = ₹62,130.17

അധികം അനുവദിച്ചത് = ₹64,615.36 – ₹62,130.17 = ₹2,485.19 + 12% GST = ₹2,783

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – ₹2,783/– രൂപ**

**4. തച്ചാറക്കൽ ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO24/23
ഫണ്ട് - CFC
BRN – 22150647005500876339 /7.12.22
എം. ബുക്ക് - 96/21-22
കരാർ - 96/21.2.22
മൂല്യനിർണ്ണയം - ₹3,54,999 (GST ഉൾപ്പെടെ)
കരാറുകാരൻ - ഫൈസൽ. പി.
Cost Index -36.44% (DSoR 2018)
Esti. No.- 2021/12027
TS- 73717/10.1.22 – ₹4,00,000

ഡ്രൈനേജിന്റെ ഉൾവശത്തായി 0.90 മീറ്റർ വീതിയിലും 63.40 മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

12.24 $M^3$ X ₹7,841.67/$M^3$ = ₹95,982.04

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

12.24 $M^3$ X ₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) = ₹92,290.45

അധികം അനുവദിച്ചത് = ₹95,982.04 – ₹92,290.45 = ₹3,691.59 + 12% GST = ₹4,135

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – 4,135/– രൂപ**

**5. കീഴ്ചിറ കൽപ്പാലം ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO291/23
ഫണ്ട് - CFC
Vr.No-XY2047678 /25.3.23
എം. ബുക്ക് - E MBook
കരാർ - 159/7.10.22 (E Tender )
മൂല്യനിർണ്ണയം - 8,04,819/- (GST ഉൾപ്പെടെ)
കരാറുകാരൻ - മുഹമ്മദ് റയീസ്
Cost Index -36.44% (DSoR 2018)
Esti. No.- 2022/ 37563
TS- 37563/26.8.22 – ₹12,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 0.80 മീറ്റർ വീതിയിലും 185മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2

പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

29.472 $M^3$ X ₹6,132.48/$M^3$ (₹7,841.68/M3 - 21.7964% Tender Below) = ₹1,80,736.45

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

29.472 $M^3$ X ₹5,896.60/$M^3$ (₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്)- 21.7964% Tender Below) = ₹1,73,784.59

അധികം അനുവദിച്ചത് = ₹1,80,736.45 – ₹1,73,784.59 = ₹6,951.86 + 18% GST = ₹8,203

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 8,203/- രൂപ**

**6. KT നഗർ ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO193/23
ഫണ്ട് - CFC
Vr.No-XY2047683 /25.3.23
എം. ബുക്ക് - E MBook
കരാർ - 38/21.11.22 (E Tender )
മൂല്യനിർണ്ണയം - ₹5,01,750/- (GST ഉൾപ്പെടെ)
കരാറുകാരൻ - സുദേവൻ. റ്റി.
Cost Index -36.44% (DSoR 2018)
Esti. No.- 2022/ 38701
TS- 38701/12.9.22 – ₹7,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 2.8 മീറ്റർ വീതിയിലും 28.80 മീറ്റർ നീളത്തിലും 30 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

21.059 $M^3$ X ₹5,200/$M^3$ (₹7,841.68/$M^3$ – 33.6877% Tender Below) = ₹1,09,506.80

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

21.059 $M^3$ X ₹5000.05/$M^3$ (₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) - 33.6877% Tender Below) = ₹1,05,296.05

അധികം അനുവദിച്ചത് = ₹1,09,506.80 – ₹1,05,296.05 = ₹4,210.75 + 18% GST = ₹4,969

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 4,969/- രൂപ**

**7. കാവനഴി ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO293/23
ഫണ്ട് - CFC
Vr.No-XY2047684 /25.3.23
എം. ബുക്ക് - E MBook
കരാർ - 26/17.11.22 (E Tender )
മൂല്യനിർണ്ണയം - 4,25,167/- (GST ഉൾപ്പെടെ)
കരാറുകാരൻ - സുദേവൻ. റ്റി.
Cost Index – 36.44% (DSoR 2018)
Esti. No.- 2022/ 38419
TS- 38419/30.09.22 – ₹4,25,250/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1.90 മീറ്റർ വീതിയിലും 23.75 മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

9.025 $M^3$ X ₹7,841.68/$M^3$ = ₹70,771.16

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

9.025 $M^3$ X ₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) = ₹68,049.13

അധികം അനുവദിച്ചത് = ₹70,771.16 – ₹68,049.13 = ₹2,722.03 + 18% GST = ₹3,212

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – 3212/– രൂപ**

**8. ചോളത്തിൽ പാടം ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO253/23
ഫണ്ട് - CFC
BRN -22150647005501042821 /13.1.23
എം. ബുക്ക് - E MBook
കരാർ - 41/13.12.22 (E Tender )
മൂല്യനിർണ്ണയം - ₹5,00,000/- (GST ഉൾപ്പെടെ)
കരാറുകാരൻ - ഹാഫിസ് മുഹമ്മദ് സുഹൈബ്
Cost Index -36.44% (DSoR 2018)
Esti. No.- 2022/38724
TS- 38724/22.9.22 – ₹5,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1.25 മീറ്റർ വീതിയിലും 70.59 മീറ്റർ നീളത്തിലും 15 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

13.236 $M^3$ X ₹8,624.70/$M^3$ (₹7,841.68/$M^3$ + 9.9853% Tender Excess) = ₹1,14,156.53

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

13.236 $M^3$ X ₹8,292.96/$M^3$ (7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) + 9.9853% Tender Excess) = ₹1,09,765.61

അധികം അനുവദിച്ചത് = ₹1,14,156.53 – ₹1,09,765.61 = ₹4,390.92 + 18% GST = ₹5,181

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക – 5,181/– രൂപ**

**9. മാപ്പാട്ടിൽ പാടം ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO197/23
ഫണ്ട് - CFC
വൗച്ചർ - 22201292 /25.3.23
എം. ബുക്ക് - E MBook
കരാർ - 62/11.1.23 (E Tender )
മൂല്യനിർണ്ണയം - 342635 (GST ഉൾപ്പെടെ)
കരാറുകാരൻ - അബ്ദുറഹ്മാൻ കുട്ടി
Cost Index -36.44% (DSoR 2018)
Esti. No.- 2022/52856
TS- 52856/31.10.22 – ₹3,50,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1.20 മീറ്റർ വീതിയിലും 55.65 മീറ്റർ നീളത്തിലും 15 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

7.750 $M^3$ X ₹7,841.58/$M^3$ (₹7,841.68/$M^3$ - 0.0013% Tender Below) = ₹60,772.25

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

7.750 $M^3$ X ₹7,539.97/$M^3$ (₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) - 0.0013% Tender Below) = ₹58,434.76

അധികം അനുവദിച്ചത് = ₹60,772.25 – ₹58,434.76 = ₹2,337.49 + 18% GST = ₹2,758

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 2758/- രൂപ**

**10. മാപ്പൂട്ടിൽ പാടം ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO519/23
ഫണ്ട് - തനത് ഫണ്ട്
വൗച്ചർ - XY2047657 /25.3.23
എം. ബുക്ക് - E MBook
കരാർ - 79/22.1.23 (E Tender )
മൂല്യനിർണ്ണയം - ₹1,87,611/- (GST ഉൾപ്പെടെ)
കരാറുകാരൻ - അബ്ദുറഹ്മാൻ കുട്ടി
Cost Index -36.44% (DSoR 2018)
Esti. No.- 2022/ 102664
TS- 102664/16.12.22 – ₹2,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 1.20 മീറ്റർ വീതിയിലും 33 മീറ്റർ നീളത്തിലും 15 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

4.5 $M^3$ X ₹7,841.68/$M^3$ = ₹35,287.56

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

4.5 $M^3$ X ₹7,540.07/$M^3$ = ₹33,930.31

അധികം അനുവദിച്ചത് = ₹35,287.56 – ₹33,930.31 = ₹1,357.25 + 18% GST = ₹1,602

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 1,602/- രൂപ**

**11. ടെലഫോൺ എക്സ്ചേഞ്ച് ഡ്രൈനേജ് പ്രവൃത്തി**

പ്രോജക്റ്റ് - SO216/23
ഫണ്ട് - CFC
വൗച്ചർ - XY2201460 /30.3.23
എം. ബുക്ക് - E MBook
കരാർ - 39/21.11.22 (E Tender )
മൂല്യനിർണ്ണയം - ₹2,71,293/- (GST ഉൾപ്പെടെ)
കരാറുകാരൻ - സുദേവൻ. റ്റി.
Cost Index -36.44% (DSoR 2018)
Esti. No.- 2022/38715
TS- 38715/12.9.22 – ₹4,00,000/-

ഡ്രൈനേജിന്റെ ഉൾവശത്തായി 0.90 മീറ്റർ വീതിയിലും 63.40 മീറ്റർ നീളത്തിലും 20 Cm കനത്തിലും അളവ് പുസ്തകം ഇനം 2 പ്രകാരം ബെഡ് കോൺക്രീറ്റിംഗാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ മണ്ണ് എക്സ്കവേറ്റ് ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ബെഡ് കോൺക്രീറ്റിന് അനുവദിച്ച തുക

11.412 $M^3$ X 5,300/$M^3$ (₹7,841.68/$M^3$ – 32.4125% Tender Below) = ₹60,483.60

ബെഡ് കോൺക്രീറ്റിന് അനുവദിക്കാവുന്ന തുക

11.412 $M^3$ X ₹5,096.14/$M^3$ (₹7,540.07/$M^3$ (ഫോം വർക്കിനുള്ള 4% കിഴിച്ച്) - 32.4125% Tender Below) = ₹58,157.14

അധികം അനുവദിച്ചത് = ₹60,483.60 – ₹58,157.14 = ₹2,326.46 + 18% GST = ₹2,745

**പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 2,745/- രൂപ**

**പ്രവൃത്തികളിൽ ആകെ അധികം നൽകിയത് 40,319/- രൂപ.**

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22.01.24, 68/25.01.24) നഗരസഭ തീരദേശവും മണ്ണിന്റെ ഘടന സാൻഡ് രൂപത്തിലും ആയതിനാൽ ഉറപ്പുള്ള മണ്ണ് കട്ട് ചെയ്യുന്ന രീതിയിൽ മണ്ണ് നീക്കം ചെയ്ത് കോൺക്രീറ്റ് ചെയ്യുക അസാധ്യമാണ് എന്നും ഏതൊരു കോൺക്രീറ്റും മിക്സിംഗ് പൂർത്തിയാക്കിയതിന് ശേഷം ഉടനെ തന്നെ Form Work ന് അകത്താണ് നിക്ഷേപിക്കേണ്ടതെന്ന് MoRD, IS 456 എന്നിവ വ്യക്തമാക്കുന്നുണ്ടെന്നും കോൺക്രീറ്റിന് ആവശ്യമുള്ള രൂപയും ലഭ്യമാകണമെങ്കിൽ ഉറപ്പുള്ള Form Wok നുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ കോംപാക്ഷൻ നൽകേണ്ടതുണ്ട് എന്നും വശങ്ങളിൽ ഉള്ള മണ്ണിനെ ഫോം വർക്ക് ആയി കാണാൻ കഴിയില്ല എന്നും പ്രവൃത്തികൾക്ക് ആവശ്യമായ ബലം നൽകുന്ന കോൺക്രീറ്റിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഇനമാണ് ഫോംവർക്ക് എന്നും മറുപടി നൽകി. താഴെ പറയുന്ന കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

1. മണ്ണ് കട്ട് ചെയ്ത അതേ നീളത്തിലും വീതിയിലും ആണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ ഉറപ്പുള്ള മണ്ണാണ് പ്രദേശങ്ങളിൽ ഉണ്ടായിരുന്നത് എന്ന് വ്യക്തമാണ്. ഉറപ്പുള്ള മണ്ണ് അല്ല ഉണ്ടായിരുന്നതെങ്കിൽ മണ്ണ് കട്ട് ചെയ്ത അളവിൽ വ്യത്യാസം വരുകയും ആയത് അളവ് പുസ്തകത്തിൽ പ്രതിഫലിക്കുകയും ചെയ്യേനെ. അളവ് പുസ്തകത്തിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ ഇല്ല. മാത്രമല്ല ഡ്രൈനേജിന്റെ കുഴിയെടുക്കുന്നതിന് മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. 10 Cm മുതൽ 15 Cm വരെയുള്ള ബെഡ് കോൺക്രീറ്റിംഗിന് മുകളിലായി സൈഡ് വാൾ (ഫോം വർക്ക് ഉൾപ്പെടെ) മറ്റൊരിനമായി പ്രവൃത്തികളിൽ ചെയ്തിട്ടുണ്ട്..

2. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ഫോം വർക്കിനുൾപ്പെടെ തുക അനുവദിച്ചതും ഫോം വർക്ക് (Centering & Shuttering) ചെയ്യാത്ത പല കോൺക്രീറ്റ് റോഡുകളും (MoRD Code 75.8.1)) കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യം മറ്റൊരു ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഏതൊരു കോൺക്രീറ്റും മിക്സിംഗ് പൂർത്തിയാക്കിയതിന് ശേഷം ഉടനെ തന്നെ Form Work ന് അകത്താണ് നിക്ഷേപിക്കേണ്ടതെന്ന് MoRD, IS 456 എന്നിവ വ്യക്തമാക്കുന്നുണ്ടെന്നും കോൺക്രീറ്റിന് ആവശ്യമുള്ള ബലവും രൂപവും ലഭ്യമാകണമെങ്കിൽ ഉറപ്പുള്ള Form Wok നുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ കോംപാക്ഷൻ നൽകേണ്ടതുണ്ടെന്നും പ്രവൃത്തികൾക്ക് ആവശ്യമായ ബലം നൽകുന്ന കോൺക്രീറ്റിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഇനമാണ് ഫോംവർക്ക് എന്നുമുള്ള മറുപടി പല പ്രവൃത്തികളിലും പാലിച്ചിട്ടില്ലാത്തതിനാൽ അംഗീകരിക്കുന്നില്ല.

**പ്രവൃത്തികളിൽ അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.**

## 1-57 വെള്ളക്കെട്ട് ഒഴിവാക്കൽ (Ward 36) - കരാറുകാരന് അധികം നൽകിയത് 11,892/- രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി പൈപ്പ് ലൈൻ ലേയിംഗ് ചെയ്യുന്നതിന് വേണ്ടി മണ്ണ് എക്സ്കവേറ്റ് ചെയ്തതിന് MoRD Code 11.1.1.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഈ നിരക്ക് സ്ട്രക്ച്ചർ (Structure) കെട്ടിപ്പടുക്കുന്ന പ്രവൃത്തികളിൽ മണ്ണ് എക്സ്കവേറ്റ് ചെയ്യുന്നതിന് നൽകുന്ന നിരക്കാണ്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് MoRD സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരമുള്ള നിരക്കാണ് (₹360.75/M3). ഇത് മാനവലായി (Excavation For Road Way In Soil Using Manual Means) പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കാണ്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുവദിച്ച തുക (₹) (MoRD Code 11.1.1.1 പ്രകാരം) | അനുവദിക്കാവുന്ന തുക (₹) (MoRD Code 3.5.1 പ്രകാരം) | അധികം (₹) |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ - SO73/23<br>ഫണ്ട് - വികസന ഫണ്ട് (G)<br>സാങ്കേതികാനുമതി തുക - 2,50,000/-<br>കരാറുകാരൻ - ഇൻസാഫ് മുഹമ്മദ് ഷുഹൈബ്<br>അളവ് പുസ്തകം - 2/21-22<br>കരാർ - 83/ 25.1.22<br>മൂല്യനിർണ്ണയം - ₹2,50,000/-(GST ഉൾപ്പെടെ) | 19,987.78<br>(25.973 $M^3$ X ₹769.56/$M^3$) | 9,369.75<br>(25.973 $M^3$ X ₹360.75/$M^3$) | 11,892<br>(10,618.03 + 12% GST) |

| | | | |
|---|---|---|---|
| BRN - 22150647005500056193/ 28.4.22- ₹2,50,000/-<br><br>Coi DSR 2018 – 36.44%<br>Esti. No- 2021/89806<br>TS No- 65635/20.12.21 | | | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (71/25.01.24) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 11,892/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി. എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-58 ടൗൺ GLPS അറ്റകുറ്റപ്പണി – കരാറുകാരന് അധികം നൽകിയത് 9,545/- രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി ചുറ്റുമതിലിന് അനുബന്ധമായി ഗേറ്റ് നിർമ്മിച്ചതിന് DAR Code 50.10.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. പ്രസ്തുത ഡാറ്റയിൽ നിന്ന് ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുവദിച്ച തുക (DSR 50.10.1 പ്രകാരം) | അനുവദിക്കാവുന്ന തുക (DSR 10.25.2 പ്രകാരം) | അധികം |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ - S0337/23<br>ഫണ്ട് - MG (NR)<br>സാങ്കേതികാനുമതി തുക – ₹8,00,000/-<br>കരാറുകാരൻ - Haripuram Constructions<br>അളവ് പുസ്തകം - E MBook<br>കരാർ - 22/ 17.11.22<br>മൂല്യനിർണ്ണയം - ₹6,16,648/- (GST ഉൾപ്പെടെ)<br>BRN - 22150647005501439521/ 22.3.23 - ₹6,16,648/-<br><br>Coi DSR 2018 – 36.44%<br>Esti. No- 2022/37558<br>TS No- 37558/27.9.22 | 42,993<br>(450 Kg X ₹95.54/ Kg)<br><br>(₹191.08/Kg – 50% Tender Below = ₹95.54/Kg)<br><br>(ഇനം 7) | 34,904<br>(450 Kg X ₹77.565/Kg)<br><br>(₹155.13/Kg – 50% Tender Below = ₹77.565/Kg) | 9,545<br><br>(8,089 + 18% GST) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/22.01.24) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 9,545/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-59 ടൗൺ GLPS ടോയ്ലറ്റ് അറ്റകുറ്റണി – കരാറുകാരന് അധികം നൽകിയത് 3,497/- രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് വിൻഡോ ഫ്രെയിം റിപ്പയറിംഗ് ചെയ്ത് മാറ്റിയിട്ടതിന് DAR Code 50.10.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഒരു ക്ലാസ്സ് മുറിയിലെ വിൻഡോ ഷട്ടർ ( 3 Frame) കേടു വന്നതിനാൽ ഫ്രെയിം നിലനിർത്തി സ്റ്റീൽ വിൻഡോ ഷട്ടർ (ആൻഗിൾ ഉൾപ്പെടെ) മാറ്റിയിടുകയാണ് പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(പ്രവൃത്തി സ്ഥലം നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 24.01.24 ന് നേരിൽ സന്ദർശിച്ചു.)

| പ്രവൃത്തി | അനുവദിച്ച | അനുവദിക്കാവുന്ന | അധികം |
|---|---|---|---|

| | തുക (₹) (DSR 50.10.1 പ്രകാരം) | തുക (₹) (DSR 10.25.2 പ്രകാരം) | (₹) |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ - SO338/23<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>സാങ്കേതികാനുമതി തുക – ₹3,00,000/-<br>കരാറുകാരൻ - അബ്ദുറഹിമാൻ കുട്ടി. വി. പി.<br>അളവ് പുസ്തകം - E MBook<br>കരാർ - 86/ 25.2.23<br>മൂല്യനിർണ്ണയം - ₹3,00,000/-<br>(GST ഉൾപ്പെടെ)<br>വൗച്ചർ - XY6935115/31.3.23-<br>3,00,000/-<br><br>Coi DSR 2018 – 36.44%<br>Esti. No- 2022/37557<br>TS No- 37557/26.10.22 | 15,752.83<br>(82.441 Kg X ₹191.08/Kg )<br><br>(ഇനം 12) | 12,789.07<br>(82.441 Kg X ₹155.13/Kg) | 3,497<br>(2,963.76+ 18% GST) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (70/25.01.24) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 3497/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-60 ചിറമംഗലം അംഗൻവാടി മെയിന്റനൻസ് – കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി നൽകിയില്ല – നഷ്ടം 13,099/- രൂപ.

പ്രോജക്റ്റ് - 122/23
കരാർ - 121A/10.3.22
മൂല്യനിർണ്ണയം - ₹99,993/- (₹84,740 + ₹15,253 (18% GST))
M Book – 143/21-22
BRN – 221506470055015558 58/29.03.23 (MG-NR)
TS – 61451/29.11.21 – ₹1,00,000/-
Estimate No.- 2021/97933
കരാറുകാരൻ – ഇൻസാഫ് മുഹമ്മദ് ഷുഹൈബ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തി ടെണ്ടർ, റീ ടെണ്ടർ എന്നിവ നടത്തിയെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം താഴെ പറയുന്ന 4 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു.

| കരാറുകാരൻ | ക്വട്ടേഷൻ നിരക്ക് |
|---|---|
| ഇൻസാഫ് മുഹമ്മദ് ഷുഹൈബ് | 0.02% Below |
| ഹരിപുരം കൺസ്ട്രക്ഷൻസ് | Estimate Rate |
| പ്രദീപ് കുമാർ. കെ. | 13.1% Below |

പ്രവൃത്തിക്ക് വേണ്ടി ഏറ്റവും കുറവ് ക്വട്ടേഷൻ രേഖപ്പെടുത്തിയിട്ടുള്ളത് പ്രദീപ് കുമാർ. കെ. എന്ന കരാറുകാരൻ ആണെന്നിരിക്കെ ഇൻസാഫ് മുഹമ്മദ് ഷുഹൈബ് എന്ന കരാറുകാരൻ ആണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിക്കാത്തതിനാൽ താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

മൂല്യനിർണ്ണയം : ₹84,740 -

₹11,101 (13.1% Below)

₹73,639 + ₹13,255 (18% GST) = ₹86,894/-

പ്രവൃത്തിയിലെ അധിക ചെലവ് = ₹99,993 – ₹86,894 = ₹13,099/-

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/22.01.24) മറുപടിയായി

കുറവ് ക്വട്ടേഷൻ രേഖപ്പെടുത്തിയിട്ടുള്ള പ്രദീപ് കുമാർ. കെ. എന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിരുന്നുവെങ്കിലും ടിയാൻ കരാർ വക്കുകയുണ്ടായില്ലെന്നും അതുകൊണ്ടാണ് അടുത്ത കുറവ് ക്വോട്ട് ചെയ്ത കരാറുകാരന് കരാർ നൽകേണ്ടി വന്നതെന്നും മറുപടി നൽകി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന യാതൊരു രേഖകളും പ്രവൃത്തിയുടെ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. മാത്രമല്ല നഗരസഭ കൗൺസിൽ ഈ പ്രവൃത്തിയിന്മേൽ ഇത്തരമൊരു തീരുമാനം എടുത്തിട്ടുള്ളതായി മിനുട്സ് ബുക്കിൽ കാണുന്നില്ല. അതുകൊണ്ട് തന്നെ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തിയിലെ ചെലവ് നഷ്ടം കൗൺസിൽ തീരുമാനം ഇല്ലാതെ പ്രവൃത്തി മറ്റൊരു കരാറുകാരന് നൽകിയ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-61 ഫിഷറീസ് കോളനി കിഴക്കുവശം ഡ്രൈനേജ് നിർമ്മാണം - GST ഇനത്തിൽ അധിക ചെലവ് 17,744/- രൂപ.

പ്രോജക്റ്റ് - (SO099/23)
ഫണ്ട് - വികസന ഫണ്ട് (ജ.)
BRN- 22150647005501531835/28.03.23
കരാർ 46/31.12.2021
മൂല്യനിർണ്ണയം - 3,48,950/- (GST ഉൾപ്പെടെ )
അളവ് പുസ്തകം 119/20-21, 120/20-21
കരാറുകാരൻ- ബാബു. എ. കെ.
കോസ്റ്റ് ഇൻഡക്സ് 36.44% (DsoR 2018)
TS No-56739/6.11.21 – ₹3,50,000/-
Est.No-2021/12093

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 31.12.2021 ന് കരാർ വച്ച മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 02.07.22 ന് ആണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 6 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു. (സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ 11.08.22 ലെ കത്ത് പ്രകാരം 18.07.22 ന് ശേഷം നൽകുന്ന ബില്ലുകൾക്ക് GST ബാധ്യത 18% ആണെന്ന് എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്)

Final Bill അനുവദിച്ചത് (GST @ 18% പ്രകാരം )
Final Bill : ₹2,95,720
GST@18% : ₹53,230

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST @ 12% പ്രകാരം )
Final Bill : ₹2,95,720
GST @ 12% : ₹35,486

₹53,230 – ₹35,486 = ₹17,744/-

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് : 17,744/- രൂപ.

അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/22.01.24) മറുപടിയായി ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലും, മറ്റ് അധികാരികളിൽ നിന്നും അംഗീകാരം വാങ്ങിവരുന്നതിന് സമയത്ത് സാധ്യമാകാതിരുന്നതിനാലും സംഭവിച്ച മനപൂർവമല്ലാത്ത വീഴ്ചയാണെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കി ബിൽ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-62 മരാമത്ത് പ്രവൃത്തി - ഫൈൻ ഈടാക്കിയതിൽ കുറവ് - നഷ്ടം 2,982/- രൂപ

കേരള പൊതു മരാമത്ത് മാന്വലിൽ - സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.
കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018-ലെ എ.സി.2/223/15/ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മേൽ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1%

നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ പിഴ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്: ഫിഷറീസ് സ്കൂൾ വാരിയത്ത് റോഡ് റീടാറിംഗ് (SO509/23) | |
|---|---|
| Agr.No: 337/AE/14.07.2020 | **പിഴ ഇനത്തിൽ ഈടാക്കേണ്ട തുക** |
| TS No. 107211/28.12.2018 | ഈടാക്കേണ്ടത് – ₹5,182<br>ഈടാക്കിയത് - ₹2,200<br>കുറവ് - ₹2,982 |
| Est. No - 2018/140608 | |
| M.Book No: 227/20-21 | |
| PAC: ₹2,20,000/- | |
| BR.No: 20150647005501350394/<br>25.3.2021 (MG-R) - ₹1,15,183/-<br>Vr.No. /2.3.2023 (Own Fund) – ₹1,04,817/- | 5,182/-<br>[Ie, 14.10.2020 To 13.1.2021 (1%PAC) = 2,200/-<br>14.1.2021 To 15.3.2021 (2%PAC) = 2,982/-}<br>(2,20,000x2%X61/90) |
| സൈറ്റ് കൈമാറിയത്: 14.07.2020 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 13.10.2020<br>(3 മാസം) (As Per TS Slip) | |
| പൂർത്തീകരിച്ച തിയ്യതി: 15.3.2021 | |
| കരാറുകാരൻ: ഇസ്മയിൽ. കെ. | |

ഫൈൻ ഇനത്തിൽ മുഴുവനായി ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/22.01.24) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക പ്രവൃത്തിയുടെ പേയ്മെന്റ് അനുവദിച്ച അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-63 റാൻഡം റബിൾ (RR) മേസൺറി - പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി റാൻഡം റബിൾ മേസൺറി പ്രവൃത്തി ചെയ്യതിന് DAR Code 7.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|
| **ഒട്ടുമ്മൽ ബീച്ച് അംഗൻവാടി കെട്ടിട നിർമ്മാണം (Centre No.50)**<br>പ്രോജക്റ്റ് - SO016/23<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>BRN-21150647005501503662<br>/29.03.22 – ₹4,81,502/-<br>22150647005501042820/<br>13.01.23 – ₹5,11,096/-<br><br>എം. ബുക്ക് - 25/21-22, 101/21-22<br>കരാർ - 117/10.3.22 (E Tender )<br>മൂല്യനിർണ്ണയം - ₹9,92,598<br>(18% GST ഉൾപ്പെടെ) | 6.271 $M^3$<br>ഇനം 3 | 39,963.18<br>@₹6,372.697/$M^3$<br><br>(₹7,249.94/$M^3$ – 12.100% =6,372.697) | 39,086.32<br>@6232.87/$M^3$<br><br>(₹7,090.87/$M^3$ – 12.100% = 6232.87) | 1,035<br><br>(₹876.86 + 18% GST) |

| | | | | |
|---|---|---|---|---|
| കരാറുകാരൻ - ഹാസിഫ് മുഹമ്മദ് സുഹൈബ്<br>Cost Index -36.44% (DSoR 2018)<br>Esti. No.- 2021/102960<br>TS- 75274/14.1.22 – ₹11,00,000/- | | | | |
| **KT നഗർ സബ്സെന്റർ മെയിന്റനൻസ്**<br>പ്രോജക്ക് - SO034/23<br>ഫണ്ട് - MG (NR)<br>BRN - 22150647005501559287/ 29.3.23 – ₹8,04,313/-<br>എം. ബുക്ക് - 140/21-22<br><br>കരാർ - 140/25.3.22 (E Tender )<br>മൂല്യനിർണ്ണയം - ₹8,04,313/- (GST ഉൾപ്പെടെ)<br>കരാറുകാരൻ - കുഞ്ഞഹമ്മദ്<br>Cost Index -36.44% (DSoR 2018)<br>Esti. No.- 2022/10614<br>TS- 85644/18.2.22 – ₹10,00,000/- | 34.20 $M^3$<br>അധിക ഇനം 1 | 2,18,689.85<br>@₹6,394.44/$M^3$<br><br>(7,249.94/$M^3$ – 11.800% = 6,394.44) | 2,13,891.58<br>@6,254.14/$M^3$<br><br>(7,090.87/$M^3$ – 11.800% = 6,254.14) | 5,662<br><br>(₹4,798.27 + 18% GST) |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/22.1.25) DAR സ്പെസിഫിക്കേഷനിൽ നിലവിൽ കെട്ടിടങ്ങൾക്ക് 7.1.1 ആണ് RR Masonry ക്ക് അനുവദനീയമായിട്ടുള്ളത്. ആയതിൽ ലെവലിംഗ് കോഴ്സിന് 1:6:12 ആണ് നിർദേശിച്ചിട്ടുള്ളത് , ആയത് പ്രകാരമാണ് പ്രവൃത്തിയിൽ നടപ്പാക്കിയിട്ടുള്ളത് എന്നും മറുപടി നൽകി. പ്രവൃത്തിയിൽ കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യം വരുന്നില്ല എന്നതിനാൽ മറുപടി പരിഗണിക്കാവുന്നതല്ല എന്നിരുന്നാലും RR മേസൺറി ചെയ്തതിന് മുകളിലായി (Top Level) കോൺക്രീറ്റ് ലെവലിംഗ് ചെയ്തതിട്ടുള്ളത് പരിഗണിച്ച് തടസ്സം തുടരുന്നില്ല. ഇത്തരം പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കി പ്രവൃത്തിക്ക് നിരക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-64 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

സ.ഉ (സാ.ധാ) നം 2878/2015/ത.സ്വ.ഭ.വ, തി. 22.09.2015 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി. എഞ്ചിനീയർ തയ്യാറാക്കേണ്ടതാണെന്നും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3%ൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% പ്രതിഫലമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.
2022-23 വർഷത്തിൽ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതിയായ “82/23 (473/20) മിനി ഹൈമാസ്റ്റ് ലൈറ്റ്” പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചപ്പോൾ സ.ഉ.(സാധാ) നം.2878/2015/ത.സ്വ.ഭ.വ, തി. 22.09.2015 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രോജക്ട് | അടങ്കൽ തുക(₹) / ഫണ്ടിനം | ചെലവു തുക (₹) | ചെക്ക് നമ്പർ/ തിയ്യതി |
|---|---|---|---|
| 82/23 മിനി ഹൈമാസ്റ്റ് ലൈറ്റ് (കരാറുകാരൻ / സ്ഥാപനം : സമീന എം പവർ ട്രേഡിംഗ് സിസ്റ്റം എസ്റ്റിമേറ്റ് നമ്പർ : 2020/115578) | 3,00,000 (തനത് ഫണ്ട്) | 2,61,349 | XY2047645/ 13.06.2022 |

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവയ്ക്കുള്ള 3% ഓണറേറിയവും, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 1% ഓണറേറിയവും ഒരാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (61/25.01.24) മറുപടി ലഭ്യമാക്കിയില്ല. അപാകതക്കുള്ള വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-65 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ പരപ്പനങ്ങാടി SBI ശാഖയിൽ ഉള്ള 00000067167389963 നമ്പർ ബാങ്ക് അക്കൗണ്ട് ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ സ്വീകരിക്കുന്നതിന് പരിപാലിക്കുന്നുണ്ട്. ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകളും നഗരസഭ സെക്രട്ടറിക്ക് കൈമാറുന്ന തുകകളും അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള കാഷ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 17.03.23 ന് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകൾ നഗരസഭ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/22.01.24) കാഷ്ബുക്ക് കൃത്യമായി പരിപാലിക്കുന്നതിന് ശ്രദ്ധിക്കുമെന്നും മേലിൽ ഇത്തരത്തിൽ വീഴ്ച വരാതെ നോക്കുമെന്നും മറുപടി നൽകി.

കാഷ്ബുക്ക് കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം - സർക്കാറിലേക്ക് തിരിച്ചടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടവാക്കേണ്ടതാണ്.

മുനിസിപ്പൽ സെക്രട്ടറി ശ്രീ. സാനന്ദ സിംഗ് ന്റെ ശമ്പള ഇനത്തിൽ 2022-23 വർഷത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 48/23.01.2024)മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പൽ സെക്രട്ടറി ശമ്പളമിനത്തിൽ കൈപ്പറ്റിയ തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടവാക്കിയ വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-67 വാഹന പരിപാലനം

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ

കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിൽ നിലവിൽ 5 വാഹനങ്ങളുണ്ട്. (ചെയർമാൻ-1, സെക്രട്ടറി-1, എഞ്ചിനീയറിംഗ്-1, ഹെൽത്ത്-2). നഗരസഭയിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തിയതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകളും VEELSൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ (റിപ്പോർട്ട്) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് പ്രകാരം നഗരസഭയിലെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ നഗരസഭാ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയന്റെ ചുമതലയാണ്. 2020ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഉപയോഗക്രമം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ലോഗ് ബുക്കിന്റെ ഉപയോഗം, ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ, അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും നിലവിലും അതേ അപാകതകൾ ആവർത്തിക്കുന്നതായി കാണുന്നു.

അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് കൃത്യമായി പരിപാലിക്കേണ്ടതും ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 50/24.01.2024)

## 1-68 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല - ഡെപ്പോസിറ്റ് റീഫണ്ട് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ വൗച്ചറുകളിലായി ഡെപ്പോസിറ്റ് തുകകൾ തിരിച്ചു നൽകിയതായി കണ്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തിയ്യതി | ഫയൽ നമ്പർ | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | 2200178/19.05.2022 | H1A2/2602/20 | 3,80,969 | പുഴയിൽ നിന്നും മണ്ണ് നീക്കലിനായി ഡെപ്പോയിറ്റ് ചെയ്ത തുക ശ്രീ. ഷാഫി എന്നവർക്ക് തിരികെ നൽകിയത്. |
| 2 | 2200214/27.05.2022 | R4/2643/22 | 5,000 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം ഇ.എം.ഡി തിരകെ ശ്രീ. അബ്ദുൾ ഖാദർ എന്നവർക്കു നൽകിയത്. |
| 3 | 2200732/15.10.2022 | R1/175/22 | 15,000 | പൗരാവകാശ രേഖ പ്രിന്റ് ചെയ്യൽ പദ്ധതിക്കായി അടവാക്കിയ ഇ.എം.ഡി മില്ലേനിയം ഓഫ്സെറ്റ് പ്രിന്റേഴ്സിന് തിരിച്ചു നൽകിയത്. |
| 4 | 2200851/17.11.2022 | R1/175/22 | 15,000 | പൗരാവകാശ രേഖ പ്രിന്റ് ചെയ്യൽ പദ്ധതിക്കായി അടവാക്കിയ ഇ.എം.ഡി ബിന്ദിയ പ്രിന്റേഴ്സിന് തിരിച്ചു നൽകിയത്. |

പണം അടവാക്കിയ രശീതിയുടെ അടിസ്ഥാനത്തിലാണ് റീഫണ്ട് ചെയ്യുന്നതെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ടിന്റെ പുരോഗതി / നിലവിലെ അവസ്ഥ നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. റീഫണ്ട് നൽകുവാനുള്ളവരുടെ വിവരം, ഡെപ്പോസിറ്റ് റീഫണ്ടിനത്തിൽ എത്ര തുക നൽകുവാനുണ്ട്, ഡെപ്പോസിറ്റ് തുകയിൽ നിന്നും നഗരസഭയിലേക്ക് കണ്ടുകെട്ടിയ തുക, എത്ര പേർക്ക് റീഫണ്ട് അനുവദിച്ചു തുടങ്ങിയ വിവരങ്ങൾ പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും സംവിധാനമില്ല. ഡെപ്പോസിറ്റ് തുകകൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്ന സാഹചര്യം നഗരസഭയിൽ ഉണ്ടായിരിക്കെ ഡെപ്പോസിറ്റ്/ റീഫണ്ട് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം അനിവാര്യമാണ്. ആയതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/24.01.2024) മറുപടി ലഭ്യമാക്കിയില്ല.

## 1-69 സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല

1) താഴെ പറയുന്ന വൗച്ചർ പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യു, വിവരം ലഭ്യമാക്കിയിട്ടില്ല.

| ഇനം | ഫയൽ നം. | ഇൻവോയ്സ് നമ്പർ | വൗച്ചർ നം. | തുക (₹) |
|---|---|---|---|---|
| രജിസ്റ്ററുകളും ഫോറങ്ങളും സപ്ലൈ ചെയ്ത വകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | H1/ R2/5872/18 | TVM/177/22-23/16.06.2022 | 2200379/06.07.22 | 15,447 |
| | | TVM/134/22-23/03.06.2022 (₹54,254)<br>TVM/290/21-22/02.09.2021 (₹37,509)<br>TVM/175/21-22/22.07.2021 (₹1,775)<br>TVM/582/21-22/05.06.2022 (₹86,516) | 2200541/26.08.22 | 1,80,036 |
| | | TVM/258/22-23/22.07.2022 (₹29,866) | 2200651/24.09.22 | 29,866 |
| | | TVM/367/22-23/16.10.2022 (₹47,840) | 2200736/21.10.22 | 47,840 |
| | | TVM/429/22-23/20.10.2022 (₹25,392) | 2200861/ 17.11.22 | 25,392 |
| | | TVM/581/22-23/21.12.2022 (₹1,28,182) | 2201062/19.01.23 | 1,28,182 |
| ത്രിവേണി സൂപ്പർ മാർക്കറ്റ് | H1/10632/22 | 270/9/2761/17.03.2022 (₹12,000)<br>270/9/6242/21.01.2023 (₹21,850)<br>270/9/4837/01.11.2022 (₹8,959) | 2201285/21.03.2023 | 42,809 |
| | | | **ആകെ** | **4,69,572** |

സ്റ്റോക്ക് രജിസ്റ്റർ, ബന്ധപ്പെട്ട ഇൻവോയ്സുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 53/24.01.2024) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് ഇഷ്യൂ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,69,572/- രൂപ തടസ്സം ചെയ്യുന്നു.

## 1-70 പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് (Rt) No.288/14/I&PRD Dated 10.09.2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ നഗരസഭ പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ ഇപ്രകാരം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പത്രം | വൗച്ചർ നം, തിയ്യതി | ഫയൽ നമ്പർ | ബിൽ തുക (₹) |
|---|---|---|---|---|
| 1 | മാതൃഭൂമി | 22200380/06.07.2022 | H1/3124/19 | 9,408 |
| 2 | സുപ്രഭാതം | 22200382/06.07.2022 | H1/6010/18 | 9,660 |
| 3 | സുപ്രഭാതം | 22200505/12.08.2022 | H1/6010/18 | 2,940 |
| 4 | മാതൃഭൂമി | 22200860/17.11.2022 | H1/3124/19 | 13,356 |
| 5 | New Indian Express | 22200872/06.07.2022 | A2/15370/21 | 33,768 |
| 6 | ചന്ദ്രിക | 22200921/09.12.2022 | A2/15370/21 | 29,998 |
| 7 | ചന്ദ്രിക | 22201059/19.11.2022 | A2/15370/21 | 4,284 |
| 8 | സുപ്രഭാതം | 22201173/20.03.2023 | H1/6010/18 | 2,940 |
| 9 | സുപ്രഭാതം | 22201439/29.03.2023 | H1/6010/18 | 2,100 |
| | | **ആകെ** | | **1,08,454** |

ഡിസ്കൗണ്ട് കൂടാതെ ബിൽ തുക പൂർണമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 54/24.01.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ ബില്ലുകളിൽ നിന്നും അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-71 ഫെസ്റ്റിവൽ അഡ്വാൻസ് - ക്രമീകരിച്ചിട്ടില്ല.

2022 വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസ് താഴെ പറയുന്ന വൗച്ചർ പ്രകാരം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 22200606/ 03.09.2022 | 2,65,000 | 15 റെഗുലർ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക |

| | | | |
|---|---|---|---|
| 2 | 22200607/ 03.09.2022 | 3,60,000 | 18 കണ്ടിജന്റ് ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക |
| 3 | 22200608/ 03.09.2022 | 15,000 | 3 താത്ക്കാലിക /ദിവസവേതന ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക |

1. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റെഗുലർ ജീവനക്കാർക്ക് മുൻകൂർ നൽകിയ തുകയിൽ താഴെ പറയും പ്രകാരം തുക തിരിച്ചടവാക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ, തസ്തിക | കൈപ്പറ്റിയ മുൻകൂർ (₹) | നാളിതു വരെ തിരിച്ചടവാക്കിയ തുക (₹) | തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| 1 | രഞ്ജിത്ത്. ടി. പി, സീനിയർ ക്ലർക്ക് | 20,000 | 7,000 | 13,000 |
| 2 | വി. എം. ഉണ്ണി, സീനിയർ ക്ലർക്ക് | 20,000 | 0 | 20,000 |
| 3 | പ്രദീഷ്. എൻ, ഓഫീസ് അറ്റൻഡന്റ് | 20,000 | 8,000 | 12,000 |

ഓണം മുൻകൂർ ഇനത്തിൽ വിതരണം മുഴുവൻ തുകയും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ദിവസ വേതനക്കാർക്ക് താഴെ പറയും പ്രകാരമാണ് മുൻകൂർ തുക നൽകിയിട്ടുള്ളത്

| ക്രമ നമ്പർ | ജീവനക്കാരൻ, തസ്തിക | കൈപ്പറ്റിയ മുൻകൂർ (₹) | നാളിതു വരെ തിരിച്ചടവാക്കിയ തുക (₹) | തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| 1 | ശ്രീ. ഷമീർ. പി. | 6,000 | 4,500 | 1,500 |
| 2 | ശ്രീമതി. നമിത. ടി. പി. | 6,000 | 6,000 | 0 |
| 3 | ശ്രീ. മുഹമ്മദ് അഞ്ജീഷ് | 3,000 | 3,000 | 0 |

ദിവസവേതന ജീവനക്കാർക്ക് മുൻകൂർ തുക അനുവദിക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനും ഈടാക്കാനവശേഷിക്കുന്ന തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 55/24.01.2024) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ അവശേഷിക്കുന്ന മേൽ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ദിവസവേതന ജീവനക്കാർക്ക് മുൻകൂർ നൽകിയ തുക, സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ അംഗീകരിക്കുന്നില്ല. ടി ഇനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതും മേലിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-72 മുനിസിപ്പൽ സെക്രട്ടറിക്ക വീട്ടു വാടക നൽകി, HRA ക്രമീകരിച്ചില്ല

ധന (ചട്ടങ്ങൾ) വകുപ്പിന്റെ 12.02.04 ലെ സർക്കുലർ നം. 12/04, ധന വകുപ്പിന്റെ 26.02.92 ലെ (പി) 218/92 ഉത്തരവ് എന്നിവ പ്രകാരം സർക്കാർ വക ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ്, ടൂറിസ്റ്റ് ബംഗ്ലാവ് തുടങ്ങിയവയിൽ സൗജന്യ നിരക്കിൽ ഒരു മാസത്തിൽ 15 ദിനത്തിൽ കൂടുതൽ ഉപയോഗിച്ചാൽ പ്രസ്തുത ഉദ്യോഗസ്ഥന് വീട്ടുവാടക ബത്തയ്ക്ക് അർഹനല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി ശ്രീ. സാനന്ദ സിംഗ്. ബി- യ്ക്ക് നഗരസഭ പ്രതിമാസം 9,000 രൂപ നിരക്കിൽ ക്വാർട്ടേഴ്സ് റെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും വീട്ടു വാടക ബത്ത ഇനത്തിൽ ശമ്പളത്തോടൊപ്പം അനുവദിച്ച തുക കുറവ് ചെയ്യ്തായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | മാസം | അനുവദിച്ച റൂം വാടക (₹) | അനുവദിച്ച വീട്ടു വാടക ബത്ത (₹) (സ്പാർക്കിൽ നിന്നുള്ള സാലറി ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|---|
| 1 | 22200226/31.05.2022 | ഏപ്രിൽ 2022 | 9,000 | 4,308 |
| 2 | 22200362/01.07.2022 | ജൂൺ 2022 | 9,000 | 4,308 |
| 3 | 22200450/01.08.2022 | ജൂലൈ 2022 | 9,000 | 4,308 |
| 4 | 22200582/01.09.2022 | ആഗസ്റ്റ് 2022 | 9,000 | 4,308 |
| 5 | 22200675/01.10.2022 | സപ്തംബർ 2022 | 9,000 | 4,308 |
| 6 | 22200775/01.11.2022 | ഒക്ടോബർ 2022 | 9,000 | 4,308 |
| 7 | 22200965/16.12.2022 | നവംബർ 2022 | 9,000 | 4,308 |

HRA ഇനത്തിൽ കൈപ്പറ്റിയ തുക തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നഗരസഭാ സെക്രട്ടറിമാർക്ക് വീട്ടു വാടക ബത്ത കുറവുചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ച നൽകുന്നതിന്

ആധാരമായ സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/24.01.2024) മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ ഈ ഇനത്തിൽ അർഹമായതിലും കൂടുതലായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-73 വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ വിവരത്തിൽ കൃത്യതയില്ലാതെ.

2022-23 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിലേക്ക് പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക (₹) |
|---|---|---|
| 1 | 22200042/13.04.2022 | 2,55,690 |
| 2 | 22200190/20.05.2022 | 2,55,690 |
| 3 | 22200289/16.06.2022 | 2,55,690 |
| 4 | 22200409/13.07.2022 | 2,55,690 |
| 5 | 22200520/24.08.2022 | 2,55,690 |
| 6 | 22200670/27.09.2022 | 2,55,690 |
| 7 | 22200744/21.10.2022 | 2,55,690 |
| 8 | 22201169/20.02.2023 | 6,42,431 |
| 9 | 22201266/17.03.2023 | 6,42,431 |
| | **ആകെ** | **30,74,692** |

മേൽ കണക്കുകൾ പ്രകാരം 2022 നവംബർ, ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ വെള്ളക്കരം അടവാക്കിയതായി കാണുന്നില്ല. ഒക്ടോബർ 2022ന് വെള്ളക്കരം കുടിശ്ശിക 28,28,634/- രൂപ ആയിരുന്നത് 01.02.2023 ൽ 36,38,663/- രൂപ ആയിട്ടുണ്ട്. ഭീമമായ കുടിശ്ശിക വരാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 353 ടാപ്പുകൾക്കാണ് (ജനുവരി 2023 വരെ @₹8,692/വർഷം, ഫെബ്രുവരി 2023 മുതൽ @₹21,838/വർഷം) പ്രതിമാസം വെള്ളക്കരം അടവാക്കുന്നത്. എന്നാൽ ഇത്രയും പൊതു ടാപ്പുകൾ നഗരസഭാ പരിധിയിൽ നിലവിൽ ഉപയോഗയോഗ്യമായിട്ടുണ്ടോ എന്നത് സംയുക്ത പരിശോധന വഴി ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 57/24.01.2024) മറുപടി ലഭ്യമാക്കിയില്ല. സംയുക്ത പരിശോധന വഴി പൊതു ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തി പ്രവർത്തനക്ഷമമായ പൈപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുന്നു എന്ന ഉറപ്പു വരുത്തേണ്ടതാണ്.

## 1-74 സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ തുക അധികം നൽകി.

നഗരസഭയിലെ ഏതാനും സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷണർ മരണപ്പെട്ടതിനെ തുടർന്ന് സമയബന്ധിതമായി പെൻഷൻ സസ്പെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ തുക അധികം നൽകിയതായി കണ്ടു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേരു വിവരം | മരണപ്പെട്ട തിയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | സിദ്ധിഖ് ചീരാമൻ<br>പെൻഷണർ ഐ.ഡി - 112750200291<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 13.05.2022 | ടിയാന് 06/22 ലും പെൻഷൻ തുക ₹1600 അനുവദിച്ചിട്ടുണ്ട്. |
| 2 | കുഞ്ഞിമോൻ ചേക്കിന്റെ പുരക്കൽ<br>പെൻഷണർ ഐ.ഡി - 109660201556<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 09.01.2022 | ടിയാന് 06/23 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനുവദിച്ച തുക<br>02/22 മുതൽ 06/23 വരെ @ 1,600x17 = 27,200 രൂപ |
| 3 | മുഹമ്മദ് കെ<br>പെൻഷണർ ഐ.ഡി - 112750200534 | 15.01.2022 | ടിയാന് 02/22 ലും പെൻഷൻ തുക ₹600 അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ടിയാന്റെ |

| | | | |
|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | | Kerala Traders Welfare Board പെൻഷൻ നിലവിലും ആക്ടീവ് ആണ്. |

അധികമായി അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 66/25.01.2024) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ അധികം നൽകിയ മുഴുവൻ തുകയും തിരിച്ചടവാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്. ഈടാക്കിയ വിവരം ഉൾപ്പെടെയുള്ള വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. നഗരസഭാ പരിധിയിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്ന മൊത്തം ഗുണഭോക്താക്കളുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-75 അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകളിലെ താഴെ കൊടുത്ത ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ ഫയൽ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെലവ് വിവരം | തുക (₹) | കാഷ്ബുക്ക് വൗച്ചർ നം, തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 25-ാം ഡിവിഷനിലെ അംഗൻവാടി നമ്പർ 43ൽ കുഴൽ കിണർ നിർമ്മാണത്തിന് ചെലവു വന്ന തുക ശ്രീ. മുഹമ്മദ് സാലിഹ് എന്നവർക്ക് നൽകിയ തുക. | 15,271 | 22200090/ 05.05.2022 | ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഫയൽ നം. PW1/2928/20) |
| 2 | ഡിവിഷൻ 4 ലെ കൊടപ്പാളി പാടത്ത് 2 പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് KWA യിൽ ഡെപ്പോസിറ്റ് ചെയ്ത തുക | 9,600 | 22200111/ 06.05.2022 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് (ഫയൽ നം. A2-4556/22) |
| 3 | ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ, കേരളക്ക് നഗരസഭ വിഹിതം അനുവദിക്കൽ | 1,70,000 | 22200185/ 20.05.2022 | കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യപത്രം (ഫയൽ നം.A2/G1/513/18 |
| 4 | കണ്ടിജന്റ് ജീവനക്കാരുടെ യൂണിഫോം വിതരണം ചെയ്തതിന് ഷീബ്യു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയത് | 1,06,600 | 22200424/ 20.07.2022 | ക്വട്ടേഷൻ ഇല്ല, വിതരണ വിവരം ഇല്ല (ഫയൽ നം. H1/G1/4035/21) |
| 5 | KSIE (PKDBC) യിൽ നിന്നും കോവിഡിനെതിരെയുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയത് (ഇൻവോയ്സ് നമ്പർ PKDBC/ 010/21-22 Dated 20.05.2021) | 1,99,018 | 22200598/ 02.09.2022 | കൈപ്പറ്റ് രസീത് ഇല്ല സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല (ഫയൽ നം.H1/6512/21) |
| 6 | PMAY ഗുണഭോക്താക്കൾക്കായി നൽകിയ തുക ട്രഷറിയുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും തിരികെ നൽകിയത് വീണ്ടും ഗുണഭോക്താക്കൾക്ക് നൽകുന്നതായി പിൻ വലിച്ചത് | 1,00,000 | 22200061/ 21.04.2022 | തുക ഗുണഭോക്താക്കൾക്ക് ലഭ്യമായതിന് കൈപ്പറ്റ് രശീതി (ഫയൽ നം.H1-3667/22) |
| 7 | ഗുണഭോക്താക്കൾ തിരിച്ചടവാക്കിയ തുക സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകുന്നതിനായി ചെലവ് | 5,42,900 | 22200657/ 24.09.2022 | ഏതെല്ലാം ഗുണഭോക്താക്കൾ, ഏതെല്ലാം പെൻഷൻ, ഏതെല്ലാം കാലയളവിലേത് തിരിച്ചടവാക്കിയെന്നതിന്റെ വിവരം (ഫയൽ നം. H1/G4/6569/21) |
| 8 | CH Mohammed Koya Chair For Studies On Developing Society ക്ക് വിഹിതം നൽകിയ തുക | 50,000 | 22200696/ 03.10.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല (ഫയൽ-H1-13030/22) |

| | | | | |
|---|---|---|---|---|
| 9 | ലീഗൽ സർവ്വീസസിന് വേണ്ടി Advocate ജംഷിദ് ഹാഫിസിന് നൽകിയത് WP(c)6551/17 WP(c)2920/15 WP(c)8157/14 | 45,000 | 22200760/ 29.10.2022 | കൈപ്പറ്റ് രശീതി ഇല്ല. Suit Register ൽ രേഖപ്പെടുത്തലുകൾ ഇല്ല (ഫയൽ-G1/R4/R3/522/22) |
| 10 | കേരളോത്സവം ശ്രീ. അനു. പി. ബി യ്ക്ക് മുൻകൂർ അനുവദിച്ചത് | 1,00,000 | 22200880/ 01.12.2022 | മുൻകൂർ ക്രമീകരണ വിവരം ഇല്ല (ഫയൽ-R1/19177/22) |
| 11 | ലീഗൽ സർവ്വീസസിന് വേണ്ടി Advocate ജംഷിദ് ഹാഫിസിന് നൽകിയ തുക WP(c)5953/15 WP(c)5238/22 | 30,000 | 22201072 / 20.01.2023 | കൈപ്പറ്റ് രശീതി ഇല്ല. Suit Register ൽ രേഖപ്പെടുത്തലുകൾ ഇല്ല (ഫയൽ-G1/R4/R3/522/22A) |
| 12 | പഞ്ചായത്ത് രാജ് മാസിക 2020-21 വരെയുള്ള വർഷങ്ങളിലെ കുടിശ്ശിക ₹33,120, 2021-22, 2022-23 വർഷങ്ങളിലെ തുക @₹5,520 | 44,160 | 22201277/ 21.03.2023 | കുടിശ്ശിക ഏതെല്ലാം വർഷങ്ങളിലെ ആണെന്നതിന്റെ വിവരം, മുൻപ് കൊടുത്തിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല (ഫയൽ-A2/3834/23) |
| | **ആകെ** | **14,12,549** | | |

അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും രേഖകൾ ഹാജരാക്കാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥന്റ നഷ്ടോത്തരവാദിത്തമായി കണക്കാക്കുന്നതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (72/25.01.2024) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 14,12,549/- രൂപ തടസ്സം ചെയ്യുന്നു

## 1-76 ക്വട്ടേഷൻ കൂടാതെ പർച്ചേയ്സ് ചെയ്തു.

പ്രൊജക്റ്റ്: 247/23, ഭിന്നശേഷി കലാ കായികോത്സവം

അടങ്കൽ: ₹75,000/- (പൊതുവിഭാഗം സാധാരണ വിഹിതം)

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ്: ബിൽ നമ്പർ: 270/16.03.2023, തുക ₹65,000/-

ബിൽ നമ്പർ: 346/28.03.2023 തുക ₹8,000/-

ബിൽ നമ്പർ: 397/29.03.2023 തുക ₹2,000/-

ആകെ = 75,000/-

മേൽ പദ്ധതിയിലേക്ക് ബിൽ നമ്പർ 444/07.03.2023 പ്രകാരം ഭക്ഷണം വിതരണം ചെയ്യുതിലേക്കായി വൈറ്റ് റോസ് കാറ്ററിംഗ് സർവ്വീസ് എന്ന സ്ഥാപനത്തിന് 46,925/- രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരം 5,000 രൂപക്ക് മുകളിലുള്ളതും 50,000 രൂപയ്ക്ക് താഴെ മതിപ്പ് വില വരുന്നതുമായ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം ക്വട്ടേഷൻ നടപടി പ്രകാരമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/22.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേലിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-77 GeM ൽ നിന്ന് ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്തില്ല

പ്രൊജക്റ്റ്: 280/23 – അങ്കണവാടികൾക്ക് ഉപകരണങ്ങൾ

അടങ്കൽ: ₹1,24,800/- (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവ്വഹണോദ്യോഗസ്ഥൻ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ്: ബിൽ നമ്പർ: 263/14.03.2023 തുക ₹1,24,800/-

മേൽ പദ്ധതി പ്രകാരം അങ്കണവാടികളിലേക്ക് 63 മിക്സികൾ പർച്ചേയ്സ് ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. തുടർന്ന് മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. എന്നാൽ കുറഞ്ഞ നിരക്കിൽ (മിക്സി ഒന്നിന് 1,817/- രൂപ) ക്വാട്ട് ചെയ്ത പി.ആർ ഇലക്ട്രോ മെക്ക് പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് പർച്ചേയ്സ് ചെയ്യാതെ ക്രസന്റ് മെറ്റൽ ഇൻഡസ്ട്രി എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ 8/06.03.2023 പ്രകാരം മിക്സി ഒന്നിന് 1,950/- രൂപ നിരക്കിൽ ആകെ

1,24,800/- രൂപ ചെലവഴിച്ച് 64 മിക്സികൾ പർച്ചേയ്സ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. പി.ആർ ഇലക്ട്രോ മെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പർച്ചേയ്സ് കമ്മറ്റിക്ക് മുമ്പാകെ മിക്സി ഹാജരാക്കാത്തതിനാൽ 15.02.2023 ലെ പർച്ചേയ്സ് കമ്മിറ്റി തീരുമാനപ്രകാരവും 27.02.2023 തീയ്യതിയിലെ 1(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരവും കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത ക്രസന്റ് മെറ്റൽ ഇൻഡസ്ട്രി എന്ന സ്ഥാപനത്തിൽ നിന്ന് മിക്സി പർച്ചേയ്സ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പി.ആർ ഇലക്ട്രോ മെക്ക് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച നിരക്കിൽ (@1,817) മിക്സി രണ്ടാമത് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുന്നതിന് സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ല (Negotiation).

2. പി.ആർ ഇലക്ട്രോ മെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എം.ഡി നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമല്ല.

3. ടെണ്ടർ നോട്ടീസ് പ്രകാരം 63 മിക്സികൾക്കാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ഇൻവോയ്സ് പ്രകാരം 64 മിക്സികൾ പർച്ചേയ്സ് ചെയ്തിട്ടുണ്ട്. (ആയത് വിതരണ രജിസ്റ്റർ പ്രകാരം അങ്കണവാടികളിലേക്ക് വിതരണം ചെയ്തിട്ടുമുണ്ട്.)

4. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും "ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ്" (GeM) പോർട്ടൽ മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/22.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപകാതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫോം വർക്ക് (സെൻട്രിംഗ് & ഷട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു - കരാറുകാരന് അധികം നൽകിയത് 49,852/- രൂപ

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ ചേർത്തിരിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് MORD-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻട്രിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 24.01.2024-ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തികളുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻട്രിംഗ് & ഷട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ എക്സ്പാൻഷൻ ജോയിന്റിന് വേണ്ടിയും സൈഡ് ഷട്ടറിംഗിന് വേണ്ടിയും ഫോം വർക്ക് ചെയ്തിട്ടില്ലെന്ന് വ്യക്തമായി. ആയതിനാൽ പ്രവൃത്തികൾക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിനു ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. അപാകത മൂലം 49,852/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1). കോവിലകം മാവുകണ്ടം റോഡ് കോൺക്രീറ്റ്**

| | |
|---|---|
| പ്രോജക്റ്റ് | S0176/23 |
| അടങ്കൽ/ചെലവ് | ₹2,68,000/₹2,65,397 - CFC |
| ടി എസ് | 52062/22.09.22 (Cost Index 36.44% DsoR 2018) |
| Est. No | 52062/2022 |
| കരാർ | 24/AE/17.11.22 (E Tender) |

| | | |
|---|---|---|
| എം ബുക്ക് | E Mbook | |
| വൗച്ചർ | XY2047670/21.02.23 | |
| കരാറുകാരൻ | ഫൈസൽ. പി. കെ. | |
| അധിക ചെലവിന്റെ വിവരം | | |
| **നൽകിയ തുക** | **നൽകാവുന്ന തുക** | **അധികം** |
